Duryodhana here repents over his previous vicious acts. At the outset of the meeting also he says Aśvatthāma that the plight is the result of his greed- फलमपरितोषस्य ।( *(Urubhangam of Mahakavi Bhasa,* p. 66). The hatred in the character has transformed to repentance. The playwright explicitly announces this through Balabhadra, another character- वैरंपश्चात्तापः संवृत्तः । (p. 59)

**Valour and Chivalry**

The playwright implies the horror of the battle in the explanatory scene (*Viṣkambhaka). T*hrough a conversation among three soldiers, regarding the mace- fight between Bhīma and Duryodhana, Bhāsa reveals the qualities like chivalry and valour of Duryodhana. Here he is portrayed as a

fearless warrior.
शीर्षोत्कम्पनवल्गमानमुकुटः क्रोधाग्निकिाक्षाननः
स्थानाक्रामणवामनीकृततनुः प्रत्यग्रहस्तोच्छ्रयः ।
यस्यैषा रपिुशोणतिार्द्रकनकलिा भात्यग्रहस्ते गदा
कैलासस्य गरिरिविाग्ररचतिा सोल्का महेन्द्राशनिः ॥(verse.17)

The conversation refers to his superiority in training, his greatness and valour, nature of following knightly conduct and keeping up of norms. At one moment, he struck Bhīma hard and knocked him down. All were speechless. But the warrior with a smile, asked him not to be afraid since brave warriors do not kill suffering people. Explaining the moment, the soldier refers to Duryodhana as the abode of heroism, pride, humility, and adventures. The verse runs thus:
वीर्यालयो ववििधिरत्नवचिति्रमौलर्ियुक्तोभमिानवनियद्युतसिाहसैशच ।
वाक्यं वदत्युपहसन्न तु भीम दीनं वीरो नहिन्ति समरेषु भयं त्यजेत ॥(verse.22)

When Bhīma violating the disciplines of battle, treacherously breaks his thighs with his mace, the valorous warrior falls and the soldiers remark- "alas! Our king is fell down." (हा धकि्! पततिो महाराजः ।)

The explanatory scene itself evokes a sort of sympathy towards Duryodhana.

## Mental Agony and Helplessness

Arrival of Dhrtarāstra, father of the fallen monarch, along with Gāndhārī, two daughters-in- law and his only surviving grand child to the battlefield in search of his dying son is a dramatic and imaginative one incorporated in the play. This instance highlights the merciful condition of the protagonist. The tender feelings of love and affection of Duryodhana towards his father, mother, wives, and child become vivid here. The mental agony and helplessness of Duryodhana evokes pity in the minds of audience or readers.

Dhrtarāstra and Gāndhārī wanders through the battlefield searching Duryodhana. At that time Duryodhana, whose thighs are broken, remains speechless. His mental dilemma becomes worst when he sees his royal queens. He says:

पूर्वं न जानामि गदाभघिातरुजामदिानीन्तु समर्थयामि ।
यन्मे प्रकाशीकृतमूर्धजानि रिणं प्रवष्टिान्यवरोधनानि ॥ (verse. 38)

(I have not felt the pain of the blow of the mace till now. But now I feel it since my ladies of the harem have come to the battlefield with unveiled tresses.)The physical pain is nothing for him. But the mental agony is painful. He somehow responds to his parents. When he tries to salute

them, he is confronted with his own inability and pathetic condition. He is made to say – "alas! This is my second blow." He further says-

हृतं मे भीमसेनेन गदापातकचरहे।
सममूरुद्वयेनाथ गुरोः पादाभविन्दनम् ॥( verse.41)

(Bhimasena with his blow of mace has not only broken my thighs but also deprived me of doing homage to my parents.) His meeting with his son Durjaya is also heart- touching. Seeing Durjaya, he suppresses fatherly emotions and asks why he came there. His answer "you have delayed to return" makes him more worried. When Durjaya tries to sit on his lap, he cries out with pain and pushes him away. Here the audience gets the pathetic state of a father who is unable to fulfil even the deserved basic rights and wishes of his son. With deep despair he curses the cruel fate. He asks his son to search for another lap. When the innocent child insists that he will follow his father he asks him roughly- "go son! Tell this to Bhīma. His bitterness and resentment towards Bhīma become clear here. This indicates that the playwright does not want to make his hero superhuman or to transcend the epochal antagonist to a superhuman one. His mission is to highlight his mental sublimity. Let all the normal human passions be in him. The projection of his mental agony and human passions adds to his mental sublimity.

**Self-esteem and Confidence**

Duryodhana is confident in his invincibleness even when lying on the ground with broken thighs. He says to his preceptor Balabhadra "I have been unconquered, I have conquered. When Balabhadra assures that he was deceived by Bhīma in the battle, it induces energy in him. He says- "हन्त भो ! दत्तमूल्या इव प्राणाः" । (My bearing of life becomes valuable now, I feel.) In between their conversation, his ability of objective reasoning becomes clear. He opines that he was not deceived by Bhīma but by Krsna himself.

येनेन्द्रस्य स पारजितकतरुरमानेन तुल्यं हृतः
दव्यिं वर्षसहस्रमर्णवजले सुप्तश्च यो लीलया ।
तीव्रां भीमगदां प्रवश्यि सहसा नर्व्यािजयुद्धप्रयिः
तेनाहं जगतः प्रयिेण हरणिा मृत्योः प्रतग्रिाहतिः ॥( verse.35)

( Who has snatched the Parijata, the heaven-tree along with the pride of Indra, who has been in yogic sleep for thousands of years, that Hari dear to the whole world and who himself loves battles earnestly, has entered the mace of Bhīma and has given me away to death.)

When he sees Dhrtarāstra, Gāndhārī and his queens he fails to control his emotions completely. Yet he manages the situation and retrieves his

mental balance. He never wants to see the grief of his beloveds. He knows his responsibilities and projects his confidence. He wants Dhrtarāstra to give up grief. He ensures that his proud son has never bent before anyone other than his father's feet and he now undergoes a heroic death. He has succeeded in keeping the honour and nobility that he has born with. He consoles his wife that her husband has not turned away from the battle field. Hence, she being a Ksatriya woman should not worry. – "भर्ता ते न पराङ्मुखी युधि हितः, किं क्षत्रिये रोदिषि" । (verse.51). He is confident that he has fulfilled all his duties and responsibilities as a monarch. His self confidence is reflected in these words also. -

वेदोक्तैर्विविधैर्मखैरभिमतैरिष्टं धृताः बान्धवः
शत्रूणामुपरि स्थितं प्रियशतं न व्यंसिताः संश्रिताः ।
युद्धेऽष्टादशवाहिनीनृपतयः संतापिताः निग्रहे
मानं मानिनि वीक्ष्य मे नहि रुदन्त्येवंविधानां स्त्रियः ॥

(In accordance with the injunctions of Veada-s I have done sacrifices and propitiated Gods and have taken care of relatives. Always I have stood over my enemies and never given up the brothers who relied on me. I have made difficulties to brave kings who opposed me in the battlefield. The women of such brave and glorious ones will not weep.) Duryodhan shows much confidence in his own nobility and valour.

Gāndhārī, knowing the mental state of her son asks him whether he was fatigued. Duryodhana's answer was I am indeed your son. – "भवत्याः खल्वहं पुत्रः"। Then she says proudly- "अहमभीतपुत्रप्रसविनी" । (I am the mother of fearless sons). These words of his mother induce confidence in him and he feels that he has been given new life. He says- "अद्योत्पन्नमिवात्मानमवगच्छामि" । (I feel as if I am born anew today.) This sentence implies the idea of the playwright regarding the protagonist. He portrays a new Duryodhana with acquired mental sublimity.

Duryodhana recognises the great personality of his mother and wishes on behalf of his virtues in this birth, that she should be his mother in the birth there after. -

नमस्कृत्य वदामि त्वां टदि पुण्यं मया कृतम् ।
अन्यस्यामेव जात्यां मे त्वमेव जननी भव ॥(verse.50)

The meeting of Duryodhana with Gāndhārī fills new spirit in him and it makes his moral triumph eternal.

At the end of the play Aśvatthāma arrives. Duryodhana, as mentioned, tries to prevent him from taking revenge. Yet he being a brahmin, makes Durjaya the owner of the crown. At that moment, Duryodhana is at the eve of complete detachment from the world. He loses his consciousness. And

the words come from him run thus- “हन्त! कृतं मे हृदयानुज्ञातम्। परित्यजन्तीव मे प्राणाः। इमेऽत्रभवन्तः शन्तनुप्रभृतयो मे पितृपितामहाः।एतत्कर्णमग्रतः कृत्वा समुत्थितं भ्रातृशतम्.....”। (Alas! My wish has been fulfilled. I feel losing my life. Here are my ancestors like Śantanu. Here are my hundred brothers with Karṇa standing at the front.......). These are the words of dying Duryodhana. Here the first sentence makes the suspicion that whether the comment has been done regarding Durjaya’s crowning. His firm advices towards Aśvatthāma points that the sentence does not imply his satisfaction regarding the crowning. Instead, he expresses his satisfaction in reaching near his brothers and ancestors.

## Conclusion

Bhāsa has written four plays depicting Duryodhana as a character. They are *Dūtavākyam*, *Dūtaghatotkacam*, *Pancarātram* and *Ūrubhangam*. In these plays a gradual progress of the character Duryodhana can be felt. It is culminated in Duryodhana of *Ūrubhangam.* It seems that Bhāsa wants to elevate the character of Duryodhana from the epic level. At the same time the dramatist does not want to make it in an unnatural way. The change in the character is gradual, step by step and drama by drama. Bhāsa has a definite aim to project Duryodhana as a real man susceptible to possible sublimity. He attains it successfully in *Ūrubhangam.* Here the nobility and self-respect of Duryodhana is portrayed in a natural way. In the epic he is portrayed as a flat one. In *Ūrubhangam* he is pictured as a round character.

**ഡോ. സോജൻ പുല്ലാട്ട്**
അസി. പ്രൊഫസർ, മലയാളവിഭാഗം
സെന്റ് തോമസ് കോളേജ്, പാലാ
sojanpullattu@gmail.com



# മലയാളത്തിലെ ജനപ്രിയ സാഹിത്യം: സ്വരൂപവും വികാസവും

**സംഗ്രഹം**

മലയാളത്തിലെ ഗദ്യശാഖയുടെ രൂപീകരണവും ജനപ്രിയസാഹിത്യരൂപങ്ങളിലുള്ള അതിന്റെ വികാസവും സാധ്യമായത് വൈദേശികാധിപത്യങ്ങളുടെ കാലത്താണ്. തുടർന്ന് അന്യഭാഷാപദങ്ങളുടെയും സാഹിത്യധാരകളുടെയും കലർപ്പിൽനിന്ന് പുതിയ ഗദ്യമലയാളം രൂപപ്പെട്ടു. പിന്നീട് പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യപകുതികളിൽ പ്രത്യേകലക്ഷ്യങ്ങളോടെ വളർത്തപ്പെട്ട മിഷണറി മലയാളഗദ്യം, അച്ചടിയുടെ വികാസത്തോടെയും ആനുകാലികങ്ങളുടെയും പത്രമാസികകളുടെയും വളർച്ചയിലൂടെയും തർജ്ജമാകൃതികളിലൂടെയും ഇതരഗദ്യശാഖകളുടെ ആവിർഭാവത്തിലൂടെയും പുതിയ ജനപ്രിയസാഹിത്യമാധ്യമരൂപമായി മാറി. വരേണ്യവർഗ്ഗത്തിലെ സാക്ഷരരായ ന്യൂനപക്ഷത്തിന്റെ ആസ്വാദനതൃഷ്ണകളെ ശമിപ്പിച്ച ആദ്യകാലഗദ്യം 1950 കളിൽ എത്തുമ്പോൾ പൈങ്കിളി സാഹിത്യമെന്ന് വിശേഷിപ്പിക്കപ്പെട്ട ജനപ്രിയ സാഹിത്യത്തിലൂടെ സാധാരണക്കാരുടെ സംവേദനത്തിന്റെ ഭാഷയായി മാറി.

**താക്കോൽ വാക്കുകൾ (Key Words)**

ജനപ്രിയം, ജനപ്രിയസാഹിത്യം, ജനപ്രിയമൂലകം, സംസ്കാരവ്യവസായം

**ആമുഖം**

മലയാളത്തിലെ ജനപ്രിയസാഹിത്യത്തിന്റെ ഉത്ഭവത്തിനും വികാസത്തിനും കാര

ണമായ ഗദ്യശാഖ കഥാസാഹിത്യമാണ്; അതിൽത്തന്നെ നോവൽ സാഹിത്യമാണ്. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യനോവലായ ഇന്ദുലേഖയുടെ രചനാലക്ഷ്യം തന്നെ വായിച്ചു രസിക്കുവാൻ പാകത്തിലുള്ള ഒന്ന് എന്നതായിരുന്നു. സാമൂഹിക നോവൽ, ചരിത്രനോവൽ, അപസർപ്പക നോവൽ, ഡിറ്റക്ടീവ് നോവൽ, രാഷ്ട്രീയ നോവൽ, സാമുദായികനോവൽ, പ്രണയനോവൽ മന്ത്രവാദനോവൽ എന്നിങ്ങനെ വ്യത്യസ്ത രീതകളിലൂടെയാണ് പിന്നീട് നോവൽ സാഹിത്യം അതിന്റെ ജനപ്രിയമായ അഭിരുചികളെ നിർമ്മിച്ചെടുത്തുത്. ഭാഷയുടെയും പ്രമേയത്തിന്റെയും ആഖ്യാന ത്തിന്റെയും തലങ്ങളിൽ സ്വീകരിച്ച ജനപ്രിയ മൂലകങ്ങളിലൂടെയാണ് (popular elements) അവ വൈവിധ്യത്തിന്റെ രസക്കൂട്ടുകളെ നിർമ്മിച്ചത്. പക്ഷേ, വിനിമയ ത്തിലൂടെ വളർന്ന മലയാളിയും മലയാളവും കൂടുതൽ സ്വതന്ത്രമായതും വിപണി വത്ക്കരിക്കപ്പെട്ടതും 1950 കളുടെ ഒടുവിൽ കരുത്താർജ്ജിച്ച ജനപ്രിയനോവലു കളിലൂടെയായിരുന്നു. പൈങ്കിളിനോവലുകളെന്ന് ആക്ഷേപിക്കപ്പെട്ട ഇവയാണ് വിപണിയും പുസ്തകപ്രസാധനവുമായി നോവലിനെ ബന്ധിപ്പിച്ചത്. അതുകൊണ്ടുത ന്നെ ഇവയുടെ ഉത്ഭവ-വികാസങ്ങൾക്കിടയാക്കിയ ഭൗതിക-ഭൗതികേതര സാഹച ര്യങ്ങൾ വിലയിരുത്തേണ്ടതുണ്ട്.

### 1. ജനപ്രിയം (Popular)

ഇംഗ്ലീഷിലെ പോപ്പുലർ എന്ന പദത്തിന്റെ വിവർത്തനമായി ജനപ്രിയം, ജനകീയം, ജനപക്ഷം, ജനപദം എന്നീ പദങ്ങളാണ് മലയാളത്തിൽ ഉപയോഗിച്ച് വരുന്നത്. സൗന്ദര്യശാസ്ത്രപരവും സാമൂഹികശാസ്ത്രപരവുമായ വ്യത്യസ്തമാനങ്ങൾ ഈ പദങ്ങ ൾക്ക് പിന്നിലുണ്ട്. "അനേകമാളുകൾക്ക് ഒരുപാട് ഇഷ്ടം തോന്നുന്നവയെയാണ്" റെയ്മണ്ട് വില്യംസ് ജനപ്രിയമെന്ന് വിളിക്കുന്നത് . സാധാരണക്കാരായ ജനങ്ങളു ടെ ആവശ്യങ്ങളെയും ഇഷ്ടാനിഷ്ടങ്ങളെയും തൃപ്തിപ്പെടുത്തുന്ന കലാസാഹിത്യസാം സ്കാരിക രൂപങ്ങളെയാണ് ജനപ്രിയം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇത് ഉല്പാദകരുടെയും വിപണിയുടെയും താല്പര്യങ്ങൾക്കനുസൃതമായി സൃഷ്ടിക്കപ്പെടു ന്നതാണ്. അതിനാൽ ജനപ്രിയത്തിൽ കലയുടെയും കച്ചവടത്തിന്റെയും ഘടകങ്ങ ൾ ഉൾപ്പെടുന്നുണ്ട്. നിർമ്മാണത്തിലെയും ആസ്വാദനത്തിലെയും അനായാസത, രൂപത്തിലെയും ഉള്ളടക്കത്തിലെയും ലാളിത്യം, നാടിന്റെയും ഭാഷയുടെയും (മാധ്യ മത്തിന്റെയും) അകൃത്രിമമായ ആഖ്യാനം, ഇതര കലാരൂപങ്ങളുമായും പ്രാദേശിക സംസ്കൃതിയുമായുള്ള ബന്ധം എന്നിവയൊക്കെ ജനപ്രിയതയെ നിർമ്മിക്കുന്ന ഘടകങ്ങളാണ്.

### 2. ജനപ്രിയസാഹിത്യം (Popular Literature)

ജനപ്രിയമൂലകങ്ങളുടെ സാന്നിധ്യമുള്ളതും വലിയൊരു വിഭാഗം ജനങ്ങളുടെ അഭി രുചികളെയും ഇഷ്ടാനിഷ്ടങ്ങളെയും തൃപ്തിപ്പെടുത്തുന്നതുമായ സാഹിത്യമാണ് ജനപ്രിയസാഹിത്യം. ഇത് അവരുടെ കഴിവുകളെ രസപ്രദവും വിജ്ഞാനപ്രദവു മാക്കി മാറ്റുന്നു. ജനപ്രിയസാഹിത്യത്തിൽ കലയും വിനോദവും മാത്രമല്ല, കച്ചവട (വിപണി) താല്പര്യങ്ങളും പ്രവർത്തിക്കുന്നുണ്ട്. കാരണം മുതലാളിത്തത്തിന്റെയും സംസ്കാരവ്യവസായത്തിന്റെയും നിർമ്മിതിയാണ് ജനപ്രിയസാഹിത്യം . എന്നാൽ സംസ്കാരവ്യവസായത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുമ്പോഴും സാഹിത്യ സംബന്ധിയായ ഗുണങ്ങൾ നിലനിർത്തുകയും ചെയ്യുന്നു. ഇത്തരം ഘടകങ്ങളാണ് അതിന്റെ ജനപ്രിയതയ്ക്കും സംവേദനക്ഷമതയ്ക്കും അടിസ്ഥാനം. ദേശീയതകളുടെയും ഉപദേശീയതകളുടെയും ആദർശങ്ങളുടെയും അഭിലാഷങ്ങളുടെയും കാമനകളുടെ യും രൂപത്തിലാണ് ഇത്തരം ഘടകങ്ങളുടെ നിലനില്പ്.

### 3. മലയാളത്തിലെ ജനപ്രിയസാഹിത്യം (Popular Literature in Malayalam)

മലയാളത്തിലെ ജനപ്രിയസാഹിത്യരൂപമായി നോവൽസാഹിത്യത്തെ കണക്കാക്കാമെങ്കിലും പൈങ്കിളിനോവലുകളെന്ന് വിശേഷിപ്പിക്കപ്പെട്ട ജനപ്രിയനോവലുകളാണ് ഈ വിശേഷണത്തിന് അർഹമായിട്ടുള്ളത്.

റിയലിസത്തിന് ശേഷവും ആധുനികതയ്ക്ക് സമാന്തരവുമായാണു് ജനപ്രിയസംസ്കാരവും സാഹിത്യവും ആനുകാലികങ്ങളും മലയാളത്തിൽ പ്രചരിച്ചത്. ഇടനാട്ടിലെയും തീരപ്രദേശങ്ങളിലെയും തൊഴിലാളി-ബഹുജനസംസ്കാരമാണ് സോഷ്യലിസ്റ്റ് റിയലിസത്തിനും ആധുനികതയ്ക്കും ആവിഷ്കാരഭൂമിയായത്. ജനപ്രിയസാഹിത്യം ഇതിനോടൊപ്പം മലനാടിന്റെ കഥകളെയും ചിത്രീകരിച്ചു. മലയോരജനവിഭാഗങ്ങളുടെയും ഇടനാടൻ ക്രൈസ്തവ കാർഷിക സമൂഹത്തിന്റെയും പ്രതീക്ഷകളും സ്വപ്നങ്ങളും സ്വപ്നഭംഗങ്ങളും സംസ്കാരവും സവിശേഷമായ ഭാഷയിലൂടെ ആവിഷ്കരിക്കപ്പെട്ടു.

#### 3.1.ഉത്ഭവം: ഭൗതികസാഹചര്യങ്ങൾ

അച്ചടിയുടെ വ്യാപനം, സാക്ഷരതാവളർച്ച, പുസ്തകപ്രസാധകരുടെ കടന്നുവരവ്, ഗ്രാമീണവായനശാലകളുടെയും ലൈബ്രറികളുടെയും എണ്ണത്തിലുണ്ടായ വർദ്ധനവ്, ആനുകാലികങ്ങളുടെയും ദിനപ്പത്രങ്ങളുടെയും പ്രചാരം, മലനാട്ടിലേയ്ക്കും മലബാറിലേയ്ക്കുമുള്ള ക്രൈസ്തവകർഷകരുടെ കുടിയേറ്റം, മധ്യകേരളത്തിലെ ക്രൈസ്തവ -കാർഷികജീവിതത്തിലുണ്ടായ പുരോഗതിയും മധ്യവർഗ്ഗത്തിന്റെ രൂപപ്പെടലും, ഭൂപരിഷ്കരണങ്ങളെത്തുടർന്ന് ഉദയംകൊണ്ട പുതിയ ഭൂവുടകളും കീഴാളവർഗ്ഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ, സ്കൂളുകളുടെയും കോളേജുകളുടെയും വ്യാപനത്തെത്തുടർന്നുണ്ടായ അഭ്യസ്തവിദ്യരായ വായനാസമൂഹം, തൊഴിൽരഹിതരായ മദ്ധ്യവർഗ്ഗത്തിലെ ചെറുപ്പക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവു്, കേരളസംസ്ഥാനരൂപീകരണവും ആദ്യ കമ്യൂണിസ്റ്റ് മന്ത്രിസഭയുടെ പ്രവർത്തനങ്ങളും കേരളത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിലുണ്ടായ ഭിന്നാഭിപ്രായങ്ങൾ, കുടിയേറ്റ കർഷകർക്കുണ്ടായ ആഭ്യന്തര-ബാഹ്യസംഘർഷങ്ങൾ, ഭൂപരിഷ്കരണവും കുടിയായ്മ നിയമങ്ങളും വിവിധ വർഗ്ഗങ്ങൾക്കിടയിലുണ്ടാക്കിയ അഭിപ്രായങ്ങൾ, വിമോചന സമരത്തെത്തുടർന്ന് കേരളീയ സമൂഹത്തിലുണ്ടായ വലതുപക്ഷചിന്താഗതികളുടെ വളർച്ച, സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസപ്രവർത്തനങ്ങളും നയങ്ങളും, സോഷ്യലിസ്റ്റ് ജനപ്രിയകലാസാഹിത്യപ്രവർത്തനങ്ങൾ മധ്യവർഗ്ഗത്തിലും കീഴാളവർഗ്ഗത്തിലുമുണ്ടാക്കിയ പുതിയ അഭിരുചികൾ, മധ്യവർഗ്ഗങ്ങൾക്കിടയിൽ ജീവിതത്തോട് ഉണ്ടായ വിരക്തിയും നിരാശയും നിഷേധാത്മകതയും, സോഷ്യലിസ്റ്റ് റിയലിസത്തിന്റെ അവ്യക്തമായ സമത്വദർശനങ്ങൾ, വായനാസംസ്കാരത്തിലേയ്ക്കുള്ള സ്ത്രീകളുടെ രംഗപ്രവേശം, വായനാശാലാപ്രസ്ഥാനം, ഗ്രന്ഥശാലാപ്രസ്ഥാനം, സാഹിത്യപ്രവർത്തകസഹകരണസംഘം എന്നിവയുടെ പ്രവർത്തനങ്ങൾ, ദിനപ്പത്രങ്ങളുടെ ഞായറാഴ്ച പ്രത്യേക പതിപ്പുകൾ എന്നിവ 1950-കളിൽ ജനപ്രിയനോവൽസാഹിത്യത്തിന്റെ വളർച്ചയെ നിർണ്ണയിച്ച സാമൂഹികസാഹചര്യങ്ങളായിരുന്നു. മറ്റൊരർത്ഥത്തിൽ മലയാളിയുടെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ സാഹചര്യങ്ങളിൽ വന്ന മാറ്റമാണ് ജനപ്രിയനോവലുകളുടെ സാഹിത്യ-ബാഹ്യമായ ഘടകങ്ങളെ രൂപപ്പെടുത്തിയത്. ചങ്ങമ്പുഴക്കവിതയിലൂടെയും സോഷ്യലിസ്റ്റ് റിയലിസത്തിന്റെ യഥാതഥമായ ജീവിതാവിഷ്കാരത്തിലൂടെയും രൂപപ്പെട്ടുവന്ന വിഷാദാത്മകത്വത്തിൽനിന്ന്, ബഹുജനങ്ങളെ, ആനന്ദാനുഭവങ്ങളിലേയ്ക്ക് നയിക്കുവാൻ ഈ സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തുകയാണ് ജനപ്രിയ നോവലിസ്റ്റുകൾ ചെയ്തത്.

### 3.2. അച്ചടിയും പുസ്തകപ്രസാധനവും

യന്ത്രവത്ക്കരണത്തിന്റെ ആദിരൂപമാണ് അച്ചടി. ആധുനികകാലത്തെയും ലോകത്തെയും സൃഷ്ടിച്ചുവെന്നതാണ് അച്ചടി നൽകിയ ഏറ്റവും വലിയ സംഭാവന. അച്ചടി മാനസികമായി മനുഷ്യന്റെ ദൃശ്യാനുഭവത്തിന് പുതിയൊരു കാഴ്ചപ്പാട് നൽകിയപ്പോൾ സാമൂഹികമായി ദേശീയതയ്ക്കും വ്യവസായ യുഗത്തിനും വിപണിയ്ക്കും സാക്ഷരതയ്ക്കും വിദ്യാഭ്യാസത്തിനും ഉണർവേകി. പുസ്തകമാണ് മനുഷ്യചരിത്രത്തിലെ ആദ്യത്തെ പഠനയന്ത്രവും വാണിജ്യോത്പന്നവും അച്ചടി മാധ്യമങ്ങളെ കേന്ദ്രീകരിച്ച് രൂപപ്പെട്ട സാംസ്കാരികാനുഭവങ്ങളുടെയും രാഷ്ട്രീയ മാറ്റങ്ങളുടെയും സൃഷ്ടിയാണ് കേരളത്തിന്റെ ആധുനികീകരണം. വ്യക്തി, സമൂഹം, ദേശം, രാഷ്ട്രം എന്നീ തലങ്ങളിൽ സംഭവിച്ച നാനാവിധമായ മാറ്റങ്ങൾക്ക് പിന്നിലുള്ള ഏറ്റവും വലിയ സ്വാധീനവും അച്ചടിമുതലാളിത്തമാണ്.

1825-ൽ ബഞ്ചമിൻ ബെയ്‌ലി തുടക്കമിട്ട മലയാളത്തിലെ ആധുനിക അച്ചടിസംസ്കാരം, പത്രമാസികകളിലൂടെ പത്രപ്രവർത്തനത്തിന്റെയും ഇതിരവായനാരൂപങ്ങളുടെയും പ്രചാരം സാദ്ധ്യമാക്കി. പുസ്തകപ്രസാധനം വിപണിവിജയം കൈവരിക്കുന്നതിന്റെ ആദ്യരൂപം ചങ്ങമ്പുഴയുടെ രമണൻ പ്രസിദ്ധീകരിക്കുന്നതോടെയാണ്. 1936-ൽ പുറത്തിറങ്ങിയ രമണന് 1944 എത്തുമ്പോഴേയ്ക്കും പതിനഞ്ച് പതിപ്പുകൾ പുറത്തുവന്നു. "മലയാളത്തിൽ ഇങ്ങനെ ഒരനുഭവമോ"[3] എന്ന് മുണ്ടശ്ശേരി അദ്ഭുതപ്പെടാനിടയായ സാഹചര്യമിതാണ്. എങ്കിലും തുടർന്നുവന്ന കാലഘട്ടങ്ങളിൽ സോഷ്യലിസ്റ്റ്-റിയലിസ്റ്റിക് നോവലുകളുണ്ടാക്കിയ വായനാനുഭങ്ങളാണ്. 1949-ൽ നാഷണൽ ബുക്ക്സ്റ്റാൾ ആരംഭിക്കുന്നതിലേയ്ക്ക് നയിച്ചത്. "1901-10 കാലത്ത് കഥ/നോവൽ എന്നിവയുടെ എണ്ണം നാലിൽ ഒതുങ്ങി. 1911-20-ൽ പന്ത്രണ്ടും 1920-30-ൽ പതിനെട്ടും 1931-40-ൽ ഇരുപത്തിയേഴും കഥകളും നോവലുകളുമായിരുന്നു പ്രസിദ്ധപ്പെടുത്തിയത്. എന്നാൽ 1941-50 കാലത്ത് അൻപത്തിയഞ്ച് നോവലുകളും എൺപത്തിയെട്ട് ചെറുകഥകളും പുറത്തിറങ്ങി."[4] തുടർന്നുള്ള ദശകങ്ങളിൽ നോവലിന്റെ പ്രചാരം അതിവേഗത്തിലായി. മാത്രമല്ല നോവൽ രചന ഒരു തൊഴിലായി സ്വീകരിക്കാമെന്ന നില കൈവരികയും ചെയ്തു. ജനപ്രിയനോവലുകൾക്ക് പ്രചാരമുണ്ടായ 1950 കളിൽ കൈരളീമുദ്രാലയം (കോട്ടയം), സാഹിത്യപ്രവർത്തകസഹകരണസംഘം (കോട്ടയം), ബി, വി. പബ്ലിക്കേഷൻ (തൃശ്ശൂർ), പി. കെ (കോഴിക്കോട്), ദീപിക (കോട്ടയം), മംഗളോദയം (തൃശ്ശൂർ), പ്രഭാതം (കോഴിക്കോട്), മനോരമ, എൻ. ബി.എസ് (കോട്ടയം), വിക്ടറി പബ്ലിക്കേഷൻ (മൂവാറ്റുപുഴ), വീനസ് (കോന്നി), നരസിംഹവിലാസം (തുറവൂർ), എം. എസ് (കൊല്ലം) എന്നിവയായിരുന്നു പ്രധാന പ്രസാധകർ. ഇതിൽ എസ്. പി. സി. എസ് ആയിരുന്നു കൂടുതൽ ജനപ്രിയ നോവലുകൾ ആദ്യകാലത്ത് പ്രസിദ്ധീകരിച്ചത്. എന്നാൽ 1980കൾക്ക് ശേഷം കൊച്ചിയിലെ സി.ഐ .സി.സി എന്ന പ്രസാധകരാണ് ആ നേട്ടം സ്വന്തമാക്കിയത്. 2000 കാലമെത്തുമ്പോൾ ഡി. സി. ബുക്സ് ജനപ്രിയ നോവലുകൾ പുനഃപ്രസിദ്ധീകരിക്കുന്ന കാഴ്ചയും ശ്രദ്ധേയമാണ്. പുസ്തകങ്ങളുടെ വർദ്ധനവ് ഭാവുകത്വവ്യതിയാനങ്ങൾക്കും കാരണമായി. മേലാളവർഗ്ഗത്തിൽപ്പെട്ട സുശിക്ഷിതരായ സഹൃദയന്മാർക്ക് ബദലായി പുതിയൊരു ആസ്വാദകവൃന്ദം ഇതോടൊപ്പം രൂപപ്പെട്ട് വന്നതാണ് പ്രധാന മാറ്റം.

### 3.3. നവസാക്ഷരസമൂഹം

സാക്ഷരതയുടെ ഉത്പന്നമായിരുന്നു പുതിയ വായനാസമൂഹം. "1901-ൽ 14.9 ശതമാനമായിരുന്നു തിരുവിതാംകൂറിലെ സാക്ഷരതാനിലവാരം. 1951 ആയപ്പോൾ 54.6 ശതമാനമായി. 1931-ൽ 21.34 ശതമാനമായിരുന്നു കേരളത്തിലെ പൊതുസാക്ഷരത

ത്വം. എന്നാൽ 1951-ൽ പൊതുസാക്ഷരത്വം 40.47 ശതമാനമായി ഉയർന്നു. 1971-ൽ പൊതുസാക്ഷര 60.42 ശതമാനമായി. അപ്പോൾ പുരുഷസാക്ഷരത 66.52 ശതമാനവും സ്ത്രീസാക്ഷരത 54.32 ശതമാനവുമായി."[6] ഈ വർദ്ധനവിന് പിന്നിൽ തിരുവിതാംകൂർ-കൊച്ചി-മലബാർ രാജാക്കന്മാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളും മിഷണറിമാരുടെ ദീർഘവീക്ഷണത്തോടെയുള്ള കർമ്മപദ്ധതികളുമാണ് പ്രവർത്തിച്ചത്. എന്നാൽ 1950 കൾ തൊട്ട് 1970 കൾ വരെയുള്ള കാലത്ത് പുരുഷസാക്ഷരതയിൽ 17 ശതമാനത്തിന്റെയും സ്ത്രീസാക്ഷരതയിൽ 23 ശതമാനത്തിന്റെയും പൊതുസാക്ഷരതയിൽ 20 ശതമാനത്തിന്റെയും വർദ്ധനവ് ഉണ്ടാകുന്നതിന് പിന്നിൽ ജനപ്രിയനോവലുകൾക്കാണ് നിർണ്ണായക സ്ഥാനം നൽകേണ്ടത്. 1970 കൾ തൊട്ട് ഏതാണ്ട് 1990 കളുടെ മദ്ധ്യപകുതികൾ വരെയും ജനപ്രിയനോവലുകൾ മലയാളിയുടെ വായനാനുഭവത്തെ നിയന്ത്രിക്കുകയും വിപുലപ്പെടുത്തുകയും ചെയ്തു.

### 3.4. ഗ്രാമീണവായനശാലകളും ഗ്രന്ഥശാലാപ്രസ്ഥാനവും

സാക്ഷരതാവർദ്ധനവിനും പ്രസാധകവളർച്ചയ്ക്കുമിടയാക്കിയ പ്രധാനകാരണങ്ങളിലൊന്ന് ഗ്രാമീണ വായനശാലകളും ലൈബ്രറികളുമാണ്. മാസികകളിലൂടെയും ആനുകാലികങ്ങളിലൂടെയും ഖണ്ഡശ്ശഃ പ്രസിദ്ധീകരിച്ച ജനപ്രിയ നോവലുകൾക്ക് പുസ്തകരൂപമുണ്ടായപ്പോൾ ഗ്രാമീണവായനശാലകളും ലൈബ്രറികളും സാംസ്കാരികകേന്ദ്രങ്ങളായി വളർന്നു.

ഭാരതത്തിൽ ദേശീയ നവോത്ഥാനത്തിന്റെ ഭാഗമായിട്ടാണ് ഗ്രന്ഥശാലാപ്രവർത്തനം ഒരു പ്രസ്ഥാനമായി മാറിയത്. കേരളത്തിൽ സ്വാതിതിരുന്നാൾ മാഹാരാജാവിന്റെ കാലത്ത് ബ്രിട്ടീഷ് റസിഡന്റായിരുന്ന ലഫ്. കേണൽ കാഡഹൻ അന്ന് തിരുവനന്തപുരത്തുണ്ടായിരുന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരുടെയും രാജാവിന്റെ ഡർബാറിലേയ്ക്ക് ക്ഷണിക്കപ്പെട്ട വ്യക്തികളുടെയും ഉപയോഗത്തിനായി 1829-ൽ ഒരു ഗ്രന്ഥശാല സ്ഥാപിച്ചു. അതാണ് തിരുവനന്തപുരം പബ്ലിക് ലൈബ്രറിയായി മാറിയത്. 1930-കളിൽ ഒട്ടേറെ ഗ്രന്ഥശാലകൾ തിരുവിതാംകൂറിന്റെ വിവിധപ്രദേശങ്ങളിൽ നിലവിൽ വന്നു. 1946-ന് ശേഷം ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ പ്രവർത്തനഫലമായി ഒട്ടേറെ ഗ്രന്ഥശാലകൾ തിരുവിതാംകൂറിൽ സ്ഥാപിക്കപ്പെട്ടു. കേരള ലൈബ്രറി പ്രസ്ഥാനത്തിന് അടിത്തറയേകിയ കേരളഗ്രന്ഥാലയസംഘം 1943 ലും അഖിലതിരുവിതാംകൂർ ഗ്രന്ഥശാലാസംഘം 1945 ലും ഐക്യതിരുക്കൊച്ചി ഗ്രന്ഥശാലാസംഘം 1949 ലും നിലവിൽ വന്നു. 1947-ൽ അഖിലതിരുവിതാംകൂർ ഗ്രന്ഥശാലാസംഘം കോട്ടയത്ത് വച്ച് നടത്തിയ സമ്മേളനത്തിലെടുത്ത തീരുമാനങ്ങൾ മലയാളത്തിലെ ജനപ്രിയസാഹിത്യത്തിന്റെ വളർച്ചയെ പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിച്ചു. സമ്മേളനനിർദ്ദേശങ്ങൾ നടപ്പിലാക്കിയതോടെ 1947-ൽ 263 ആയിരുന്ന തിരുവിതാംകൂറിലെ ഗ്രന്ഥശാലകൾ 1948-ൽ 401 ആയി വളർന്നു. കേരളസംസ്ഥാനം നിലവിൽ വന്നതോടെ 1958-ൽ കേരളഗ്രന്ഥശാലാസംഘം സ്ഥാപിക്കപ്പെട്ടു. 1963-ൽ 3160 ലൈബ്രറികളും 1971-ൽ 3650 ഉം 1975-ൽ 4280 ഉം 1985-ൽ 4928 ഗ്രന്ഥശാലകളും കേരളഗ്രന്ഥശാലാസംഘത്തിന് കീഴിൽ ഉണ്ടായിരുന്നു. 1963-ൽ നിന്ന് 1985 കളിലേയ്ക്ക് എത്തുമ്പോൾ 1800-ലധികം ഗ്രന്ഥശാലകളുടെ വർദ്ധനവ് ഉണ്ടായതിന് പിന്നിൽ ജനപ്രിയനോവലുകൾ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

### 3.5. ആനുകാലികങ്ങളും ദിനപ്പത്രങ്ങളും

ജനപ്രിയസംസ്കാരത്തിന്റെയും സാഹിത്യത്തിന്റെയും രൂപപ്പെടലിന് പിന്നിൽ പ്രവർത്തിച്ച പ്രധാനഘടകങ്ങളിലൊന്ന് മാസികകളും ദ്വൈവാരികകളും ദിനപ്പത്രങ്ങ

ളും സായാഹ്ന പത്രങ്ങളുമടങ്ങുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങളാണ്. 1950-60 കാലത്ത് ഈ ശാഖയിൽ 180 ലധികം ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഉണ്ടായിരുന്നു. കേരളപത്രിക (എറണാകുളം), ജനത (കോഴിക്കോട്), നവയുഗം (എറണാകുളം), വികാസം (കണ്ണൂർ), ചന്ദ്രിക (കോഴിക്കോട്) തുടങ്ങിയ വാരികകളും സഖി (തിരുവനന്തപുരം), വിശ്വദീപം (കോട്ടയം), വനജ (തിരുവല്ല), മണിമുഴക്കം (വടകര), പ്രതിഭ (കോട്ടയം), ജനത (കോട്ടയം), അശോക (കോട്ടയം), തീപ്പൊരി (തിരുവനന്തപുരം) എന്നീ മാസികകളുമായിരുന്നു അവയിൽ പ്രധാനമായവ. ഏതാണ്ട് മുപ്പതോളം ആനുകാലിക പ്രസിദ്ധീകരണങ്ങൾ കോട്ടയത്തുനിന്നാണ് ഈ കാലയളവിൽ പ്രസിദ്ധീകരിച്ചിരുന്നത്. 1960-കൾ മുതൽ 1990-കൾ വരെയുള്ള മുപ്പത് വർഷക്കാലം ആനുകാലികപ്രസിദ്ധീകരണങ്ങളുടെയും വളർച്ചയുടെ കാലമായിരുന്നു. ദീപിക, മനോരമ, മംഗളം, കുങ്കുമം, മനോരാജ്യം, കേരളശബ്ദം, മാമാങ്കം, മാമ്പഴം, മലയാളനാട്, മയൂരം, മയിൽപ്പീലി, പൈങ്കിളി, ഗൃഹലക്ഷ്മി, ചെമ്പരത്തി എന്നിവയായിരുന്നു ഏറെ ശ്രദ്ധിക്കപ്പെട്ടത്. എൻ. ഗോപിനാഥൻ നായരുടെ പത്രാധിപത്യത്തിൽ 'പൈങ്കിളി' എന്ന പേരിൽ തന്നെ ഒരു മാസിക കൊച്ചിയിൽനിന്ന് 1984 മുതൽ പ്രസിദ്ധീകരിച്ചിരുന്നു.

ആദ്യകാലത്ത് മറ്റ് വിഷയങ്ങളോടൊപ്പം ജനപ്രിയനോവലുകൾക്കും പ്രാധാന്യം നൽകിയ വാരികകൾ 1980-കളിൽ ജനപ്രിയനോവലുകൾക്ക് മുന്തിയ പരിഗണന നൽകി. സമൂഹത്തിലെ വിവിധ വർഗ്ഗങ്ങൾക്ക് പ്രാതിനിധ്യം നൽകി നോവലുകൾ അവതരിപ്പിച്ചതുകൊണ്ട് അവർക്കിടയിൽ വാരികകൾക്ക് നല്ല പ്രചാരമുണ്ടായി. എന്നാൽ ജനപ്രിയനോവലുകളുടെ ആവർത്തിക്കപ്പെട്ട പ്രമേയ-ആഖ്യാനതന്ത്രങ്ങൾ വായനക്കാരിൽ മടുപ്പുണ്ടാക്കാതെയും മാസികകൾ ശ്രദ്ധിച്ചു. ഉള്ളടക്കത്തെ വൈവിധ്യവത്ക്കരിച്ചുകൊണ്ടാണ് ഇത്തരമൊരു പ്രതിസന്ധിയെ അവർ മറികടന്നത്. മാന്ത്രികനോവലുകൾ, പ്രണയനോവലുകൾ, ക്രൈം നോവലുകൾ, ഹാസ്യനോവലുകൾ, ജനപ്രിയനടന്മാരുടെ അനുഭവക്കുറിപ്പുകൾ, കായികതാരങ്ങളുടെ ജീവിതകഥകൾ, കൊലപാതക ഫീച്ചറുകൾ, ലൈംഗികപീഢനത്തിനിരയായവരുടെ ജീവിതചിത്രീകരണങ്ങൾ, ആനവേട്ട പോലുള്ള സാഹസിക കൃത്യങ്ങളുടെ ചിത്രീകരണങ്ങൾ, ഡിറ്റക്ടീവ് നോവലുകൾ, മതകഥകൾ, ആരോഗ്യപംക്തി, പാചകപംക്തി, മനഃശാസ്ത്രപംക്തി, അടുക്കള-പൂന്തോട്ട-ഗൃ പരിചരണക്കുറിപ്പുകൾ, വസ്ത്രങ്ങൾ, ഫാഷൻ വർണ്ണനകൾ, ഫലിതപംക്തി, കാർട്ടൂണുകൾ, ബോബനും മോളിയും പോലുള്ള കാർട്ടൂൺ പംക്തികൾ, ചിത്രകഥകൾ, ബാലപംക്തികൾ എന്നിങ്ങനെ ജനപ്രിയ ആനുകാലികങ്ങളുടെ ഉള്ളടക്കത്തിന് ഒരു കാർണിവൽ സ്വഭാവമുണ്ടായിരുന്നു. നിശിതമായ വിമർശനവും നിർദ്ദോഷമായ ചിരിയും നഗരവത്ക്കരണത്തിലേയ്ക്കോ വ്യവസായ സംസ്കാരത്തിലേയ്ക്കോ നയിക്കുവാൻ പര്യാപ്തമായ മനോഭാവ നിർമ്മിതികളും കാല്പനിക മനസ്സിനെ സംതൃപ്തമാക്കുവാൻ പോന്ന മസാലക്കൂട്ടുകളും, ദമനം ചെയ്യപ്പെടുന്ന മാനസികാനുഭൂതികളുടെ പ്രത്യക്ഷവല്ക്കരണവും ഈ ആനുകാലിക പ്രസിദ്ധീകരണങ്ങൾ സാധ്യമാക്കിയിട്ടുണ്ട്. 1970-കൾ തൊട്ട് ആധുനികതാവാദത്തിന്റെ മറവിൽ, കേരളത്തിൽ അരങ്ങേറിയ, സാംസ്കാരികച്യുതികൾക്കെതിരെയുള്ള, സാമൂഹികവിമർശനം ഉയർന്നതും ഇതേ ജനപ്രിയ വാരികകളിലൂടെയായിരുന്നു. രാഷ്ട്രീയത്തിന്റെ ജീർണ്ണവ്യവസ്ഥകളെ തിരുത്തുവാനുള്ള, നവോത്ഥാനമൂല്യങ്ങളെ പ്രചരിപ്പിക്കുവാനുള്ള, സങ്കീർണ്ണതകളില്ലാത്ത ഉപകരണമായി പ്രവർത്തിക്കപ്പെട്ടതും ഇതേ ആനുകാലികങ്ങൾ തന്നെയായിരുന്നു. അതുകൊണ്ടുതന്നെ ഈ വാരികകൾക്ക് പ്രത്യയശാസ്ത്രപരമായ ചില ധർമ്മങ്ങളും നിർവ്വഹിക്കുവാനായിട്ടുണ്ട്.

### 3.6. വിപണിയും സംസ്കാരവ്യവസായവും

കേരളത്തിൽ 1950 കളിലാണ് നാടകം, റേഡിയോ, ടെലിവിഷൻ, സിനിമ തുടങ്ങിയ ആധുനിക രംഗ-മാധ്യമകലകൾ ജനപ്രിയസംസ്കാരത്തെ വിപണികേന്ദ്രിതമായി രൂപപ്പെടുത്തുന്നത്. അച്ചടിയും പുസ്തകപ്രസാധനവും പത്രമാസികകളും സംസ്കാരവ്യവസായത്തിന്റെ ഭാഗമായി മാറിയ ഇക്കാലത്ത് തന്നെയാണ്. വായനശാലകളും നാടകസമിതികളും സിനിമ തിയറ്ററുകളും റേഡിയോ നിലയങ്ങളും ഉണ്ടാകുന്നത്. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ സാഹിത്യത്തിനും അവ തിരിച്ചും സംഭാവനകളും സ്വാധീനകളും നൽകിത്തുടങ്ങിയതും ഇതേകാലം മുതലാണ്. 1943 മാർച്ച് 12 നാണ് തിരുവിതാംകൂർ റേഡിയോ തിരുവനന്തപുരത്ത് നിന്ന് പ്രക്ഷേപണം ആരംഭിച്ചതു്. 1959 സെപ്തംബർ 15 ന് ഡൽഹിയിൽ നിന്ന് ടെലിവിഷൻ പരിപാടികളും സംപ്രേക്ഷണം ചെയ്ത് തുടങ്ങി. ജനപ്രിയ സാഹിത്യത്തെയും സംസ്കാരത്തെയും സവിശേഷമായി നിർമ്മിച്ചെടുത്ത മലയാളസിനിമയുടെ ചരിത്രം 1928-ലെ വിഗതകുമാരനെന്ന ചലച്ചിത്രത്തിലൂടെ ആരംഭിച്ചു. 1949-ൽ കേരളത്തിലെ ആദ്യഫിലിം സ്റ്റുഡിയോ ആയ ഉദയ ആലപ്പുഴയിൽ പ്രവർത്തനം തുടങ്ങിയതും നിർണ്ണായകമായി. 1952-ൽ പുറത്ത് വന്ന ജീവിതനൗകയോടെ മലയാളസിനിമ വിപണി കേന്ദ്രിതമായി നീങ്ങിത്തുടങ്ങി. 1962-ൽ പി. സുബ്രഹ്മണ്യം തിരുവനന്തപുരത്ത് തുടങ്ങിയ മെരിലാന്റ് സ്റ്റുഡിയോ ചലച്ചിത്രത്തെ ഒരു വ്യവസായമായി പരിവർത്തിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. ഇതോടെ സാഹിത്യകൃതികളും ചരിത്ര-പുരാണകഥകളും നാടകങ്ങളും പ്രമേയമാക്കി അനേകം സിനിമകളുണ്ടായി.

### ഉപസംഹാരം

ചുരുക്കത്തിൽ 1950 കളിൽ റേഡിയോ, സിനിമ-നാടക-നോവൽ ശാഖകളിലൂടെ രൂപപ്പെട്ട വന്ന ജനപ്രിയാഭിരുചികളും അവയെ നിർമ്മിക്കുകയോ, നിയന്ത്രിക്കുകയോ, പരിപോഷിപ്പിക്കുകയോ ചെയ്ത ജനപ്രിയ സംസ്കാരവും വ്യവസായവും ചേർന്ന് മലയാളഭാവനയുടെ ഇടങ്ങളെ ജനാധിപത്യവല്ക്കരിക്കുകയായിരുന്നു. ഇത്തരമൊരു പ്രക്രിയയുടെ സന്തതിയാണ് പൈങ്കിളിസാഹിത്യം എന്ന് വിശേഷിപ്പിക്കപ്പെട്ട മലയാളത്തിലെ ജനപ്രിയസാഹിത്യം. അതിന്റെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെടേണ്ടത് മലയാളനോവൽ സാഹിത്യവും അതിനെ ജനപ്രിയവത്ക്കരിച്ച മുട്ടത്തുവർക്കിയുമാണ്.

### കുറിപ്പുകൾ

Williams, Raymond; keywords, London, Routledge, 2 Park Square, Milton Park, London, 1976, Page 198.

രാധാകൃഷ്ണൻ, പി. എസ്., ഡോ., ജനപ്രിയതയുടെ അതിർവരമ്പുകൾ (ലേഖനം), മാതൃഭൂമി ആഴ്ചപ്പതിപ്പ്, ലക്കം 42, പുസ്തകം 84, ഡിസംബർ 2006, പേജ് 21.

മുണ്ടശ്ശേരി, ജോസഫ്, പ്രൊഫ., മുണ്ടശ്ശേരി കൃതികൾ, കറന്റ് ബുക്സ്, കോട്ടയം, 1981, പേജ് 154.

രാധാകൃഷ്ണൻ, പി. എസ്., ഡോ., ജനപ്രിയസാഹിത്യം കലയും കച്ചവടവും (ലേഖനം). സംസ്കാരപഠനം - ചരിത്രം, സിദ്ധാന്തം, പ്രയോഗം, മലയാളപഠനസംഘം, കാലടി, പേജ് 291.

രാജശേഖരൻ, പി. കെ., കാമുകരും കൊലയാളികളും (ലേഖനം), ജനപ്രിയസാഹിത്യം മലയാളത്തിൽ, ശ്രീകുമാർ എ. ജി (എഡി.), സാഹിത്യപ്രവർത്തകസഹകരണസംഘം, ഡിസംബർ, 2014, പേജ് 102.

മൈക്കിൾ തരകൻ, പി. കെ., മലയാളികളെ സാക്ഷരാക്കിയത് ആരാണ്? (ലേഖനം), മാതൃഭൂമി ആഴ്ചപ്പതിപ്പ്, ലക്കം 1, പുസ്തകം 82, മാർച്ച് 2004, പേജ് 21.

സോമശേഖരക്കുറുപ്പ്, കെ. എ., ഗ്രന്ഥശാല - ചരിത്രം, വർത്തമാനം, മാനേജ്മെന്റ്, പ്രിയത ബുക്സ്, കോഴിക്കോട്, മാർച്ച് 2013, പേജ് 50.

അതിൽത്തന്നെ, പേജ് 15-50.

വിജയൻ, എം. എൻ., (എഡി.), നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം 1901-2000, മൂന്നാം വാല്യം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2002, പേജ് 1004.

ശിവശങ്കരൻ, എ. കെ., റേഡിയോ പ്രഭാഷണകല (ലേഖനം), മാധ്യമങ്ങളും മലയാളസാഹിത്യവും, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, ജൂൺ 2002, പേജ് 86.

**ജോബിൻ എൻ.ബി.**
ഗവേഷകൻ
മലയാള വിഭാഗം
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി

**JOURNAL OF dbct**
VOLUME 10(2)
SEPTEMBER 2023
ISSN: 2348 - 7984

# അന്തർവൈജ്ഞാനികതയും വിവർത്തനപഠനവും : ജ്ഞാനോല്പാദനത്തിന്റെ നവീനമാതൃകകൾ



**പ്രബന്ധസംഗ്രഹം :**

ആധുനികത നിർമ്മിച്ചെടുത്ത നിശ്ചിത ജ്ഞാനശാഖകൾക്കുള്ളിലെ അറിവുല്പാദനത്തിന്റെ പരിമിതികളെ തിരിച്ചറിഞ്ഞുകൊണ്ട് സമഗ്രവും ജനാധിപത്യപരവുമായ അറിവുനിർമ്മാണത്തെ മുന്നോട്ടുവയ്ക്കുന്ന ജ്ഞാനോല്പാദനരീതിയാണ് അന്തർവൈജ്ഞാനികത. വിവിധ ജ്ഞാനശാഖകളുടെ ഉൾക്കാഴ്ചകളുടെയും രീതിശാസ്ത്രങ്ങളുടെയും ഉദ്ഗ്രഥനത്തിലൂടെ നവീനവും അധികാരമുക്തവുമായ അറിവുരൂപീകരണത്തെ അന്തർവൈജ്ഞാനികത ലക്ഷ്യമാക്കുന്നു. വിവർത്തനപഠനങ്ങൾ എന്ന ജ്ഞാനമേഖലയുടെ അന്തർവൈജ്ഞാനികസ്വഭാവത്തെയും സാധ്യതകളെയും വിശദീകരിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ജ്ഞാനശാഖകളുടെയും വിവർത്തനപഠനത്തിന്റെയും അന്തർവൈജ്ഞാനിക സമീപനത്തിന്റെയും രൂപീകരണചരിത്രം പ്രബന്ധം ചർച്ചചെയ്യുന്നു. സംസ്കാരപഠനത്തോടു കണ്ണിചേർന്നു വികസിക്കുന്ന സമകാലിക വിവർത്തനപഠനമേഖലയുടെ ബഹുമുഖവൽക്കരണത്തിലും വൈവിധ്യവൽക്കരണത്തിലും അന്തർവൈജ്ഞാനിക സമീപനത്തിനുള്ള നിർണ്ണായകത്വം പ്രബന്ധം വ്യക്തമാക്കുന്നു.

**താക്കോൽവാക്കുകൾ :** ജ്ഞാനോല്പാദനം, സാംസ്കാരികോന്മുഖത്വം.

## ആമുഖം

ഗവേഷണപഠനരംഗത്തും ജ്ഞാനോല്പാദനത്തെ സംബന്ധിച്ച പൊതുചർച്ചകളി

ലും വലിയ പ്രാധാന്യത്തോടെ ഉപയോഗിക്കപ്പെടുന്ന ഒരു ആശയമാണ് അന്തർവൈജ്ഞാനികത (Interdisciplinarity). വൈജ്ഞാനികവിഷയങ്ങളുടെ (Disciplines) അതിർത്തിരേഖകൾ അത്ര സുദൃഢമല്ലെന്നും, അറിവുല്പാദനത്തിന്റെ കാര്യക്ഷമത വിവിധ വൈജ്ഞാനികമേഖലകളുടെ കലർപ്പിനെ ആശ്രയിക്കുന്നുവെന്നും, ഓരോ അന്വേഷണവിഷയവും സാംസ്കാരികവും സാമൂഹികവും ചരിത്രപരവുമായ സങ്കീർണ്ണബന്ധങ്ങളിലൂടെയാണ് രൂപമെടുക്കുന്നതെന്നുമുള്ള തിരിച്ചറിവുകളാണ് അന്തർവൈജ്ഞാനികതയെ സംബന്ധിച്ച ചർച്ചകൾക്കും ചിന്തകൾക്കും വഴിതുറന്നത്. വിവിധ വൈജ്ഞാനികമേഖലകളുടെ അറിവുകളുടെയും ഉൾക്കാഴ്ചകളുടെയും അന്വേഷണരീതികളുടെയും ഉദ്ഗ്രഥനത്തിലൂടെ ഒരു അന്വേഷണവിഷയത്തെ വിശകലനം ചെയ്യുകയെന്ന ഗവേഷണസമീപനമാണ്, ലളിതമായി പറഞ്ഞാൽ അന്തർവൈജ്ഞാനികത. ഈ സമീപനത്തിലൂടെ കൂടുതൽ സമഗ്രവും ബഹുമുഖവും അധികാരമുക്തവും ജനാധിപത്യപരവുമായ അറിവുല്പാദനം പ്രതീക്ഷിക്കപ്പെടുന്നു. പ്രത്യേകിച്ചും മാനവികവിഷയങ്ങളിലെ അന്വേഷണങ്ങളിൽ അന്തർവൈജ്ഞാനികതയ്ക്ക് ഇന്ന് വർധിച്ച പ്രായോഗികപ്രസക്തിയാണുള്ളത്.

ആഗോളതലത്തിലും മലയാളത്തിലും ഇന്ന് വളരെയധികം പ്രസക്തിയും പ്രാധാന്യവും കൈവന്നിട്ടുള്ള ഒരു പഠനമേഖലയാണ് വിവർത്തനങ്ങൾ. മുൻപ് താരതമ്യസാഹിത്യത്തിന്റെയോ ഔപചാരിക സാഹിത്യപഠനത്തിന്റെയോ ഒരു ഘടകമായി പരിഗണിക്കപ്പെട്ടുപോന്ന വിവർത്തനപഠനം ഇന്ന് വളരെ പ്രാധാന്യമുള്ള ഒരു അന്വേഷണമേഖലയായി മാറിയിട്ടുണ്ട്. സാഹിത്യരൂപമെന്ന നിലയിലും സാംസ്കാരികപ്രക്രിയയെന്ന നിലയിലും വിവർത്തനത്തെയും വിവർത്തനോല്പന്നങ്ങളെയും വിശകലനം ചെയ്യുന്നത് സംസ്കാരത്തെ മനസ്സിലാക്കുന്നതിൽ പ്രധാനമാണ്. ഈ തിരിച്ചറിവ് ലോകമെമ്പാടും വിവർത്തനപഠനങ്ങൾക്ക് പുതിയ മാനങ്ങൾ നൽകി. ഭാഷാപരവും സാഹിത്യപരവുമായ സമമൂല്യതയെ മുൻനിർത്തിയുള്ള പരമ്പരാഗത വിവർത്തനവിശകലനങ്ങളിൽനിന്ന് വിവർത്തനപഠനം ഇന്ന് ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ട്. സമമൂല്യതയേക്കാൾ വിവർത്തനത്തിലെ വ്യത്യാസങ്ങൾക്കാണ് ഇന്ന് കൂടുതൽ ഊന്നൽ നൽകപ്പെടുന്നത്. സാഹിത്യപഠനമെന്ന പ്രത്യേക വൈജ്ഞാനികമേഖലയ്ക്കുള്ളിൽ ഒതുങ്ങിനിൽക്കാത്ത ഒന്നായി വിവർത്തനപഠനം മാറുകയും ചെയ്തിരിക്കുന്നു. സ്ത്രീവാദസിദ്ധാന്തങ്ങൾ, കോളനിയനന്തര സിദ്ധാന്തങ്ങൾ, സംസ്കാരപഠനം, ഭാഷാശാസ്ത്രം മുതലായ വിവിധ വൈജ്ഞാനികമേഖലകളുടെ അറിവുകളും അന്വേഷണരീതികളും ഒരുമിക്കുന്ന ബഹുമുഖത്വമുള്ള ഒരു അന്വേഷണമണ്ഡലമായാണ് ഇന്ന് വിവർത്തനപഠനം നിലനിൽക്കുന്നത്. അതിനാൽ വിവർത്തനപഠനത്തിന്റെ ഇന്നത്തെ സ്വഭാവം അന്തർവൈജ്ഞാനികമാണെന്നു പറയാം. അന്തർവൈജ്ഞാനികതയെ വിശദീകരിക്കുവാനും, വിവർത്തനപഠനത്തിന്റെ അന്തർവൈജ്ഞാനികസ്വഭാവങ്ങളും സാധ്യതകളും വ്യക്തമാക്കുവാനുമാണ് ഇവിടെ ശ്രമിക്കുന്നത്. ജ്ഞാനസംബന്ധിയായ ആശയങ്ങളുടെ ചരിത്രപരതയെ അടിസ്ഥാനമാക്കിയുള്ള സമീപനരീതിയാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത്.

**ജ്ഞാനശാഖകളുടെ രൂപീകരണം**

അന്തർവൈജ്ഞാനികത എന്ന ആശയവും അന്വേഷണരീതിയും വിശദീകരിക്കുന്നതിനു മുന്നോടിയായി വൈജ്ഞാനികമേഖലകളെക്കുറിച്ച് അഥവാ ജ്ഞാനശാഖകളെക്കുറിച്ച് (Disciplines) ചർച്ചചെയ്യേണ്ടതുണ്ട്. അറിവ് അഥവാ ജ്ഞാനം എന്ന സമഗ്രാശയത്തെ അന്വേഷിക്കുവാനും ഉൾക്കൊള്ളുവാനും തരംതിരിക്കുവാനുമുള്ള മനുഷ്യന്റെ ശ്രമത്തിന് സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ട്. അറിവിന്റെ കൈകാര്യക്രമങ്ങളുടെ ഈ ദീർഘചരിത്രത്തിന്റെ ഭാഗമായാണ് വൈജ്ഞാനികമേഖലകൾ

കണ്ടെടുക്കപ്പെട്ടതും വികസിതമായതും. പാശ്ചാത്യവും പൌരസ്ത്യവും മറ്റുമായ വിഭിന്നസംസ്കൃതികളുടെ വ്യതിരിക്തതകൾ ഈ സമഗ്രചരിത്രത്തെ ബഹുമുഖവൽക്കരിക്കുന്നു. വൈജ്ഞാനികമേഖലകളുടെ വികാസത്തിന് ഭാരതീയപശ്ചാത്തലത്തിൽ തനതായ ചരിത്രധാരയുണ്ടെന്നു കാണാം. വ്യാകരണം, കാവ്യകല, നാട്യകല, രാഷ്ട്രതന്ത്രം, വൈദ്യം, ഗണിതം, ദർശനം എന്നിങ്ങനെ വിവിധ ജ്ഞാനമേഖലകളായി തിരിച്ചുകൊണ്ടുള്ള വിപുലമായ അറിവുല്പാദനസംരംഭങ്ങൾ പ്രാചീനകാലംമുതൽക്കേ ഭാരതത്തിൽ ഉണ്ടായിട്ടുണ്ട്. ജ്ഞാനശാഖകളുടെ വികാസത്തിന്റെ ഭാരതീയചരിത്രമെന്ന സംജ്ഞതന്നെ ബഹുമുഖവും വൈവിധ്യപൂർണ്ണവുമായാണ് മനസ്സിലാക്കേണ്ടത്. എങ്കിലും അന്തർവൈജ്ഞാനികതയെന്ന ആശയം പാശ്ചാത്യ ജ്ഞാനവ്യവസ്ഥയ്ക്കുള്ളിലാണ് മുഖ്യമായും രൂപപ്പെടുന്നതെന്നതിനാൽ, അറിവുല്പാദനത്തിന്റെ പാശ്ചാത്യചരിത്രവുമായി ചേർത്തുവച്ചുകൊണ്ടാണ് ഇതു സംബന്ധിച്ച ചർച്ചകൾ ഇവിടെ പ്രധാനമായും നടത്തുന്നത്.

പ്രാചീനദശകളിൽ മിത്തുകളിലൂടെയും ഭാവനാത്മക ആഖ്യാനങ്ങളിലൂടെയുമാണ് അറിവിനെയും ലോകജ്ഞാനത്തെയും സമീപിക്കുവാനും ഉൾക്കൊള്ളുവാനും ആവിഷ്കരിക്കുവാനും മനുഷ്യർ ശ്രമിച്ചുപോന്നത്. അറിവുല്പാദനത്തിന്റെ പാശ്ചാത്യചരിത്രത്തെ മുൻനിർത്തി നോക്കിയാൽ മിത്തുകളുടെ ഈ പ്രഭാവഘട്ടത്തിനു ശേഷം നൈസർഗ്ഗിക തത്വചിന്തയുടെ അഥവാ നാച്വറൽ ഫിലോസഫിയുടെ ഗ്രീക്ക് ഘട്ടം കടന്നുവരുന്നുവെന്നു കാണാം. തെയ്‌ൽസ്, അനക്സഗോറസ്, അനക്സിമാൻഡർ, എംപിഡോക്ലിസ്, പാർമനൈഡ്സ്, ഡെമോക്രീറ്റസ് തുടങ്ങിയ പ്രകൃതിചിന്തകരുടെ ഈ കാലയളവ് പാശ്ചാത്യ വൈജ്ഞാനികചരിത്രത്തിലെ ഒരു പുതിയ യുഗത്തെ കുറിക്കുന്നുവെന്നു പറയാം. കൂടുതൽ അന്വേഷണാത്മകവും വിശകലനപരവും യുക്ത്യധിഷ്ഠിതവുമായ അറിവന്വേഷണ-അറിവുല്പാദന സമ്പ്രദായങ്ങൾ ബി.സി. ആറാം നൂറ്റാണ്ടു മുതൽ ഗ്രീസിലും ഗ്രീക്ക് കോളനികളിലും രൂപംകൊണ്ടു. പ്രകൃതിചിന്തയ്ക്കു പുറമേ ശരീരശാസ്ത്രം, വൈദ്യം, ഭൂമിശാസ്ത്രം, ഗണിതം, ചരിത്രം എന്നീ ജ്ഞാനമേഖലകളിലെ പ്രാരംഭ അന്വേഷണങ്ങളും ഈ ഗ്രീക്ക് തത്വവിചാരഘട്ടത്തിന്റെ ഭാഗമായി രൂപമെടുക്കുകയുണ്ടായി. സോഫിസ്റ്റ് ചിന്തകരുടെയും സോക്രട്ടീസിന്റെയും പ്ലേറ്റോയുടെയും കാലഘട്ടത്തിൽ രാഷ്ട്രീയം, സമൂഹം, ധാർമ്മികത എന്നീ വിഷയങ്ങളെ സംബന്ധിച്ച അന്വേഷണങ്ങൾക്കും ജ്ഞാനപരമായ പ്രാധാന്യവും ഗൗരവവും കൈവന്നുതുടങ്ങി. അറിവ് എന്ന സമഷ്ടിസങ്കല്പം വിവിധ മണ്ഡലങ്ങളും സാധ്യതകളുമായി പിരിയാൻ തുടങ്ങുന്നതിന്റെയും, അവ ജ്ഞാനമേഖലകളെന്ന നിലയിൽ പ്രത്യേകമായ ചില സ്വഭാവങ്ങൾ ആർജ്ജിക്കാൻ തുടങ്ങുന്നതിന്റെയും ആദ്യസൂചനകൾ ഗ്രീക്ക് തത്വചിന്താചരിത്രത്തിൽ കണ്ടെത്താനാകും. ഈ ആദ്യസൂചനകളിൽനിന്നുള്ള മുന്നേറ്റവും പരിണാമവും കൂടുതൽ മൂർത്തവും സ്പഷ്ടവുമായി മാറുന്നത് അരിസ്റ്റോട്ടിലിന്റെ കാലത്താണ് (ബി.സി.നാലാം നൂറ്റാണ്ട്). രംഗകല, പ്രകൃതിതത്വചിന്ത, സസ്യശാസ്ത്രം, ജീവശാസ്ത്രം, സാമൂഹികചിന്ത എന്നിങ്ങനെ വിവിധ കൈവഴികളിലൂടെ വ്യാപിക്കുന്ന അറിവന്വേഷണമാണ് അദ്ദേഹം നടത്തിയത്. അറിവിനെ സവിശേഷ സ്വഭാവങ്ങളും സാധ്യതകളുമുള്ള വിവിധ ശാഖകളായി കൃത്യമായി തരംതിരിക്കുവാനുള്ള ശ്രമം അരിസ്റ്റോട്ടിൽ നടത്തി.

ജ്ഞാനസമുച്ചയത്തെ അരിസ്റ്റോട്ടിൽ സൈദ്ധാന്തികം, പ്രായോഗികം, നിർമ്മാണപരം എന്നിങ്ങനെ മൂന്നു ശാഖകളായി വിഭജിച്ചു. ദൈവശാസ്ത്രം, ഗണിതം, ഭൗതികശാസ്ത്രം എന്നിവ അദ്ദേഹം സൈദ്ധാന്തികവിഷയങ്ങളായി കണക്കാക്കി. ധർമ്മശാസ്ത്രം, രാഷ്ട്രതന്ത്രം എന്നിവയായിരുന്നു പ്രായോഗികവിഷയങ്ങൾ. നിർമ്മാണകൗശലവും ലളിതകലകളും കാവ്യരചനയും നിർമ്മാണപരമായ വിഷയമേഖലയിൽ ഉൾപ്പെ

JOURNAL OF dbct
VOLUME 10(2)
SEPTEMBER 2023
ISSN: 2348 - 7984

ട്ടു. അറിവിനെ വിവിധ ശാഖകളായി വിഭജിക്കുക മാത്രമല്ല അരിസ്റ്റോട്ടിൽ ചെയ്തത്. ഈ ജ്ഞാനശാഖകളെ പ്രാധാന്യത്തെ അടിസ്ഥാനമാക്കി ഒരു ശ്രേണീക്രമത്തിൽ സ്ഥാനപ്പെടുത്തുകയും ചെയ്തു (Moran, 2002 : 4). അരിസ്റ്റോട്ടിലിനെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ടതും ജ്ഞാനശ്രേണിയിൽ ഏറ്റവും മുകളിൽ നിൽക്കുന്നതുമായ വിഷയങ്ങൾ സൈദ്ധാന്തികവിഭാഗത്തിൽ ഉൾപ്പെടുന്നവയായിരുന്നു. നിത്യജീവിതത്തിന്റെ സാധാരണത്വങ്ങളോടു കൂടുതൽ ചേർന്നുനിൽക്കുന്ന വിഷയങ്ങളെക്കാൾ സൈദ്ധാന്തികവും ചിന്താപരവുമായ വിഷയങ്ങളായിരുന്നു തത്വചിന്തകനായ അരിസ്റ്റോട്ടിലിനു പ്രധാനം. അദ്ദേഹത്തിന്റെ ജ്ഞാനസങ്കല്പത്തിൽ പ്രായോഗികവും നിർമ്മാണപരവുമായ വിഷയങ്ങൾ സൈദ്ധാന്തികവിഷയങ്ങൾക്കു കീഴിലായി സ്ഥാനപ്പെട്ടു. അറിവ് ഒരു അധികാരക്രമത്തിന്റെ ഭാഗമായി മാറുന്നതും ചില വിഷയങ്ങൾ മറ്റുള്ളവയെക്കാൾ പ്രാധാന്യം നേടുന്നതും ഇവിടെ ദർശിക്കാനാകുന്നു. ഇതേ സ്വഭാവങ്ങൾ പിൽക്കാലത്ത് കൂടുതൽ സ്പഷ്ടമായി നിർവ്വചിക്കപ്പെട്ട വിഷയങ്ങൾ ആവിർഭവിച്ചപ്പോഴും നിലനിർത്തപ്പെട്ടു (Moran, 2002 : 4). അറിവിന്മേലുള്ള അധികാരസ്പർശവും ജ്ഞാനശാഖകൾ തമ്മിൽ കല്പിക്കപ്പെട്ട ഉച്ചനീചബന്ധവും ആധുനിക ജ്ഞാനശാഖകളുടെ നിർവ്വചന-രൂപീകരണ ഘട്ടത്തിലും നിർണ്ണായകമായി.

പ്രാചീന ഗ്രീക്ക് ചിന്താലോകത്തിനും ആശയസമുച്ചയത്തിനും യൂറോപ്യൻ മധ്യകാലയുഗത്തിൽ അപചയം നേരിട്ടുവെങ്കിലും, യൂറോപ്യൻ നവോത്ഥാനഘട്ടത്തിൽ അരിസ്റ്റോട്ടിലിന്റെയും മറ്റു ഗ്രീക്ക് ചിന്തകരുടെയും ആശയങ്ങൾക്ക് വീണ്ടെടുപ്പു ലഭിക്കുകയുണ്ടായി. ജ്ഞാനത്തെയും ജ്ഞാനശാഖകളെയും സംബന്ധിച്ച കാഴ്ചപ്പാടുകളിലും ഈ വീണ്ടെടുപ്പ് സ്വാധീനം ചെലുത്തി. ഗണിതം, വാനശാസ്ത്രം, ഭൗതികശാസ്ത്രം, രാസവിദ്യ തുടങ്ങിയ ജ്ഞാനമേഖലകളെ കേന്ദ്രമാക്കി പുതിയ കണ്ടെത്തലുകളും ജ്ഞാനരൂപീകരണവും സംഭവിച്ചുതുടങ്ങുന്ന ഘട്ടംകൂടിയാണ് ഇത്. ഈ ഘട്ടംമുതൽ ജ്ഞാനശാഖകൾ വിഷയപരമായ വ്യതിരിക്തതയും ആധികാരികതയും കൈവരിച്ചുതുടങ്ങിയെന്നു പറയാം. തത്വചിന്ത ഈ കാലഘട്ടത്തിൽ അറിവന്വേഷണത്തിന്റെ കേന്ദ്രമാർഗ്ഗമെന്ന നിലവിട്ട് ഒരു ജ്ഞാനശാഖയെന്ന നിലയിൽ വ്യതിരിക്തത കൈവരിക്കാൻ തുടങ്ങുകയും ചെയ്തു. ശാസ്ത്രാന്വേഷണവും തത്വചിന്താപരമായ അന്വേഷണവും രണ്ടു വ്യത്യസ്ത മാർഗ്ഗങ്ങളും മേഖലകളുമായി കണക്കാക്കപ്പെടാൻ തുടങ്ങി. എന്നാൽ ഈ മേഖലകൾ അന്യോന്യം സ്വാധീനിക്കുകയും നിർണ്ണയിക്കുകയും ചെയ്തുവെന്നതും ശ്രദ്ധേയമാണ്. കോപ്പർനിക്കസ്, കെപ്ലർ, ഗലീലിയോ, ന്യൂട്ടൺ മുതലായ ശാസ്ത്രകാരന്മാരുടെ കണ്ടെത്തലുകൾ അനുഭവപരതയിലും യുക്തിപരതയിലും ഊന്നുന്ന വിവിധ തത്വചിന്താപദ്ധതികളെയും സ്വാധീനിക്കുകയുണ്ടായി. സമാനരീതിയിൽ, തത്വചിന്തയുടെ മേഖലയിലെ പ്രവണതകൾ ശാസ്ത്രാന്വേഷണങ്ങളുടെ ആശയാടിത്തറകളെയും സ്വാധീനിച്ചു.

ആധുനികമായ അർത്ഥത്തിലും രൂപത്തിലുമുള്ള, വ്യതിരിക്തസ്വഭാവങ്ങളോടും പ്രത്യേക അന്വേഷണവിഷയങ്ങളോടും തനതു രീതിശാസ്ത്രങ്ങളോടുംകൂടിയ ജ്ഞാനശാഖകൾ രൂപമെടുത്തത് വ്യവസായവൽക്കരണത്തോടും മുതലാളിത്തലോകക്രമത്തോടും ബന്ധപ്പെട്ടാണെന്നു പറയാം. ഈ രൂപീകരണപ്രക്രിയ രണ്ടു ഘടകങ്ങളെ ആശ്രയിച്ചതായി ജോ മൊറാൻ ചൂണ്ടിക്കാണിക്കുന്നു (2002). മുതലാളിത്തസമൂഹത്തിന്റെ മാനവവിഭവപരമായ സങ്കീർണ്ണാവശ്യങ്ങളാണ് അതിലൊന്ന്. പുതിയ സാങ്കേതികസമൂഹത്തിന്റെ വിവിധ തുറകളിൽ രൂപപ്പെടുന്ന പലതരം ആവശ്യങ്ങളും സാധ്യതകളും നിറവേറ്റുന്നതിനായി വിദഗ്ധരായ പ്രൊഫഷണലുകൾ ആവശ്യമായി വന്നു. പൊതുവായതോ വിശാലമോ താത്വികമോ ആയ ജ്ഞാനസമ്പാദ്യത്തേക്കാൾ, സവിശേഷവും വ്യതിരിക്തവുമായ മേഖലകളിലെ പ്രത്യേക വൈദഗ്ധ്യത്തി

ന് കൂടുതൽ പ്രാധാന്യം കൈവന്നു. സമൂഹത്തിന്റെ മാനവവിഭവപരമായ ഇത്തരം ആവശ്യങ്ങൾ നിവർത്തിക്കാനുള്ള ഉത്തരവാദിത്വം സർവ്വകലാശാലകളാണ് നിറവേറ്റിയത്. സമൂഹത്തിന് ആവശ്യമായ തരത്തിലുള്ള സവിശേഷവൈദഗ്ധ്യമുള്ള പ്രൊഫഷണലുകളെ ഉല്പാദിപ്പിക്കുവാൻ പര്യാപ്തമായ തരത്തിൽ വിഷയമേഖലകൾ സർവ്വകലാശാലകളിൽ പുനർനിർവ്വചിക്കപ്പെട്ടു. കൃത്യമായ അതിരുകളും പഠനവിഷയങ്ങളും ലക്ഷ്യങ്ങളും പുലർത്തുന്ന വ്യതിരിക്തമായ ജ്ഞാനശാഖകൾ സർവ്വകലാശാലകളിൽ രൂപപ്പെടുകയും, അവ ക്രമേണ സ്ഥാപനവൽക്കരിക്കപ്പെടുകയും ചെയ്തു. ആധുനിക ജ്ഞാനശാഖകളുടെ രൂപീകരണത്തെ നിർണ്ണയിച്ച രണ്ടാമത്തെ ഘടകം വിവിധ സർവ്വകലാശാലാവിഭാഗങ്ങളുടെ ആഭ്യന്തരപ്രവർത്തനങ്ങളാണെന്നു പറയാം. വിവിധ സർവ്വകലാശാലാവിഭാഗങ്ങൾ അവയുടെ സ്വത്വസ്ഥാപനവുമായി അറിവന്വേഷണത്തെ ബന്ധിപ്പിക്കുകയും, അങ്ങനെ അതാതു ശാഖകളുടെ ആധികാരികതയും മൗലികതയും വ്യതിരിക്തതയും സ്പഷ്ടമാക്കുന്നതിന് ശ്രമിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി ഓരോ ജ്ഞാനശാഖയും അതിന്റേതായ സാങ്കേതിക പദാവലികളും സങ്കല്പനങ്ങളും രൂപീകരിക്കുകയും, മറ്റു ശാഖകളിൽനിന്ന് അപരിചിതത്വവും അകലവും സൂക്ഷിക്കുന്നതിൽ ശ്രദ്ധവയ്ക്കുകയും ചെയ്തു. ജ്ഞാനശാഖകളുടെ അതിർത്തിരേഖകൾ പൂർവ്വാധികം സ്പഷ്ടമായിത്തീർന്നു. വിഷയാന്തരജ്ഞാനത്തേക്കാൾ വിഷയപരമായ വൈദഗ്ധ്യം (സ്പെഷ്യലൈസേഷൻ) പരമപ്രധാനമായി കണക്കാക്കപ്പെട്ടു. ആധുനിക ജ്ഞാനശാഖകൾ (Modern Disciplines) ഈ രീതിയിലാണ് രൂപീകരിക്കപ്പെടുകയും സ്ഥാപനവൽക്കരിക്കപ്പെടുകയും ചെയ്തതെന്നു പറയാം.

**അന്തർവൈജ്ഞാനികത**

അറിവന്വേഷണത്തിന്റെ ശരിയായ പദ്ധതിയായി ആധുനികത വൈജ്ഞാനികതയെ അഥവാ വിഷയബദ്ധതയെ (Disciplinarity) മുന്നോട്ടുവച്ചു. വിഷയബദ്ധമായ ഇത്തരം ജ്ഞാനപദ്ധതിയുടെ പരിമിതികളും അധികാരസ്വഭാവവും ഒഴിവാക്കലുകളും തിരിച്ചറിയാൻ തുടങ്ങുന്ന ഘട്ടത്തിലാണ് ഒരു ബദൽ ജ്ഞാനാന്വേഷണപദ്ധതിയെന്ന നിലയിൽ അന്തർവൈജ്ഞാനിക സമീപനം മുന്നോട്ടുവയ്ക്കപ്പെട്ടത്. 'Discipline' എന്ന ആംഗലേയ സംജ്ഞ രണ്ടുതരം അർത്ഥസൂചനകളാണ് നൽകുന്നത്. ഒന്നാമതായി, അത് ജ്ഞാനവിഷയങ്ങളെ കുറിക്കുന്നു. അതോടൊപ്പം ചിട്ട, അച്ചടക്കം, അനുസരണം എന്നീ അർത്ഥങ്ങളും ഈ സംജ്ഞ ഉൾക്കൊള്ളുന്നുണ്ട്. ആധുനികതയുടെ ജ്ഞാനശാഖകൾ ഈ രണ്ട് അർത്ഥസാധ്യതകളെയും പ്രത്യക്ഷവൽക്കരിക്കുന്നുവെന്നു പറയാം (Moran, 2002 : 2). അവ പ്രത്യേക ജ്ഞാനമേഖലകളായി നിലകൊള്ളുന്നതിനൊപ്പം, നൈസർഗ്ഗികമല്ലാത്ത കൃത്രിമമായ ചില ക്രമപ്പെടുത്തലുകൾക്കും ചിട്ടകൾക്കും അധികാരപ്രയോഗത്തിനും വിധേയപ്പെടുകകൂടി ചെയ്യുന്നു. ജ്ഞാനശാഖകൾ ചിട്ടപ്പെടുത്തപ്പെടുന്നത് ഉദാരമായ സമീപനങ്ങളിലൂടെയല്ല, മറിച്ച് ഒഴിവാക്കലുകളിലൂടെയും വിവേചനങ്ങളിലൂടെയും പരിമിതപ്പെടുത്തലുകളിലൂടെയുമാണ്. ഒരു ജ്ഞാനശാഖ അതിന്റെ സ്വത്വത്തെയും സ്വഭാവത്തെയും നിർവ്വചിക്കുന്നത്, അതിന്റേതല്ലാത്തതായി കണക്കാക്കപ്പെടുന്ന എല്ലാ ഘടകങ്ങളെയും ഒഴിവാക്കുകയും തനതായ ചില പരിശുദ്ധികൾ സങ്കല്പിക്കുകയും ചെയ്തുകൊണ്ടാണ്. വിവേചനം, ഒഴിവാക്കൽ, ശുദ്ധീകരണം, യാഥാസ്ഥിതികത്വം തുടങ്ങിയവയുടെ യുക്തികളിലൂന്നിയാണ് ആധുനിക ജ്ഞാനശാഖകൾ രൂപീകരിക്കപ്പെട്ടതെന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. ഏകമുഖത്വമാണ് ഈ രീതിയിൽ ഉല്പാദിപ്പിക്കപ്പെടുന്ന അറിവിന്റെ സ്വഭാവം.

ഒഴിവാക്കലിന്റെ യുക്തികളിലൂന്നിക്കൊണ്ട് സമഗ്രവും നീതിയുക്തവുമായ അറിവ

ന്വേഷണം സാധ്യമാക്കാനാവില്ലെന്ന് അന്തർവൈജ്ഞാനികതയുടെ വക്താക്കൾ തിരിച്ചറിയുന്നു. അറിവുല്പാദനത്തെ ബഹുമുഖവും സമഗ്രവും നീതിയുക്തവുമാക്കുകയെന്ന ലക്ഷ്യത്തോടെ വിവിധ ജ്ഞാനശാഖകളുടെ ഉൾക്കാഴ്ചകളെ ഒരുമിച്ചു കൊണ്ടുവരികയും ഉദ്ഗ്രഥനത്തിലൂടെ ഉപയുക്തമാക്കുകയും ചെയ്യുമ്പോൾ അന്തർവൈജ്ഞാനികമായ അറിവുല്പാദനരീതിയും ജ്ഞാനപദ്ധതിയും രൂപംകൊള്ളുന്നു. അന്തർവൈജ്ഞാനിക സമീപനത്തിൽ വിവിധ ജ്ഞാനശാഖകൾ ഒന്നിച്ചുചേരുക മാത്രമല്ല, അവയുടെ തനതായ വിഷയാതിർത്തികൾ മാഞ്ഞുപോകുകയും ഉൾക്കാഴ്ചകൾ സ്വതന്ത്രമായി കൂടിക്കലരുകയും ചെയ്യുന്നു. ബഹുമുഖമായ ഉൾക്കാഴ്ചകളുടെ ഉദ്ഗ്രഥനത്തിലൂടെയാണ് അന്തർവൈജ്ഞാനികമായ ജ്ഞാനോല്പാദനം സാധ്യമാകുന്നത്. മറ്റൊരു ജ്ഞാനാന്വേഷണ പദ്ധതിയായ ബഹുവൈജ്ഞാനികതയുമായി (Multi-disciplinarity) താരതമ്യപ്പെടുത്തുമ്പോൾ അന്തർവൈജ്ഞാനിക സമീപനത്തിന്റെ സവിശേഷതകൾ കൂടുതൽ സ്പഷ്ടമാകുന്നു : ബഹുവൈജ്ഞാനികതയിൽ വിവിധ ജ്ഞാനശാഖകൾ അവയുടെ അതിർത്തികൾ നിലനിർത്തിക്കൊണ്ടുതന്നെ ചേർത്തുവയ്ക്കപ്പെടുന്നു. ഉൾക്കാഴ്ചകളുടെ ഉദ്ഗ്രഥനം ഇവിടെ സംഭവിക്കുന്നില്ല. അവ ഖരപ്രകൃതം നിലനിർത്തുന്നുവെന്നു രൂപകാത്മകമായി പറയാം. എന്നാൽ അന്തർവൈജ്ഞാനികതയിലാകട്ടെ ജ്ഞാനശാഖകൾ വ്യതിരിക്തങ്ങളും മൂർത്തസ്വരൂപങ്ങളുമായി നിലനിൽക്കുന്നില്ല. അതിർത്തികൾ മാഞ്ഞ് അവയുടെ ഉൾക്കാഴ്ചകൾ ഒരു ഉദ്ഗ്രഥിതസത്തയായി, ഒരു ജ്ഞാനമിശ്രിതമായി മാറിത്തീരുന്നു. ഇത് കൂടുതൽ ബഹുമുഖവും സമഗ്രസ്പർശിയുമായ, ഇടുങ്ങിയ കള്ളികളിൽ പരിമിതപ്പെട്ടു പോകാത്ത അറിവുല്പാദനത്തിലേക്ക് നയിക്കുന്നു.

അന്തർവൈജ്ഞാനികതയെ സംബന്ധിച്ച ഗൗരവമാർന്ന ആലോചനകൾ രൂപംകൊള്ളുന്നത് ആധുനികതയുടെ ഉന്നതഘട്ടത്തിനു ശേഷമുള്ള കാലയളവിലാണെങ്കിലും, ജ്ഞാനശാഖകളുടെ പരിമിതികളെ സംബന്ധിച്ച തിരിച്ചറിവുകൾക്ക് ജ്ഞാനശാഖകളോളംതന്നെ പഴക്കം കണ്ടെത്താനാകും. വിവിധ ജ്ഞാനശാഖകളെ ആദ്യമായി വിഭജിക്കുകയും നിർവ്വചിക്കുകയും ശ്രേണീകരിക്കുകയും ചെയ്ത അരിസ്റ്റോട്ടിലിൽ നിന്നുതന്നെ അതാരംഭിക്കുന്നു. അറിവിനെ വിവിധ വിഷയമേഖലകളായി വിഭജിച്ചുവെങ്കിലും, ഈ വിവിധ വിഷയങ്ങളെയെല്ലാം ഏകോപിപ്പിക്കുകയും ക്രോഡീകരിക്കുകയും ഒരു കുടക്കീഴിലാക്കുകയും ചെയ്യുന്ന ഒരു ഉപരിവിഷയത്തെക്കുറിച്ചുള്ള സങ്കല്പം അരിസ്റ്റോട്ടിലിനുണ്ടായിരുന്നു. ജ്ഞാനശാഖകളുടെ അതിർത്തികളെ അതിവർത്തിച്ചുകൊണ്ട് നിലകൊള്ളുന്ന ഈ ഉപരിവിഷയമായി അദ്ദേഹം കണ്ടത് തത്വചിന്തയെയാണ് (Moran, 2002 : 4). അറിവിനെ വിവിധ അന്വേഷണമേഖലകളായി തരംതിരിക്കുന്നതിലൂടെ സംഭവിച്ചേക്കാവുന്ന ജ്ഞാനോല്പാദനപരമായ പരിമിതികളെക്കുറിച്ചുള്ള അവബോധമാണ് ഇത്തരമൊരു ഉപരിവിഷയത്തെ വിഭാവനം ചെയ്യുന്നതിലേക്ക് അരിസ്റ്റോട്ടിലിനെ നയിച്ചതെന്നു കരുതാം. വൈജ്ഞാനികത അഥവാ വിഷയബദ്ധത എന്നത് പരിമിതികളും ഒഴിവാക്കലുകളും സംഭവിക്കുന്ന അപൂർണ്ണമായ ഒരു പദ്ധതിയാണെന്ന് അരിസ്റ്റോട്ടിൽ തിരിച്ചറിഞ്ഞിരുന്നു. തത്വചിന്തപോലെയുള്ള ഒരു ഉപരിവിഷയത്തിന് അന്തർവൈജ്ഞാനികമായ കൊടുക്കൽവാങ്ങലുകളും കൂട്ടിയിണക്കലുകളും നടത്താനാകുമെന്നും സമഗ്രവും അപരിമിതവും ഏകമുഖമല്ലാത്തതുമായ അറിവിനെ സാക്ഷാത്കരിക്കാനാകുമെന്നും അദ്ദേഹം കരുതിയിരിക്കാം. നവോത്ഥാനകാലത്ത് അരിസ്റ്റോട്ടിലിന്റെ ചിന്തകൾക്കു ലഭിച്ച തുടർച്ചകൾ, സമഗ്രമായ ഉപരിവിഷയത്തെയും വിഷയബദ്ധതയുടെ പരിമിതികളെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉൾക്കാഴ്ചകൾ ആധുനികയുഗത്തിലേക്ക് കടന്നെത്തുന്നതിന് കാരണമായി. മറ്റു വിജ്ഞാനമേഖലകളെ കവിഞ്ഞുനിൽക്കുകയും അവയെ ഒന്നായി ആശ്ലേഷിക്കുകയും ചെയ്യുന്ന ഉപരിവിഷയമെന്ന

നിലയിൽ തത്വചിന്തയ്ക്കുള്ള പ്രാധാന്യം നവോത്ഥാനത്തിന്റെയും ജ്ഞാനോദയത്തിന്റെയും കാലഘട്ടങ്ങൾ പിന്നിട്ട് ആധുനികലോകത്തേക്കും തുടർന്നു. യൂറോപ്പിലെ പ്രമുഖ സർവ്വകലാശാലകളുടെ സ്ഥാപനഘട്ടത്തിൽ തത്വചിന്തയ്ക്ക് ഈ രീതിയുള്ള ഉപരിവിഷയപരമായ പ്രാധാന്യവും പ്രസക്തിയും ഉണ്ടായിരുന്നു. ഒറ്റയൊറ്റയായി വേർതിരിഞ്ഞുനിൽക്കുന്ന വിഷയമേഖലകളുടെ പരിമിതികളുടെയും, അവയ്ക്ക് പ്രാപ്തമല്ലാത്ത സമഗ്രവും അന്തർവൈജ്ഞാനികവുമായ സാധ്യതകളുടെയും സൂചകമായിക്കൂടിയാണ് ഈ കാലഘട്ടങ്ങളിൽ തത്വചിന്ത നിലകൊണ്ടതെന്നു പറയാം. അപ്പോഴും അതാതു ജ്ഞാനവിഷയങ്ങൾ അവയുടെ അതിർത്തികളെ പൂർവ്വാധികം വ്യക്തതയോടെ നിർവ്വചിക്കുന്നതിലും, വിഷയബദ്ധമായ വൈദഗ്ധ്യത്തെയും അതു മുൻനിർത്തിയുള്ള വിദ്യാഭ്യാസരീതിയെയും കൂടുതലായി ഉറപ്പിക്കുന്നതിലുമാണ് മുഴുകിയത്.

തത്വചിന്തയുടെ ഈ ഉപരിവിഷയപരമായ പ്രാധാന്യം പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തോടെ ചോദ്യംചെയ്യപ്പെടാൻ തുടങ്ങി. ബ്രിട്ടനിലെയും അമേരിക്കയിലെയും സർവ്വകലാശാലകളിൽ ഇംഗ്ലീഷ് ഒരു പാഠ്യവിഷയമായിത്തീർന്നതോടെയാണ് ഇതു സംഭവിച്ചത്. തത്വചിന്ത മുൻപു കൈയ്യാളിയിരുന്ന സമഗ്രസ്പർശിയായ വിഷയമെന്ന പദവി ഇനി ഇംഗ്ലീഷിനാണ് ലഭിക്കേണ്ടതെന്ന വിശ്വാസം അക്കാലത്തെ ഇംഗ്ലീഷ് പണ്ഡിതരും വകുപ്പുമേധാവികളും പുലർത്തിയിരുന്നു. കേംബ്രിഡ്ജ് സർവ്വകലാശാലയിലെ കേന്ദ്രവിഷയമെന്ന നിലയിൽ ഇംഗ്ലീഷിനെ പുനർവിഭാവനം ചെയ്യാൻ എഫ്.ആർ.ലീവിസ് നടത്തിയ ശ്രമങ്ങൾ ഉദാഹരണം (Moran, 2002 : 26–40). സർവ്വകലാശാലയിലെ ഒരു പാഠ്യവിഷയമെന്ന നിലയിലുള്ള ഇംഗ്ലീഷിന്റെ രംഗപ്രവേശം പ്രശ്നഭരിതമായിരുന്നുവെന്നുവേണം പറയാൻ. ഒന്നാമതായി, സാമാന്യഭാഷയെന്ന നിലയിൽ എല്ലാവരും കൈകാര്യം ചെയ്യുന്ന ഇംഗ്ലീഷ് ഒരു പഠനവിഷയമാക്കേണ്ടതിന്റെ ആവശ്യമെന്താണ് എന്ന ചോദ്യത്തിന് ഉത്തരം നൽകേണ്ടിയിരുന്നു. രണ്ടാമതായി, വിപുലമായ സാഹിത്യ–സാംസ്കാരിക മാനങ്ങളുള്ള ഇംഗ്ലീഷ് ഏതുതരത്തിലാണ് ഒരു വിഷയമായി ചിട്ടപ്പെടുത്തേണ്ടതെന്നും ഏതെല്ലാം മേഖലകളാണ് ഇവിടെ പഠനാർഹമായി തിരഞ്ഞെടുക്കേണ്ടതെന്നും നിർണ്ണയിക്കേണ്ടതുണ്ടായിരുന്നു. കൃത്യമായ അതിരുകളില്ലാതെ ഒരുതരം സാർവ്വത്രികത്വവും സാമാന്യസ്വഭാവവും പുലർത്തിയിരുന്ന ഇംഗ്ലീഷിനെ ശാസ്ത്രീയവും വിഷയബദ്ധവുമായ പഠനരീതിശാസ്ത്രത്തിലൂടെ മെരുക്കിയെടുത്ത് ജ്ഞാനശാഖയെന്ന നിലയിൽ പുനർനിർവ്വചിക്കാനുള്ള വിപുലമായ ശ്രമങ്ങളിലൂടെയാണ് സർവ്വകലാശാലകളിലെ ഇംഗ്ലീഷ് പണ്ഡിതർ ഈ പ്രശ്നങ്ങളെ സംബോധന ചെയ്തത്. ഇതിന്റെ ഫലമായി ഫിലോളജി, ഭാഷാചരിത്രം മുതലായ കൂടുതൽ ശാസ്ത്രീയപരിവേഷമുള്ള ഭാഷാവിഷയങ്ങളുടെ ഉൾക്കാഴ്ചകൾ ഇംഗ്ലീഷ് പഠനത്തിലേക്ക് സ്വാംശീകരിക്കപ്പെട്ടു. ഈ സ്വാംശീകരണം ഒരുതരത്തിൽ അന്തർവൈജ്ഞാനികം തന്നെയായിരുന്നു. ഒരു പ്രത്യേക വൈജ്ഞാനികവിഷയമെന്ന നിലയിൽ ഇംഗ്ലീഷിനെ സ്ഥാപിച്ചെടുക്കാനുള്ള ഇത്തരം ആദ്യശ്രമങ്ങളിൽത്തന്നെ അന്തർവൈജ്ഞാനികമായ കലർപ്പുകൾ ഉള്ളടങ്ങിയിരുന്നുവെന്നു ചുരുക്കം.

ഈ വൈരുധ്യം ബ്രിട്ടീഷ് സർവ്വകലാശാലകളിലെ പണ്ഡിതരും അധ്യാപകരുമായ ഐ.എ.റിച്ചാഡ്സും എഫ്.ആർ.ലീവിസും മറ്റും തിരിച്ചറിയാതിരുന്നില്ല. ഇംഗ്ലീഷിനെ കൂടുതൽ വ്യതിരിക്തവും കൂടുതൽ സ്പഷ്ടമായ അതിരുകളുള്ളതും സ്വന്തംനിലയ്ക്ക് ശാസ്ത്രീയത പുലർത്തുന്നതുമായ ഒരു സവിശേഷ ജ്ഞാനശാഖയായി വാർത്തെടുക്കാനുള്ള ശ്രമം ഇവർ നടത്തി. പ്രകരണമുക്തമായ സൂക്ഷ്മവായനയിലൂന്നിയ സാഹിത്യവിമർശനത്തിന്റെ ഒരു ‘ശാസ്ത്രീയ’രീതിശാസ്ത്രം ഇവർ രൂപപ്പെടുത്തി. പ്രകരണ

മുക്തതയിലൂടെ ചരിത്രം, സാമൂഹ്യശാസ്ത്രം മുതലായ ഇതര വിഷയമേഖലകളുടെ കലർപ്പുകൾ ഒഴിവാക്കാനാകുമെന്നും, വിഷയാതിർത്തിക്കുള്ളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന സൂക്ഷ്മവായനയിലൂടെ സ്വയംപര്യാപ്തമായ ശാസ്ത്രീയരീതിശാസ്ത്രം മെനഞ്ഞെടുക്കാനാകുമെന്നും അവർ കരുതി. എങ്കിലും ഇംഗ്ലീഷിനെ ഒരു പ്രത്യേക വിജ്ഞാനശാഖയായി ഉറപ്പിക്കാനുള്ള ഈ ശ്രമത്തിലും അന്തർവൈജ്ഞാനികമായ പ്രേരണകളും ഘടകങ്ങളും ഉള്ളടങ്ങിയിരുന്നുവെന്ന് ജോ മൊറാൻ ചൂണ്ടിക്കാണിക്കുന്നു (2002 : 22-40). ഐ.എ. റിച്ചാഡ്സിന്റെ ഇംഗ്ലീഷ് പഠനപദ്ധതിയിലും സാഹിത്യചിന്തയിലും മനഃശാസ്ത്രപഠനത്തിന്റെയും ഭാഷാശാസ്ത്രപഠനത്തിന്റെയും ഉൾക്കാഴ്ചകൾ അടങ്ങിയിരുന്നു. എഫ്.ആർ.ലീവിസിന്റെ സാഹിത്യപഠനത്തിൽ സാംസ്കാരികമായ വിശകലനങ്ങളും ജനപ്രിയസംസ്കാരത്തിന്റെ വിമർശനവും ഉള്ളടങ്ങിയിരുന്നു. സംസ്കാരപഠനത്തിന്റെ ഒരു ആദിരൂപമെന്നുപോലും വിശേഷിപ്പിക്കാവുന്ന തരത്തിൽ അന്തർവൈജ്ഞാനികസ്വഭാവം പുലർത്തുന്നവയായിരുന്നു ലീവിസിന്റെ ഇംഗ്ലീഷ് സാഹിത്യപഠനങ്ങൾ. ഒരു വസ്തുത ഇതിലൂടെ വ്യക്തമാകുന്നു : ശുദ്ധമായ ഒരു വൈജ്ഞാനികവിഷയമെന്ന നിലയിൽ ഇംഗ്ലീഷിനെ രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ പ്രശ്നഭരിതമായിരുന്നു. കൃത്യമായ വിഷയാതിർത്തികൾക്കുള്ളിൽ ഒതുങ്ങുന്നവയായിരുന്നില്ല ഇംഗ്ലീഷ് പഠനത്തിന്റെ സാധ്യതകൾ. ഇംഗ്ലീഷ് പഠനം ആദ്യഘട്ടംമുതലേ അന്തർവൈജ്ഞാനികമായ സ്വഭാവങ്ങളും പ്രേരണകളും കലർപ്പുകളും ഉൾക്കൊണ്ടിരുന്നു.

സാഹിത്യപഠനമുൾപ്പെടെയുള്ള മാനവികവിഷയങ്ങളിൽ അന്തർവൈജ്ഞാനികമായ സമീപനരീതികൾ 1950-കളോടെ ആഗോളതലത്തിൽ ശക്തമാവാൻ തുടങ്ങി. വ്യതിരിക്തശാഖകളായി വേർതിരിഞ്ഞുനിൽക്കുന്ന വിഷയങ്ങളിൽ എതിർബലമായി പ്രവർത്തിക്കുകയും അവയെ സ്വാധീനിക്കുകയും ചെയ്യുന്ന അന്തർവൈജ്ഞാനികപ്രേരണകളെക്കുറിച്ചും സാധ്യതകളെക്കുറിച്ചും ഈ ഘട്ടംമുതൽ പഠിതാക്കൾ കൂടുതൽ ശ്രദ്ധാലുക്കളായി. രണ്ടു കാരണങ്ങൾ അഥവാ സ്വാധീനങ്ങൾ ഈ പരിണാമത്തിനു പിന്നിൽ കാണാം. ഒന്ന്, സംസ്കാരപഠനം (Cultural Studies) എന്ന പുതിയ അന്തർവൈജ്ഞാനിക ജ്ഞാനപദ്ധതിയുടെ ആവിർഭാവമാണ്. റിച്ചാഡ് ഹൊഗാർത്ത്, റെയ്മണ്ട് വില്യംസ്, സ്റ്റുവർട്ട് ഹാൾ, മിഷേൽ ഡി കെർട്യൂ, പിയർ ബോർദ്യു, ജോൺ ഫ്രോ എന്നിവരായിരുന്നു സംസ്കാരപഠനത്തിന്റെ പ്രയോക്താക്കൾ (Moran, 2002 : 52). ഇവരുടെ പഠനാന്വേഷണങ്ങളിലൂടെ സാഹിത്യപഠനം സംസ്കാരോന്മുഖവും ബഹുമുഖവും അന്തർവൈജ്ഞാനികവുമായിത്തീർന്നു. സർവ്വകലാശാലകളിലെ ഔപചാരികമായ അറിവിടങ്ങളിലായിരുന്നില്ല സംസ്കാരപഠനങ്ങൾ ഉദയംകൊണ്ടത്. തൊഴിലാളിസമൂഹത്തിനിടയിലെ അനൗപചാരിക വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ഭാഗമായാണ് സംസ്കാരപഠനത്തിന്റെ ആദ്യകാല പ്രയോക്താക്കളുടെ പഠനങ്ങൾ രൂപംകൊണ്ടത്. ഔപചാരികവൃത്തങ്ങൾക്കു വെളിയിലുള്ള ഈ വിദ്യാഭ്യാസപ്രവർത്തനം കൂടുതൽ ബഹുമുഖവും ജനാധിപത്യപരവും സാംസ്കാരിക-രാഷ്ട്രീയ ഉന്മുഖത്വങ്ങൾ പുലർത്തുന്നതുമായ പുതുപഠനങ്ങളുടെ ആവിർഭാവത്തിന് അനുകൂലമായ സാഹചര്യവും സ്വാതന്ത്ര്യവും നൽകി. 1964-ൽ ബിർമിങ്ഹാം സർവ്വകലാശാലയിൽ റിച്ചാഡ് ഹൊഗാർത്തിന്റെ നേതൃത്വത്തിൽ 'സമകാലിക സംസ്കാരപഠന കേന്ദ്രം' എന്ന പഠനവകുപ്പ് സ്ഥാപിതമായതോടെ സംസ്കാരപഠനത്തിനും അതു മുന്നോട്ടുവയ്ക്കുന്ന അന്തർവൈജ്ഞാനിക സമീപനത്തിനും സർവ്വകലാശാലാവൃത്തങ്ങളിൽ പ്രതിഷ്ഠ ലഭിച്ചു. തുടർന്നുള്ള കാലഘട്ടത്തിൽ സംസ്കാരപഠനം കൂടുതൽ പ്രചാരവും സ്വാധീനവുമുള്ള ഒരു ജ്ഞാനാന്വേഷണപദ്ധതിയായി മാറുകയും അന്തർവൈജ്ഞാനികസമീപനത്തിന് കൂടുതൽ സ്വീകാര്യത കൈവരികയും ചെയ്തു.

JOURNAL OF dbct
VOLUME 10(2)
SEPTEMBER 2023
ISSN: 2348 - 7984



അന്തർവൈജ്ഞാനികതയ്ക്ക് പ്രചാരവും പ്രാധാന്യവും സ്വീകാര്യതയും കൈവരുവാൻ കാരണമായ രണ്ടാമത്തെ ഘടകം 1950-കൾക്കു ശേഷം സർവ്വകലാശാലകളിലും ഉന്നതവിദ്യാഭ്യാസമേഖലയിലുമുണ്ടായ വൈവിധ്യങ്ങളും മാറ്റങ്ങളുമാണ്. വിദ്യാഭ്യാസരംഗം ഈ ഘട്ടത്തിൽ കൂടുതൽ ബഹുമുഖമായിത്തീർന്നു. വരേണ്യപരിവേഷം നിലനിർത്തിയിരുന്ന പാശ്ചാത്യസർവ്വകലാശാലകൾക്കു പുറമേ കൂടുതൽ വ്യത്യസ്തതയും പുതുമയുമുള്ള അറിവന്വേഷണങ്ങളിൽ വ്യാപരിക്കുന്ന പുതിയ സർവ്വകലാശാലകൾ രൂപപ്പെടാൻ തുടങ്ങി. ഓപ്പൺ യൂണിവേഴ്സിറ്റികൾ, സാങ്കേതിക സർവ്വകലാശാലകൾ തുടങ്ങിയവ ഉദാഹരണം. രണ്ടാം ലോകമഹായുദ്ധത്തിനു മുൻപുള്ള കാലഘട്ടത്തിൽ യൂറോപ്പിലെയും അമേരിക്കയിലെയും പ്രശസ്തങ്ങളായ സർവ്വകലാശാലകളിൽ ഉപരിവിഭാഗങ്ങളുടെയും വരേണ്യവിഭാഗങ്ങളുടെയും പ്രതിനിധികളാണ് മുഖ്യമായും വിദ്യാഭ്യാസം നടത്തിയിരുന്നതെങ്കിലും, യുദ്ധാനന്തരം ഈ സ്ഥിതി വ്യത്യാസപ്പെടാൻ തുടങ്ങി. മധ്യവർഗ്ഗ-തൊഴിലാളിവർഗ്ഗ സമൂഹങ്ങളിൽ നിന്ന് വിദ്യാർത്ഥികൾ ധാരാളമായി സർവ്വകലാശാലകളിലെത്തിത്തുടങ്ങി. പിന്നീട് വെള്ളക്കാരല്ലാത്ത വിദ്യാർത്ഥികൾക്കും കൂടുതലായി സർവ്വകലാശാലാവിദ്യാഭ്യാസത്തിന്റെ ഗുണഭോക്താക്കളാകാൻ അവസരം ലഭിച്ചു. വർഗ്ഗപരവും വംശീയവും സാംസ്കാരികവുമായ വൈവിധ്യത്തിന്റെയും ബഹുസ്വരതയുടെയും ഇടമായി സർവ്വകലാശാലകളും പഠനസ്ഥാപനങ്ങളും മാറിയതോടെ വീക്ഷണങ്ങളും അറിവന്വേഷണങ്ങളും വൈവിധ്യസ്വഭാവം കൈവരിച്ചുതുടങ്ങി (Moran, 2002 : 48). അന്തർവൈജ്ഞാനികമായ ജ്ഞാനോല്പാദനത്തിന് വിളനിലമാകാൻ കഴിയുന്ന സാഹചര്യങ്ങൾ ഇതോടെ സർവ്വകലാശാലകളിലും പഠനകേന്ദ്രങ്ങളിലും സംജാതമായി. ഇന്ന് മാനവികവിഷയങ്ങൾക്കൊപ്പം സാമൂഹികവിഷയങ്ങളും ശാസ്ത്രവിഷയങ്ങളും കൂടുതൽ അന്തർവൈജ്ഞാനികമായ അന്വേഷണപാതയിലേക്ക് എത്തിച്ചേർന്നിരിക്കുന്നു.

**വിവർത്തനപഠനവും അന്തർവൈജ്ഞാനികതയും**

ഭാഷാരൂപങ്ങളുടെ മൊഴിമാറ്റമെന്ന നിലയിൽ വിവർത്തനമെന്ന പ്രക്രിയയ്ക്ക് ഭാഷാചരിത്രത്തോളംതന്നെ പഴക്കംകല്പിക്കാനാകും. പല ഭാഷാസാഹിത്യങ്ങളുടെയും ആദിമദശകൾ മുതൽക്കേ വിവർത്തനകൃതികളുടെ സാന്നിധ്യം നിലനിൽക്കുന്നതായി കാണാം. മലയാളഭാഷയും സാഹിത്യവും ഇതിനുദാഹരണമാണ്. കണ്ടെടുക്കപ്പെട്ടവയിൽ ഏറ്റവും പഴക്കംകല്പിക്കപ്പെടുന്ന മലയാളകാവ്യമായ രാമചരിതം വാല്മീകിരാമായണം യുദ്ധകാണ്ഡത്തിന്റെ ഒരു സ്വതന്ത്രവിവർത്തനമായി വിശേഷിപ്പിക്കാവുന്ന രചനയാണ്. ആദ്യകാല മലയാളസാഹിത്യത്തിലുടനീളം വിവർത്തനമാനങ്ങളുള്ള ഇത്തരം കൃതികൾ കടന്നുവരുന്നുവെന്നു കാണാം. മലയാളസാഹിത്യവികാസത്തിന്റെ ഈ ആദ്യഘട്ടത്തിൽ വിവർത്തനവും മൗലികരചനയുമെന്ന വിഭജനം നിലനിൽക്കുകയോ തിരിച്ചറിയപ്പെടുകയോ ചെയ്തിരുന്നില്ല. സ്വതന്ത്രവിവർത്തനം മൗലികരചനയായിത്തന്നെ സ്വീകരിക്കപ്പെട്ടു. അഥവാ, വിവർത്തനമെന്നത് സർഗ്ഗാത്മകമായ മൗലികസൃഷ്ടിയിൽനിന്ന് വേർതിരിഞ്ഞു നിലകൊള്ളുന്ന ഒരു പ്രത്യേക മണ്ഡലമായി കണക്കാക്കപ്പെട്ടിരുന്നില്ല. മൗലികസൃഷ്ടിയിൽനിന്നു ഭിന്നമായി നിൽക്കുന്ന സവിശേഷമായ ഭാഷാവ്യവഹാരമെന്ന നിലയിൽ വിവർത്തനം തിരിച്ചറിയപ്പെടുകയോ, വിവർത്തനപരമായ അവബോധം രൂപപ്പെടുകയോ ചെയ്യാത്ത ഈ ഘട്ടത്തിൽ വിവർത്തനത്തെക്കുറിച്ചുള്ള ആലോചനകളോ ആശയങ്ങളോ രൂപപ്പെടുന്നില്ലെന്നു കാണാം. മറ്റൊരു തരത്തിൽ പറഞ്ഞാൽ, വിവർത്തനസ്വഭാവമുള്ള കൃതികളുണ്ടായിരുന്നെങ്കിലും ആശയങ്ങളും പ്രസ്താവനകളും വിശദീകരണങ്ങളും രൂപപ്പെടുന്ന തരത്തിലുള്ള ഒരു വ്യവഹാരവിഷയപദവി ആദ്യകാല മലയാളസാഹിത്യത്തിൽ വിവർത്തനങ്ങൾക്കു കൈവന്നിരുന്നില്ല.

മലയാളത്തെ സംബന്ധിച്ച് പ്രസക്തമായി തോന്നുന്ന ഈ നിരീക്ഷണം ഒരളവുവരെ മറ്റു ഭാഷകളിലേക്കും വ്യാപിപ്പിക്കാമെന്നു തോന്നുന്നു. എല്ലാ ഭാഷകളിലും ഒരു വ്യവഹാരവിഷയമെന്ന നിലയിൽ വിവർത്തനങ്ങൾ മാറിത്തീരുന്നത് ഒരു വിവർത്തനാവബോധത്തിന്റെ രൂപപ്പെടലിനു സമാന്തരമായാണ്. മൗലികസൃഷ്ടിയിൽനിന്ന് വ്യത്യസ്തമായ രീതികളും പരിഗണനകളും ലക്ഷ്യങ്ങളും സ്വഭാവങ്ങളുമുള്ള സവിശേഷ ഭാഷാവ്യവഹാരങ്ങളെന്ന നിലയിൽ വിവർത്തനങ്ങൾ തിരിച്ചറിയപ്പെട്ടു തുടങ്ങുന്ന ഘട്ടത്തിലാണ് എല്ലാ ഭാഷകളിലും സംസ്കാരങ്ങളിലും വിവർത്തനചിന്തകൾ രൂപപ്പെടാൻ തുടങ്ങുന്നത്. വിവർത്താനാവബോധത്തിൽനിന്ന് ഉടലെടുക്കുന്ന ഈ വിവർത്തനചിന്തകളിലൂടെ വിവർത്തനം ഒരു വിഷയപദവി കൈവരിക്കുന്നുവെന്നു പറയാം. ജ്ഞാനപദ്ധതി അഥവാ പഠനശാഖ എന്ന അർത്ഥത്തിലല്ല ഇവിടെ വിഷയപദവി എന്നുപയോഗിക്കുന്നത്. മറിച്ച്, ഈ ഘട്ടത്തിൽ വ്യവഹാരവിഷയമെന്ന നിലയിൽ വിവർത്തനങ്ങൾക്കും വിവർത്തനപ്രക്രിയയ്ക്കും പ്രത്യേക സ്വത്വം കൈവരുന്നുവെന്നാണ് ഇവിടെ അർത്ഥമാക്കുന്നത്. ഇത്തരമൊരു ഭാഷാസാഹിത്യസ്വത്വത്തിന്റെ രൂപീകരണത്തിനു സമാന്തരമായാണ് വിവർത്തനത്തെ സംബന്ധിച്ചുള്ള ആശയങ്ങളും ചിന്തകളും വിവർത്തനസിദ്ധാന്തങ്ങളുടെ ആദിരൂപങ്ങളും രൂപപ്പെട്ടത്.

വ്യവഹാരവിഷയമെന്ന നിലയിൽ വിവർത്തനങ്ങളും വിവർത്തനപ്രക്രിയയും മാറിത്തീരുകയും തിരിച്ചറിയപ്പെടുകയും ചെയ്യുന്നതിന്റെ ആദ്യ അടയാളങ്ങൾ ബി.സി. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സിസെറോയുടെയും ഹോറെസിന്റെയും വിവർത്തനചിന്തയിലും പ്രസ്താവങ്ങളിലും കാണാം. ഗ്രീക്കിൽനിന്ന് ലാറ്റിനിലേക്കുള്ള പരിഭാഷകളിൽ ഇവർ ഏർപ്പെട്ടിരുന്നു. പദാനുപദ ('വെർബം വെർബോ') ശൈലിയാണോ ആശയാനുവാദമാണോ ശരിയായ വിവർത്തനരീതിയെന്നതിനെക്കുറിച്ച് സിസെറോ ചർച്ചചെയ്യുന്നുണ്ട്. ഹോറെസിന്റെ 'വിശ്വസ്ത വ്യാഖ്യാതാവ്' (ഫിഡസ് ഇന്റർപ്രെസ്) എന്ന പരാമർശം വിവർത്തനത്തെ വ്യാഖ്യാനമെന്ന നിലയിൽ നോക്കിക്കാണാനാണ് അദ്ദേഹം ശ്രമിച്ചതെന്ന് സൂചിപ്പിക്കുന്നു (Windle, Pym, 2011: 8). വിവർത്തനം ഇവിടെ പ്രസ്താവനകളും അഭിപ്രായങ്ങളും നടത്തുവാൻ തക്കവിധത്തിൽ മൂർത്തതയും യാഥാർഥ്യവും കൈവരിക്കുന്ന ഒരു വ്യവഹാരവിഷയമായി മാറിയിരിക്കുന്നു. വ്യാവഹാരികമായ ഈ വിഷയപരത തുടർന്നുള്ള നൂറ്റാണ്ടുകളിൽ വിവിധ പരിണാമദശകളിലൂടെ കടന്നുപോകുകയും വ്യത്യസ്തങ്ങളായ സമീപനങ്ങളെയും ആശയങ്ങളെയും രൂപപ്പെടുത്തുകയും ചെയ്തു.

എ.ഡി. അഞ്ചാം നൂറ്റാണ്ടോടെ വിവർത്തനവ്യവഹാരം മതചരിത്രത്തിന്റെയും ബൈബിൾ പ്രചാരണത്തിന്റെയും കണ്ണിചേരലിലൂടെ കൂടുതൽ വിസ്തൃതവും മതാത്മകവും ആധികാരികവുമായ ഒരു വൈഷയികഭാവം കൈക്കൊള്ളാൻ തുടങ്ങാൻ. എ.ഡി. അഞ്ചാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ലാറ്റിൻ ഭാഷയിലേക്ക് ബൈബിൾ വിവർത്തനം ചെയ്ത ജെറോം പൊതുവേ പദാനുപദ വിവർത്തനത്തേക്കാൾ അർത്ഥാനുവാദ ('സെൻസം സെൻസോ') സമീപനത്തിനാണ് പ്രാധാന്യം നൽകിയത് (Windle, Pym, 2011 : 8). എങ്കിലും ബൈബിളിലെ ദൈവവചനങ്ങളുടെ വിവർത്തനത്തിൽ മാത്രം അദ്ദേഹം പദാനുപദരീതി നിലനിർത്തി. ബൈബിളിലെ വാക്യക്രമം പോലും ദൈവം നിശ്ചയിച്ചതായതിനാൽ വിവർത്തകർ അവയിൽ മാറ്റംവരുത്തിക്കൂടെന്ന വിശ്വാസമാണ് ജെറോമിന്റെ ഈ വിവർത്തനസമീപനത്തെ നിർണ്ണയിച്ചത്. ദൈവവചനത്തിന്റെ അലംഘനീയതയെക്കുറിച്ചുള്ള ഈ സങ്കല്പം ജെറോമിനു ശേഷമുള്ള ബൈബിൾ വിവർത്തനങ്ങളെ വലിയരീതിയിൽ സ്വാധീനിച്ചു. മധ്യകാലത്തിലുടനീളം നിലനിന്ന ഈ സങ്കല്പത്തിന്റെ സ്വാധീനം, ഒരു സഹസ്രാബ്ദത്തിനുശേഷം പതിനഞ്ചാം നൂറ്റാണ്ടിൽ യൂറോപ്പിലെ പുതിയ പ്രാദേശികഭാഷകളിൽ ബൈബിൾ

വിവർത്തനങ്ങൾ പ്രചരിച്ചുതുടങ്ങുന്ന ഘട്ടംവരെ ശക്തമായി തുടർന്നു.

മൂലപാഠം, മൂലാർത്ഥം, മൂലഗ്രന്ഥകാരൻ എന്നീ ഘടകങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഒരു വിവർത്തനസങ്കല്പത്തിന്റെ രൂപപ്പെടലിന് ഈ ബൈബിൾ വിവർത്തനപാരമ്പര്യം കാരണമായി. ജെറോമിന്റെ ബൈബിൾ വിവർത്തനത്തിന്റെ മൂലതത്വങ്ങൾ മതേതര (സെക്യുലർ) വിവർത്തനത്തിന്റെ മേഖലയിലേക്കും വ്യാപിച്ചുവെന്നു ചുരുക്കം (Windle, Pym, 2011 : 9). മൂലപാഠവുമായുള്ള അടുപ്പത്തെയും അകലത്തെയും മുൻനിർത്തി വിവർത്തനങ്ങളുടെ മൂല്യനിർണ്ണയവും വിലയിരുത്തലും നടത്തുന്ന ഒരു സമീപനരീതി ഇതിലൂടെ നിലവിൽവന്നു. വിവർത്തനചിന്തയെ നിയന്ത്രിക്കുകയും നിലനിർത്തുകയും ചെയ്യുന്ന ഗുരുത്വകേന്ദ്രമായി 'മൂലം' എന്ന സങ്കല്പം മാറിത്തീർന്നു. വിശ്വസ്തത അഥവാ പൂർണ്ണവിധേയത്വം (Fidelity), പദാനുപദ വിവർത്തനം അഥവാ നേർതർജ്ജമ (Literal Translation), സ്വതന്ത്രവിവർത്തനം (Free Translation) തുടങ്ങിയ സംജ്ഞകൾ വിവർത്തനചിന്തയുടെ ഭാഗമായിത്തീർന്നത് ഈയൊരു വിചാരമാതൃകയുടെ രൂപപ്പെടലിന് അനുബന്ധമായിട്ടാണെന്നു പറയാം.

മൂലപാഠത്തെ മാനദണ്ഡമായി സ്വീകരിക്കുന്ന ഈ ചിന്താരീതി പതിനാറാം നൂറ്റാണ്ടുമുതൽ ഇരുപതാം നൂറ്റാണ്ടുവരെ വിഭിന്നരൂപങ്ങളിൽ തുടരുകയും ചെയ്തു. മൂലകൃതിയുടെ ശൈലീഭംഗി (Elegence of Style) വിവർത്തനങ്ങളിലും സൂക്ഷിക്കണമെന്ന അഭിപ്രായം പതിനാറാം നൂറ്റാണ്ടിൽ ഫ്രഞ്ച് വിവർത്തകനായ എറ്റിയെൻ ഡോലെയും, പതിനേഴാം നൂറ്റാണ്ടിൽ മറ്റൊരു ഫ്രഞ്ച് വിവർത്തകനായ ഗസ്പാർഡ് ഡി ടെൻഡെയും രേഖപ്പെടുത്തിയിട്ടുണ്ട്. പതിനെട്ടാം നൂറ്റാണ്ടിൽ ബ്രിട്ടീഷുകാരനായ അലക്സാണ്ടർ ഫ്രേസർ ടൈറ്റ്ലർ സമാനമായ അഭിപ്രായങ്ങൾ അവതരിപ്പിച്ചു. പത്തൊൻപതാം നൂറ്റാണ്ടിൽ ജർമ്മൻ ഭാഷയിൽ ഗെയ്ഥേയും ഫ്രാൻസിൽ ഷാറ്റ്യൂബ്രിയാന്റും മൂലകൃതിയോടു ചേർന്നുനിൽക്കുന്ന വിശ്വസ്തവിവർത്തനത്തെ ഉയർത്തിപ്പിടിച്ചു. പത്തൊൻപതാം നൂറ്റാണ്ടിൽ ജർമ്മൻ തത്വചിന്തകനും വിവർത്തകനുമായ ഫ്രീഡ്റിക്ക് ഷ്ളേയർമാഷർ മൂലസംസ്കാരത്തോടും മൂലപാഠത്തോടും ഉന്മുഖമായ ഒരു വിവർത്തനസങ്കല്പം അവതരിപ്പിക്കുകയുണ്ടായി. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലുമായി പുറത്തുവന്ന സർ റിച്ചാർഡ് ബർട്ടന്റെയും ജോസഫ് ചാൾസ് മാഡ്രൂസിന്റെയും ആയിരത്തൊന്നു രാവുകളുടെ വിവർത്തനങ്ങൾ (യഥാക്രമം ഇംഗ്ലീഷിലും ഫ്രെഞ്ചിലും) ഷ്ളേയർമാഷറുടെ വിവർത്തനസങ്കല്പവുമായി ചേർന്നുനിൽക്കുന്നവയായിരുന്നു. മൂലത്തോടുള്ള ചേർച്ചയ്ക്കും വിധേയത്വത്തിനും പ്രധാന്യം നൽകുന്ന വിവർത്തനരീതിയും വിവർത്തനസങ്കല്പവും ഇരുപതാം നൂറ്റാണ്ടോളം തുടർന്നുവെന്ന് ഇതിലൂടെ വ്യക്തമാകുന്നു. വ്യവഹാരവിഷയമെന്ന നിലയിൽ വിവർത്തനത്തിന്റെ നിലനിൽപ്പിനെ നിർണ്ണയിക്കുന്നതിൽ മൂലകേന്ദ്രിതമായ വീക്ഷണരീതിയ്ക്ക് ഈ കാലയളവിൽ വലിയ പ്രാധാന്യമുണ്ടായിരുന്നുവെന്നു പറയാം.

എങ്കിലും ഈ കാലയളവിലെ വിവർത്തനവ്യവഹാരങ്ങൾ മൂലകേന്ദ്രിതത്വത്താൽ മാത്രം നിർണ്ണയിക്കപ്പെട്ടവയായിരുന്നില്ല. ലക്ഷ്യഭാഷോന്മുഖമായ വിവർത്തനസങ്കല്പങ്ങളും ഏറിയും കുറഞ്ഞുമുള്ള തീവ്രതയോടെ ഇതിനു സമാന്തരമായി രൂപപ്പെട്ടു. പദാനുപദ വിവർത്തനത്തോടുള്ള വിപ്രതിപത്തി സിസെറോയുടേയും ഹോറെസിന്റേയും വിവർത്തനചിന്തകൾ മുതലേ ആരംഭിക്കുന്നുണ്ട്. ബൈബിളിലെ ദൈവവചനങ്ങളുടെ വിവർത്തനത്തിൽ പദാനുപദരീതി പിൻതുടർന്നുവെങ്കിലും സെയിന്റ് ജെറോമിന്റെ പൊതുവായ വിവർത്തനസങ്കല്പം അർത്ഥാനുവാദം അഥവാ 'സെൻസം സെൻസോ' ആയിരുന്നുവെന്ന് മുൻപ് സൂചിപ്പിച്ചു. ശൈലീഭംഗിയിൽ മൂലപാഠത്തെ പിൻപറ്റുന്നതിനോട് യോജിച്ചുവെങ്കിലും പതിനാറാം നൂറ്റാണ്ടിൽ എറ്റിയെൻ ഡോ

ലെയ്ക്കുണ്ടായിരുന്ന പൊതുവായ വിവർത്തനതത്വം പദാനുപദ വിവർത്തനത്തെ അനുകൂലിക്കുന്നതായിരുന്നില്ല. ആരെങ്കിലും പദാനുപദ പരിഭാഷ നടത്തിയാൽ അത് അവരുടെ ആശയദാരിദ്ര്യത്തിന്റെയും അജ്ഞാനത്തിന്റെയും ഫലമാണെന്ന അഭിപ്രായം അദ്ദേഹത്തിനുണ്ടായിരുന്നു (Windle, Pym, 2011 : 9). പതിനേഴ്, പതിനെട്ട് നൂറ്റാണ്ടുകളിൽ ഫ്രാൻസിൽ മൂലപാഠവുമായി വിദൂരസാദൃശ്യം മാത്രം പുലർത്തുന്നതും വിശ്വസ്തതയ്ക്ക് അത്രമേൽ പ്രാധാന്യം കല്പിക്കാത്തതുമായ പുതിയൊരു വിവർത്തനപ്രവണത രൂപപ്പെടുകയുണ്ടായി. ഈ കാലയളവിലെ വിവർത്തനങ്ങൾ പിൽക്കാലത്ത് 'അവിശ്വസ്തകളായ സുന്ദരിമാർ' (belles infideles) എന്നു വിശേഷിപ്പിക്കപ്പെട്ടു. ഒരു വ്യവഹാരവിഷയമെന്ന നിലയിലുള്ള വിവർത്തനത്തിന്റെ സ്ഥാപനത്തിലും വികാസത്തിലും ലക്ഷ്യഭാഷാകേന്ദ്രിതമായ സമീപനങ്ങൾക്കും ചിന്തകൾക്കും തുല്യപ്രാധാന്യവും പങ്കാളിത്തവും ഉണ്ടായിരുന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു. വിവർത്തനമെന്ന വ്യവഹാരവിഷയം ഒരു ഘട്ടത്തിലും ഏകമുഖമായിരുന്നില്ലെന്നും, അതിന്റെ അതിർത്തികളും സ്വഭാവങ്ങളും സാധ്യതകളും തർക്കമില്ലാത്തവിധം നിർണ്ണയിക്കുക സാധ്യമായിരുന്നില്ലെന്നും, എല്ലായ്പ്പോഴും അത് ബഹുമുഖവും പലപ്പോഴും വൈരുധ്യാത്മകവുമായ ആശയങ്ങളെയും സമീപനങ്ങളെയും ഉൾക്കൊണ്ടിരുന്നുവെന്നും ഇതിലൂടെ വ്യക്തമാകുന്നു.

വ്യവഹാരവിഷയമെന്ന നിലയിൽനിന്ന് വൈജ്ഞാനികവിഷയമെന്ന നിലയിലേക്കുള്ള വിവർത്തനത്തിന്റെ വികാസം ഇരുപതാം നൂറ്റാണ്ടോടെ സംഭവിച്ചുതുടങ്ങി. വിവിധങ്ങളായ സാഹചര്യങ്ങളും സ്വാധീനങ്ങളും ഇതിനു കാരണമായിത്തീർന്നു. കോളനിവൽക്കരണം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിക്കുകയും കൂടുതൽ വ്യവസ്ഥാപിതമായ സ്വഭാവം കൈവരിക്കുകയും ചെയ്തതോടെ വിവർത്തനത്തിന്റെയും വിവർത്തനകൃതികളുടെയും പ്രായോഗികവും വൈജ്ഞാനികവുമായ പ്രസക്തി വർധിച്ചു. വിവർത്തനചിന്തകളിലും ഈ ഘട്ടത്തിൽ ചില ദിശാവ്യതിയാനങ്ങൾ സംഭവിച്ചുതുടങ്ങി. മുൻകാലങ്ങളിലെ വിവർത്തനചിന്തകൾ മുഖ്യമായും പ്രയോഗനിഷ്ഠവും നിർദ്ദേശാത്മകവും (Prescriptive) ആയിരുന്നുവെങ്കിൽ, ഈ ഘട്ടംമുതൽ വിവർത്തനചിന്തകൾ വിവരണാത്മകവും (Descriptive) താത്വികവുമായിത്തീരാൻ തുടങ്ങി. വിവർത്തനപ്രക്രിയയുടെ ഉള്ളടരുകളെക്കുറിച്ചും വിവിധ മാനങ്ങളെക്കുറിച്ചുമുള്ള ആലോചനകൾക്കും ലക്ഷ്യപാഠനിഷ്ഠമായ വിശകലനങ്ങൾക്കും ഈ ഘട്ടംമുതൽ കൂടുതൽ പ്രാധാന്യം കൈവന്നു. ഭാഷാപഠനവും സാഹിത്യപഠനവും ഔദ്യോഗികമായ അക്കാദമികവിഷയങ്ങളായി സർവ്വകലാശാലകളിൽ പ്രതിഷ്ഠ നേടുന്ന കാലഘട്ടം കൂടിയാണിത്. യൂറോപ്പിലെ പ്രൗഢഭാഷകളുടെ അധികാരപ്രത്യയശാസ്ത്രത്തിന്റെ ഉപോല്പന്നമായ താരതമ്യസാഹിത്യവും ഒരു വൈജ്ഞാനികവിഷയമെന്ന നിലയിൽ സർവ്വകലാശാലകളിലും മറ്റു പഠനകേന്ദ്രങ്ങളിലും പ്രതിഷ്ഠ നേടിയിരുന്നു. ഈ ഘടകങ്ങൾ വിവർത്തനമെന്ന വ്യവഹാരവിഷയവുമായി വിവിധ തലങ്ങളിൽ ബന്ധപ്പെടുകയും അതിനെ സ്വാധീനിക്കുകയും ചെയ്തു. ക്രമേണ സാഹിത്യപഠനത്തിന്റെയും ഭാഷാപഠനത്തിന്റെയും താരതമ്യസാഹിത്യപഠനത്തിന്റെയും ഭാഗമായി വിവർത്തനത്തിന് വൈജ്ഞാനികവിഷയപദവി കൈവരികയും ചെയ്തു.

മറ്റു മാനവികവിഷയങ്ങൾക്കു സംഭവിച്ചതിനു സമാനമായ രീതിയിൽ, ശാസ്ത്രീയമായ രീതിശാസ്ത്രത്തിലൂടെയും വിശകലനസമ്പ്രദായങ്ങളിലൂടെയും വിവർത്തനപഠനത്തെ കൂടുതൽ വിഷയബദ്ധമാക്കുവാനും ശാസ്ത്രീയവൽക്കരിക്കാനുമുള്ള ശ്രമങ്ങളാണ് ആദ്യഘട്ടത്തിൽ നടന്നത്. ഇതിനായി ഭാഷാശാസ്ത്രസിദ്ധാന്തങ്ങളാണ് മുഖ്യമായും ഉപയോഗിക്കപ്പെട്ടത്. ഭാഷാശാസ്ത്രസിദ്ധാന്തങ്ങളുടെ സഹായത്തോടെ വിവർത്തനപ്രക്രിയയെ വിശദീകരിക്കുകയും വിവർത്തനങ്ങളുടെ മൂല്യനിർ

ണ്ണയം നടത്തുകയും ചെയ്യുന്ന യൂജിൻ നൈഡയുടെ വിവർത്തനസിദ്ധാന്തങ്ങൾ (Toward a Science of Translating, 1964) ഇത്തരം ശ്രമങ്ങൾക്കുള്ള ഒരു പ്രധാന ഉദാഹരണമാണ്. ബൈബിൾ വിവർത്തനത്തിൽ പ്രധാനമായും ഊന്നിക്കൊണ്ടുള്ള നൈഡയുടെ നിരീക്ഷണങ്ങൾ മൂലപാഠത്തിന്റെ ദൈവികതയെയും മൗലികതയെയും ഊന്നിപ്പറയുന്ന പരമ്പരാഗത വിവർത്തനചിന്തകളോടു ചേർന്നുപോകുന്നവയായിരുന്നുവെന്നത് ശ്രദ്ധേയമാണ്. വിവർത്തനത്തെക്കുറിച്ചുള്ള പഠനത്തെ ഏകമുഖമായി ശാസ്ത്രീയവൽക്കരിക്കാനുള്ള ശ്രമം പലപ്പോഴും പരമ്പരാഗതമായ ചിന്താരീതികളുടെയും വിഷയാതിർത്തികളുടെയും പുനഃസൃഷ്ടിയിലേക്കു നയിച്ചുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ഭാഷാശാസ്ത്രപരമായ വിവർത്തനവിശകലനങ്ങൾ ഭാഷാഘടകങ്ങളെ മുൻനിർത്തിയുള്ള സമമൂല്യതയുടെ വിശദീകരണത്തിലാണ് പ്രധാനമായും ശ്രദ്ധയൂന്നിയത്. ശാസ്ത്രീയമായ രീതിപദ്ധതികൾ ഉപയോഗിച്ചുവെങ്കിലും, ഒത്തുനോക്കലിലും മൂല്യനിർണ്ണയത്തിലും പ്രയോഗനിഷ്ഠമായ നിർദ്ദേശാത്മകനിരീക്ഷണങ്ങളിലും മാത്രം താല്പര്യമെടുത്ത പരമ്പരാഗത വിവർത്തനചിന്തയിൽ നിന്ന് ഏറെദൂരം മുന്നോട്ടുപോകാൻ ഈ ഭാഷാശാസ്ത്രഘട്ടത്തിന് കഴിഞ്ഞുവെന്നു കരുതാനാവില്ല. എങ്കിലും വിവർത്തനത്തെക്കുറിച്ചുള്ള പഠനത്തിന് ശാസ്ത്രീയവും ഗൗരവമാർന്നതുമായ പരിവേഷവും പദവിയും സംഭാവനചെയ്യുന്നതിനും, സങ്കല്പനപരമായ അടിത്തറകൾ ഒരുക്കുന്നതിനും, ശാസ്ത്രീയമായ പാഠവിശകലനത്തെ സംബന്ധിച്ച അടിസ്ഥാനാശയങ്ങൾ രൂപപ്പെടുത്തുന്നതിനും ഭാഷാശാസ്ത്രഘട്ടം സഹായകമായി. ഭാഷാശാസ്ത്രപരം മാത്രമായ വിവർത്തനവിശകലനങ്ങൾ ഏകമുഖവും യാന്ത്രികവുമാണെന്നും, കൂടുതൽ ബഹുമുഖവും അന്തർവൈജ്ഞാനികവുമായ സമീപനമാണ് വിവർത്തനപഠനം ആവശ്യപ്പെടുന്നതെന്നുമുള്ള തിരിച്ചറിവിലേക്ക് ഈ ഘട്ടത്തിന്റെ പരിമിതികൾ പഠിതാക്കളെ നയിച്ചു.

വിവർത്തനപഠനത്തിന്റെ അന്തർവൈജ്ഞാനികമായ സ്വഭാവവും സാധ്യതകളും തിരിച്ചറിയപ്പെടാനും അന്വേഷിക്കപ്പെടാനും തുടങ്ങിയത്, അറിവുല്പാദനത്തിന്റെ ചരിത്രത്തിൽ സംഭവിച്ചുതുടങ്ങിയ പുതിയ ദിശാവ്യതിയാനത്തിന് അനുബന്ധമായിക്കൂടിയാണെന്നു പറയാം. പുതുതായി ഉണർന്ന ഒരു സാംസ്കാരിക ഉന്മുഖത്വമാണ് ഈ വ്യതിയാനം (Cultural Turn). എഴുപതുകളോടെ സാഹിത്യപഠനം പൊതുവിൽ ത്തന്നെ കൂടുതൽ സാംസ്കാരികോന്മുഖമായി മാറിത്തുടങ്ങി. സംസ്കാരപഠനത്തിന് ഒരു ജ്ഞാനപദ്ധതിയെന്ന നിലയിൽ സ്വീകാര്യതയും പ്രചാരവും പ്രസക്തിയും കൈവന്നു. ഉന്നതമായി കണക്കാക്കപ്പെട്ടിരുന്നതും മൗലികത അവകാശപ്പെടുന്നതുമായ സാഹിത്യരൂപങ്ങൾ മാത്രമായിരുന്നില്ല സംസ്കാരപഠനത്തിന്റെ വിഷയങ്ങൾ. വിവർത്തനങ്ങളുൾപ്പെടെ എല്ലാത്തരം സാംസ്കാരികപാഠങ്ങളെയും ഉൾക്കൊള്ളുന്ന തരത്തിൽ വിശാലമായിരുന്നു സംസ്കാരപഠനത്തിന്റെ മണ്ഡലം. ഭാഷാപരമായ ഒരു പ്രക്രിയ എന്നതിനേക്കാൾ ഒരു സാംസ്കാരികപ്രക്രിയയായി വിവർത്തനം തിരിച്ചറിയപ്പെടാൻ തുടങ്ങുന്നതും ഈ സന്ദർഭത്തിലാണ്. കോളനിയനന്തര സിദ്ധാന്തങ്ങളും സ്ത്രീവാദ സിദ്ധാന്തങ്ങളും വിവർത്തനങ്ങളെയും വിവർത്തനപ്രക്രിയയെയും സംബന്ധിച്ച പുതിയ കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുന്നതിൽ പങ്കുവഹിച്ചു. ഹോമി ഭാഭ, ഗായത്രി സ്പിവാക്ക് എന്നിവരുടെ കോളനിയനന്തര പഠനങ്ങൾ വിവർത്തനത്തിന്റെ സാംസ്കാരികവും അധികാരപരവുമായ വിവക്ഷകളെ സൂക്ഷ്മമായി പരിശോധിച്ചു. ലിംഗഭേദത്തിന്റെ അധികാരശ്രേണീകരണവുമായി ബന്ധപ്പെടുത്തി വിവർത്തനത്തിന്റെ പുരുഷാധികാരപരമായ തലങ്ങളെ അപനിർമ്മിക്കുവാൻ സ്ത്രീവാദചിന്തകർ ശ്രമിച്ചു. ഒരു സാംസ്കാരികപ്രക്രിയയായി വിവർത്തനത്തെ പുനർനിർവ്വചിക്കാനും, അതിലൂടെ വിവർത്തനപഠനത്തിന് അന്തർവൈജ്ഞാനികസ്വഭാവം നൽകുവാനും ഇത്തരം ഘടകങ്ങൾ സഹായകമായി.

വിവർത്തനത്തെ സംബന്ധിച്ച കാഴ്ചപ്പാടുകൾ വിശാലമാകുകയും സാംസ്കാരിക മാനങ്ങൾ കൈവരിക്കുകയും ചെയ്തതിന്റെ ഭാഗമായി വിവർത്തനപഠനം ലക്ഷ്യപാഠത്തോടും ലക്ഷ്യസംസ്കാരത്തോടും കൂടുതലായി അടുത്തു. ലക്ഷ്യസംസ്കാരത്തിൽ വിവർത്തനം എങ്ങനെ സ്വീകരിക്കപ്പെടുകയും പ്രവർത്തിക്കുകയും ചെയ്യുന്നു, ലക്ഷ്യഭാഷയിൽ ഒരു പ്രത്യേക വിവർത്തനത്തെ ആവശ്യമാക്കിത്തീർക്കുന്ന ഘടകങ്ങളെന്തെല്ലാം മുതലായ ചോദ്യങ്ങൾ പ്രധാനങ്ങളായി. വിവർത്തനത്തിലെ സാമ്യത്തെയും സമമൂല്യതയെയും മുൻനിർത്തിയുള്ള പരമ്പരാഗത പഠനരീതിയുടെ സ്ഥാനത്ത് വിവർത്തനത്തിലെ വ്യത്യാസങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള വിശകലനരീതി നിലവിൽവന്നു. അന്തർവൈജ്ഞാനികമായ ഉൾക്കാഴ്ചകളും രീതിശാസ്ത്രവും വിശകലനമാർഗ്ഗങ്ങളും ഇത്തരം അന്വേഷണങ്ങളിൽ അനിവാര്യമായിത്തീർന്നു. ചരിത്രം, സാഹിത്യചരിത്രം, സാംസ്കാരിക സിദ്ധാന്തങ്ങൾ, ലിംഗഭേദപഠനങ്ങൾ, ഭാഷാശാസ്ത്രം, പാഠവിശകലനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട വിവിധ വിജ്ഞാനധാരകളുടെ ബഹുമുഖമായ ഉൾക്കാഴ്ചകളും അന്വേഷണമാർഗ്ഗങ്ങളും വിവർത്തനപഠനത്തിലേക്ക് കടന്നുവരുവാൻ തുടങ്ങി. ലക്ഷ്യസംസ്കാരത്തിലെ സാഹിത്യബഹുവ്യവസ്ഥയിലെ നിർണ്ണായകഘടകമായി വിവർത്തനങ്ങളെ കണക്കാക്കിക്കൊണ്ട് അവയുടെ പ്രവർത്തനം അപഗ്രഥിക്കുന്ന ഇറ്റാമർ ഇവൻ സൊഹറിന്റെയും ഗിദെയോൻ ടൂറിയുടെയും പഠനങ്ങൾ, ധർമ്മനിഷ്ഠമായി വിവർത്തനങ്ങളെ നോക്കിക്കാണുന്ന ഹാൻസ് വെർമീറിന്റെ ആശയങ്ങൾ, ഹാരോൾഡ് ഡി കാമ്പോസിന്റെയും അഗസ്റ്റോ കാമ്പോസിന്റേയും ഗായത്രി സ്പിവാക്കിന്റെയും കോളനിയനന്തര വിവർത്തനനിലപാടുകൾ, ഘടനാവാദാനന്തരചിന്തയുടെ സൈദ്ധാന്തികവീക്ഷണത്തിലൂടെ കൊളോണിയൽ അധിനിവേശത്തിന്റെ സാംസ്കാരികപ്രവർത്തനമെന്ന നിലയിൽ വിവർത്തനത്തെ നോക്കിക്കാണുന്ന തേജസ്വിനി നിരഞ്ജനയുടെ ആലോചനകൾ, ലോറി ചേംബർലെയ്ന്റെയും ഷെറി സൈമണിന്റെയും സൂസൻ ഹാർവുഡിന്റെയും ലുയീസ് വോൺ ഫ്ലോട്ടോവിന്റെയും സ്ത്രീപക്ഷ വിവർത്തനവിചാരങ്ങൾ എന്നിങ്ങനെ വിവിധങ്ങളായ അന്വേഷണവഴികളും ജ്ഞാനധാരകളും സിദ്ധാന്തങ്ങളും ഈ ദിശാവ്യതിയാനത്തെ ത്വരിതപ്പെടുത്തി. 'വിവർത്തനപഠനങ്ങൾ' (Translation Studies) എന്ന അന്തർവൈജ്ഞാനികവും സാംസ്കാരികോന്മുഖവുമായ പഠനമേഖലയുടെ വ്യവസ്ഥാപനത്തിലേക്ക് ഈ ഘടകങ്ങൾ നയിച്ചു. വൈവിധ്യമാർന്ന സമകാലികപഠനങ്ങൾ അന്തർവൈജ്ഞാനികമായ വിവർത്തനപഠനങ്ങളുടെ ഈ നവീന ജ്ഞാനമണ്ഡലത്തെ പുതിയ പരിസരങ്ങളിലേക്ക് വികസിപ്പിക്കുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലുണ്ടായിട്ടുള്ള Translation and Globalization (Michael Cronin, 2003), Translation and Identity (Michael Cronin, 2006), Translation goes to the Movies (Michael Cronin, 2009), Translation in the Digital Age (Michael Cronin, 2013), Translation and Geography (Federico Italiano, 2016) Eco-Translation: Translation and Ecology in the Age of the Anthropocene (Michael Cronin, 2017), Translation and Migration (Moira Inghilleri, 2017), Fictional Translators: Rethinking Translation through Literature (Rosemary Arrojo, 2018) തുടങ്ങിയ വിവർത്തനപഠനഗ്രന്ഥങ്ങൾ ഉദാഹരണങ്ങളാണ്. സാംസ്കാരികസിദ്ധാന്തങ്ങൾ, സാമൂഹ്യ-രാഷ്ട്രീയ സിദ്ധാന്തങ്ങൾ, സാമൂഹ്യശാസ്ത്രപഠനങ്ങൾ, സാഹിത്യ-ചലച്ചിത്ര പഠനങ്ങൾ, നവസാങ്കേതികത, ഡിജിറ്റൽ മാധ്യമപഠനങ്ങൾ, ഭൂമിശാസ്ത്രപഠനങ്ങൾ, യാത്രാവിവരണപഠനങ്ങൾ, പരിസ്ഥിതിചിന്ത മുതലായ വൈവിധ്യമാർന്ന മേഖലകളുമായി കൈകോർത്തുകൊണ്ട് ഈ പഠനങ്ങൾ വിവർത്തനപഠനത്തിന്റെ പരിധികളെ വികസിപ്പിക്കുകയും, സമകാലിക ലോകാവസ്ഥകളെയും പ്രതിസന്ധികളെയും അഭിസംബോധന ചെയ്യാനുള്ള അതിന്റെ കഴിവിനെയും സാധ്യതകളെയും വർധിപ്പിക്കുകയും ചെയ്യുന്നു. എഡ്വിൻ ജെന്റ്സ്ലർ രചിച്ച Translation

JOURNAL OF dbct
VOLUME 10(2)
SEPTEMBER 2023
ISSN: 2348 - 7984



and Rewriting in the Age of Post-Translation Studies (2017) എന്ന വിവർത്തന പഠനഗ്രന്ഥവും ശ്രദ്ധേയമാണ്. ശീർഷകത്തിലെ "Post-Translation Studies" എന്ന പ്രയോഗം ജ്ഞാനപരമായ ചില മറികടക്കലുകളെയും അനന്തരാവസ്ഥകളെയും സൂചിപ്പിക്കുന്നു. രണ്ടുതരം അർത്ഥസൂചനകൾ ഈ പ്രയോഗത്തിൽ ഉള്ളടങ്ങുന്നുണ്ട്. ഒന്നാമതായി വിവർത്തനപഠനമെന്ന ജ്ഞാനമേഖലയുടെ മുൻനിശ്ചിതമായ അതിരുകൾക്കു വെളിയിലെ അന്തർവൈജ്ഞാനികമായ തുറവിയിലേക്ക് വിവർത്തനമെന്ന പഠനവിഷയത്തെ ആനയിക്കുക (Post-*Translation Studies*); രണ്ടാമതായി, വിവർത്തനപാഠത്തിനും വിവർത്തനപാഠത്തിന്റെ അടിയന്തിരമായ സ്വീകരണസന്ദർഭത്തിനുമപ്പുറം വിവർത്തനാനന്തരമുള്ള സാംസ്കാരികപരിണാമത്തിന്റെ വിപുലസന്ദർഭത്തെ പഠനവിധേയമാക്കുക (*Post*-Translation Studies). ഈ രണ്ടു മാനങ്ങൾക്കും ഊന്നൽനൽകിക്കൊണ്ട് പാശ്ചാത്യ ക്ലാസ്സിക്കുകളുടെ വിവർത്തനചരിത്രത്തെ അന്തർവൈജ്ഞാനികമായി പുനർവായിക്കുകയാണ് എഡ്വിൻ ജെന്റ്സ്ലർ ഈ ഗ്രന്ഥത്തിൽ ചെയ്യുന്നത്. കേവലം ഭാഷാനിഷ്ഠവും പാഠബദ്ധവുമായ ഒരു പ്രവർത്തനമെന്നതിനപ്പുറം, എല്ലാത്തരം സംസ്കാരരൂപീകരണങ്ങളെയും സാംസ്കാരികവിനിമയങ്ങളെയും നിർണ്ണയിക്കുന്ന അടിസ്ഥാനവൃത്തിയെന്ന നിലയിൽ വിശാലമായ അർത്ഥത്തിലാണ് സമകാലിക വിവർത്തനപഠിതാക്കൾ 'വിവർത്തനം' എന്ന സംജ്ഞയെ മനസ്സിലാക്കുന്നത്. വിവർത്തനപഠനങ്ങൾ ഇന്ന് സംസ്കാരപഠനവുമായി കണ്ണിചേർന്ന് വികസിക്കുന്നു. വിവർത്തനമെന്നാൽ സംസ്കാരങ്ങളുടെ വിവർത്തനമാണെന്ന അവബോധമാണ് സമകാലിക വിവർത്തനപഠനങ്ങളുടെയും ആ പഠനമേഖലയുടെ അന്തർവൈജ്ഞാനിക സ്വരൂപത്തിന്റെയും അടിസ്ഥാനം (ജയാ സുകുമാരൻ, 2011 : 68).

മലയാളത്തിൽ വിവർത്തനത്തെ സംബന്ധിച്ച വിവിധങ്ങളായ ആശയങ്ങളും അഭിപ്രായങ്ങളും പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതി മുതൽക്കേ ഉണ്ടായിട്ടുണ്ട്. എങ്കിലും വിപുലമായ സിദ്ധാന്തങ്ങളോ സൂക്ഷ്മമായ അപഗ്രഥനങ്ങളോ ആയി വിവർത്തനചിന്തകളെ വികസിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ടെന്നു പറയാനാവില്ല. സാഹിത്യപരമോ മതപരമോ ആയ വിവർത്തനസംരംഭങ്ങളിലേർപ്പെട്ടിരുന്ന എഴുത്തുകാരുടെ അനുഭവക്കുറിപ്പുകളുടെയും വ്യക്തിപരമായ നിലപാടുകളുടെയും രൂപത്തിലുള്ളവയാണ് മലയാളത്തിലെ ആദ്യകാല വിവർത്തനചിന്തകളിൽ ഭൂരിഭാഗവും. വിവർത്തനങ്ങളുടെ വിശകലനത്തിലൂടെയും പഠനത്തിലൂടെയുമല്ല, മറിച്ച് പൂർവ്വധാരണകളെയും ആത്മനിഷ്ഠമായ ആഭിമുഖ്യങ്ങളെയും അടിസ്ഥാനമാക്കിയാണ് ഈ നിലപാടുകളധികവും രൂപപ്പെട്ടിട്ടുള്ളത്. ഹെർമൻ ഗുണ്ടർട്ട്, നാലപ്പാട്ട് നാരായണമേനോൻ, കേസരി ബാലകൃഷ്ണപിള്ള, സഞ്ജയൻ, കുട്ടികൃഷ്ണമാരാർ, ഉറൂബ്, കുറ്റിപ്പുഴ, അയ്യപ്പപ്പണിക്കർ, ചങ്ങമ്പുഴ, എൻ.കെ.ദാമോദരൻ, സുകുമാർ അഴീക്കോട് തുടങ്ങിയവർ വിവർത്തനചിന്തകൾ രേഖപ്പെടുത്തിയിട്ടുണ്ട് (ജയാസുകുമാരൻ, 2011 : 91-102). പ്രയോഗനിഷ്ഠമായ നിർദ്ദേശാത്മക (Prescriptive) നിരീക്ഷണങ്ങളുടെ പൊതുസ്വഭാവമാണ് ഇവരുടെ വിവർത്തനചിന്തകൾ പുലർത്തുന്നത്. ഈ ചിന്തകളിൽ വിവർത്തനം ഒരു വ്യവഹാരവിഷയമെന്ന നിലയിലാണ് മുഖ്യമായും സമീപിക്കപ്പെടുന്നത്. വൈജ്ഞാനികവിഷയമെന്ന മാനം മലയാളത്തിലെ ആദ്യകാല വിവർത്തനചിന്തകളിൽ വിവർത്തനത്തിനു കൈവന്നതായി കരുതാൻ കഴിയില്ല.

പ്രയോഗനിഷ്ഠമായ നിർദ്ദേശാത്മകചിന്തകളിൽനിന്നു ഭിന്നമായി വിവർത്തനങ്ങളെ വിവരണാത്മകമായി സമീപിക്കുന്ന രീതി 1970-കളോടെ മലയാളത്തിലേക്ക് കടന്നുവന്നു. വിശദമായി പഠിക്കേണ്ട ഒരു വിഷയമേഖലയെന്ന നിലയിൽ മലയാളത്തിൽ വിവർത്തനം തിരിച്ചറിയപ്പെട്ടു തുടങ്ങുന്ന സന്ദർഭമായി ഈ ഘട്ടത്തെ കാണാം. എഴുപതുകൾ മുതൽ വിവർത്തനമെന്ന വിഷയത്തെ കേന്ദ്രമാക്കി വൈജ്ഞാനിക

ഗ്രന്ഥങ്ങൾ മലയാളത്തിൽ പുറത്തുവന്നു തുടങ്ങി. 1974–ൽ പ്രസിദ്ധീകരിച്ച ഡോ.വി. ആർ.പ്രബോധചന്ദ്രന്റെ *വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക* എന്ന ഗ്രന്ഥം ഇവയിലാദ്യത്തേതാണ്. ആധുനിക ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിവർത്തന പ്രക്രിയയെ വിശദീകരിക്കുന്ന ഒരു പഠനഗ്രന്ഥമാണിത്. ഭാഷാസിദ്ധാന്തങ്ങളുടെയും അതിനോടനുബന്ധിച്ച ശാസ്ത്രീയമായ വിശകലനമാതൃകകളുടെയും അടിസ്ഥാനത്തിൽ വിവർത്തനത്തിന് കൃത്യമായ നിർവ്വചനവും വിശദീകരണവും നൽകുവാനും, അങ്ങനെ വിവർത്തനത്തെ ഒരു സവിശേഷ ജ്ഞാനവിഷയമായി പരിവർത്തിപ്പിക്കുവാനുമുള്ള ശ്രമത്തിന്റെ ഭാഗമായി ഈ ഗ്രന്ഥത്തെ കാണാം. ഈ ഘട്ടത്തിൽ വിവർത്തനത്തെ സംബന്ധിച്ച അന്തർവൈജ്ഞാനികമായ ഉൾക്കാഴ്ചകൾ മലയാളത്തിൽ രൂപപ്പെട്ടിട്ടില്ല. വിഷയസ്വഭാവം (Disciplinary nature) നിർവ്വചിക്കാനുള്ള ശ്രമമാണ് ഈ ഘട്ടത്തിൽ കാണാനാവുക.

വിവർത്തനത്തെ സംബന്ധിച്ച വിവിധ സൈദ്ധാന്തികധാരകളെ പരിചയപ്പെടുത്തുന്ന വൈജ്ഞാനിക ഗ്രന്ഥങ്ങൾ 1990–കൾ മുതൽ മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു തുടങ്ങി. വിവർത്തനത്തെ ഭാഷാശാസ്ത്രത്തിന്റെ ഏകമുഖമായ സാങ്കേതികവീക്ഷണത്തിലൂടെ മാത്രം നോക്കിക്കാണുന്നതിനു പകരം ഭിന്നരീതികളിലൂടെ സമീപിക്കുവാനുള്ള താല്പര്യം ഇത്തരം ഗ്രന്ഥങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. വിവർത്തനത്തെ സംബന്ധിച്ചുള്ള കൃത്യവും ഏകമുഖവുമായ വിഷയസങ്കല്പം മങ്ങുകയും, അന്തർവൈജ്ഞാനികമായ ഉൾക്കാഴ്ചകൾ രൂപപ്പെടാൻ തുടങ്ങുകയും ചെയ്യുന്ന പ്രാരംഭഘട്ടമായി ഈ സന്ദർഭത്തെ കാണാവുന്നതാണ്. ഡോ.വി.ആർ.പ്രബോധചന്ദ്രൻ എഡിറ്റ് ചെയ്ത *വിവർത്തനചിന്തകൾ* (1994), ഡോ.കെ.എ.കോശിയുടെ *ഭാഷയും ഭാഷാന്തരണവും* (1994), ഡോ.എൻ.ഇ.വിശ്വനാഥയ്യരുടെ *വിവർത്തനവിചാരം* (1996), ഡോ.ജയാസുകുമാരനും ഡോ.സ്കറിയാ സക്കറിയയും എഡിറ്റ് ചെയ്ത *തർജമ സിദ്ധാന്തവും പ്രയോഗവും മലയാളത്തിൽ* (1997) മുതലായ ഗ്രന്ഥങ്ങൾ ഈ രീതിയിലുള്ളവയായിരുന്നു (ജയാസുകുമാരൻ, 2011 : 103–108).

അന്തർവൈജ്ഞാനികവും സാംസ്കാരികോന്മുഖവുമായ വിവർത്തനപഠനങ്ങളുടെ സ്വരൂപത്തിലേക്ക് മലയാളത്തിലെ വിവർത്തനവിചാരങ്ങളും അന്വേഷണങ്ങളും പ്രവേശിക്കുന്നത് ഇരുപത്തൊന്നാം നൂറ്റാണ്ടോടെയാണെന്നു പറയാം. ജയാസുകുമാരൻ രചിച്ച ബംഗാളി നോവലുകൾ മലയാളത്തിൽ : വിവർത്തനപഠനത്തിന്റെ സിദ്ധാന്തവും പ്രയോഗവും (2011) എന്ന പഠനഗ്രന്ഥം ഈ ദിശാമാറ്റത്തെ കൃത്യമായി അടയാളപ്പെടുത്തുന്നു. അന്തർവൈജ്ഞാനികമായ സമീപനം സ്വീകരിച്ചുകൊണ്ട് ബംഗാളി നോവലുകളുടെ മലയാളവിവർത്തനങ്ങളെ ധർമ്മനിഷ്ഠമായും ഉല്പന്നനിഷ്ഠമായും അപഗ്രഥിക്കുന്ന ഈ ഗ്രന്ഥത്തിൽ വിവർത്തനവ്യതിയാനങ്ങൾക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. വിവരണാത്മക വിവർത്തനപഠനങ്ങളുടെ രീതിശാസ്ത്രമാണ് ഈ പഠനം പിന്തുടരുന്നത്. സാഹിത്യചരിത്രം, ദേശീയചരിത്രം, വിവർത്തനസിദ്ധാന്തങ്ങൾ, ഭാഷാപഗ്രഥനം, സംസ്കാരവിശകലനം മുതലായ മേഖലകളിലെ ഉൾക്കാഴ്ചകൾ ഈ പഠനത്തിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നു. ആനന്ദമഠം, ആരണ്യക്, ആരോഗ്യനികേതനം എന്നീ ബംഗാളി നോവലുകളുടെ മലയാളവിവർത്തനങ്ങളെ ലക്ഷ്യസംസ്കാരസാഹചര്യങ്ങൾ എങ്ങനെയെല്ലാം സ്വാധീനിച്ചുവെന്നും, ദേശീയസമരത്തിന്റെയും ഹിന്ദുത്വ ദേശീയവാദത്തിന്റെയും പ്രത്യയശാസ്ത്രങ്ങളാൽ അവ എങ്ങനെ നിർണ്ണയിക്കപ്പെട്ടുവെന്നും ഈ പഠനം വ്യക്തമാക്കുന്നു. കേവലം ഭാഷാപരവും സാഹിതീയവുമായ നിരീക്ഷണങ്ങളിൽനിന്ന് സംസ്കാരപഠനത്തിന്റെയും സംസ്കാരവിമർശത്തിന്റെയും മണ്ഡലത്തിലേക്ക് ഈ ഘട്ടത്തോടെ മലയാളത്തിലെ വിവർത്തനപഠനങ്ങൾ വികസിച്ചുവെന്നു പറയാം. അന്തർവൈജ്ഞാനികവും

ബഹുമുഖവും സാംസ്കാരികോന്മുഖവുമായ ഒരു പഠനമേഖലയായി വിവർത്തനപഠനങ്ങൾ ഇന്ന് മലയാളത്തിൽ തിരിച്ചറിയപ്പെടുന്നു. വിവിധ സർവ്വകലാശാലകളിൽ നടന്നുവരുന്ന വിവർത്തനസംബന്ധമായ ഗവേഷണങ്ങളും മലയാളത്തിൽ പുതുതായി പുറത്തുവരുന്ന വിവർത്തനപഠനങ്ങളും ഈ മാറ്റത്തെയും തിരിച്ചറിവിനെയും കൂടുതൽ സ്പഷ്ടതയോടെ അടയാളപ്പെടുത്തുകയും ചെയ്യുന്നു.

**ഉപസംഹാരം**

അറിവിനെ അഥവാ ജ്ഞാനത്തെ പട്ടികപ്പെടുത്താനും വിവിധ ജ്ഞാനശാഖകളായി തരംതിരിക്കാനും ശ്രേണീകരിക്കാനുമുള്ള ശ്രമം പുരാതന ഗ്രീക്ക് തത്വചിന്താഘട്ടം മുതൽക്കേ ആരംഭിക്കുന്നു. നവോത്ഥാനത്തിന്റെയും ജ്ഞാനോദയത്തിന്റെയും കാലഘട്ടങ്ങളിൽ ഈ ശ്രമം കൂടുതൽ വിപുലമായി. മുതലാളിത്ത ആധുനികതയുടെ ചരിത്രഘട്ടത്തിലാണ് ഇന്നു നിലവിലുള്ള ജ്ഞാനശാഖകൾ സ്പഷ്ടമായി നിർവ്വചിക്കപ്പെട്ടതും പ്രതിഷ്ഠ നേടിയതും. മുതലാളിത്തസമൂഹത്തിന്റെ മാനവവിഭവപരമായ സങ്കീർണ്ണാവശ്യങ്ങളും, സർവ്വകലാശാലകളിലെ വിവിധ വകുപ്പുകളുടെ സ്വത്വസ്ഥാപനപരമായ ആഭ്യന്തരപ്രവർത്തനങ്ങളുമാണ് ആധുനിക ജ്ഞാനശാഖകളുടെ രൂപീകരണത്തെ നിർണ്ണയിച്ച മുഖ്യശക്തികൾ.

ആധുനിക ജ്ഞാനശാഖകളും അവയുടെ അതിർത്തികൾക്കുള്ളിലൊതുങ്ങുന്ന ജ്ഞാനാന്വേഷണവും പ്രശ്നവൽക്കരിക്കപ്പെടുന്ന സന്ദർഭത്തിലാണ് അന്തർവൈജ്ഞാനികമായ ജ്ഞാനോല്പാദനചിന്തകൾ രൂപപ്പെടാൻ തുടങ്ങിയത്. ഇത്തരം ബദൽ ചിന്തകൾക്കും ജ്ഞാനശാഖകളെ സംബന്ധിച്ച സന്ദേഹങ്ങൾക്കും ജ്ഞാനശാഖകളുടെ ചരിത്രത്തോളംതന്നെ പഴക്കമുണ്ട്. ആധുനിക ജ്ഞാനശാഖകൾ ഏകമുഖവും പരിമിതവും അധികാരബദ്ധവുമാണെന്നും, കൂടുതൽ തുറവിയുള്ളതും സമഗ്രവും ബഹുമുഖവും ജനാധിപത്യപരവുമായ ജ്ഞാനോല്പാദനമാർഗ്ഗങ്ങൾ അനിവാര്യമാണെന്നുമുള്ള തിരിച്ചറിവാണ് അന്തർവൈജ്ഞാനികസമീപനം സ്വീകരിക്കുന്നതിലേക്ക് പഠിതാക്കളെ നയിച്ചത്. വിവിധ ജ്ഞാനശാഖകളുടെ അതിർത്തികൾ മായ്ച്ചുകൊണ്ട്, അവയുടെ അറിവുകളെയും ഉൾക്കാഴ്ചകളെയും രീതിശാസ്ത്രങ്ങളെയും സമന്വയിപ്പിച്ച് ഉദ്ഗ്രഥനാത്മകമായി ജ്ഞാനാന്വേഷണവും ജ്ഞാനോല്പാദനവും സാധ്യമാക്കുന്ന സമീപനമാണ് അന്തർവൈജ്ഞാനികത.

വിവർത്തനപഠനം ജ്ഞാനവിഷയപരമായ പദവി കൈവരിച്ചത് വൈകിയാണ്. മുൻകാലങ്ങളിൽ വ്യവഹാരവിഷയപരമായ പദവിയായിരുന്നു വിവർത്തനത്തിനും വിവർത്തനചിന്തകൾക്കും ഉണ്ടായിരുന്നത്. ആധുനികതയുടെ സന്ദർഭത്തിൽ വിവർത്തനത്തിന് ജ്ഞാനവിഷയപരമായ സ്വത്വപദവി കൈവന്നു. ഭാഷാശാസ്ത്രപരമോ സാഹിത്യപഠനസംബന്ധമോ ആയ വിഷയാതിർത്തിക്കുള്ളിലാണ് ആദ്യഘട്ടത്തിൽ വിവർത്തനപഠനം നിർവ്വചിക്കപ്പെട്ടത്. ഇത്തരം വിഷയബദ്ധതയുടെ പരിമിതികൾ പിന്നീട് തിരിച്ചറിയപ്പെട്ടു. സംസ്കാരപഠനം, കോളനിയനന്തരപഠനങ്ങൾ, സ്ത്രീവാദ സിദ്ധാന്തങ്ങൾ, വിവർത്തനസിദ്ധാന്തങ്ങളുടെ നവീനവികാസങ്ങൾ എന്നിവയുടെ സ്വാധീനത്തിലൂടെ വിവർത്തനപഠനം ക്രമേണ അന്തർവൈജ്ഞാനികസ്വഭാവം കൈവരിച്ചു. ബഹുമുഖവും സാംസ്കാരികോന്മുഖവും ലക്ഷ്യസംസ്കാരനിഷ്ഠവും വ്യതിയാനങ്ങൾക്ക് ഊന്നൽ നൽകുന്നതുമായ 'വിവർത്തനപഠനങ്ങൾ' എന്ന അന്തർവൈജ്ഞാനിക പഠനമേഖല രൂപംകൊള്ളുകയും ചെയ്തു. ഇരുപത്തൊന്നാം നൂറ്റാണ്ടോടെ മലയാളത്തിലെ വിവർത്തനപഠനങ്ങളും അന്തർവൈജ്ഞാനികസമീപനം ഉൾക്കൊണ്ടുതുടങ്ങി. മലയാളത്തിലെ വിവർത്തനപഠനങ്ങൾ ഇന്ന് സംസ്കാരപഠനവുമായി കൈകോർത്ത് പുതിയ ദിശകളിലേക്കും സാധ്യതകളിലേക്കും വികസിക്കുന്നു.

JOURNAL OF dbct
VOLUME 10(2)
SEPTEMBER 2023
ISSN: 2348 - 7984



**ആധാരസൂചി**

1. അനിതാകുമാരി, ടി. (ഡോ.), രാധാകൃഷ്ണൻ ഇളയിടത്ത് (ഡോ.) (എഡി.), 2017 : ഗവേഷണപഠനവും രീതിശാസ്ത്രവും : അറിവുൽപ്പാദനത്തിന്റെ പുതുവഴികൾ, തിരൂർ, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല.

2. ജയാസുകുമാരൻ (ഡോ.), 2011 : ബംഗാളി നോവലുകൾ മലയാളത്തിൽ : വിവർത്തനപഠനത്തിന്റെ സിദ്ധാന്തവും പ്രയോഗവും, ചങ്ങനാശ്ശേരി, താപസം പബ്ലിക്കേഷൻസ്.

3. Gentzler, Edwin, 2017 : Translation and Rewriting in the Age of Post-Translation Studies, New York, Routledge.

4. Moran, Joe, 2002 : Interdisciplinarity, London, Routledge.

5. Niranjana, Tejaswini, 1992 : Siting Translation: History, Post-Structuralism, and the Colonial Context, California, University of California Press.

6. Simon, Sherry, 1996 : Gender in Translation : Cultural Identity and the Politics of Transmission, London, Routledge.

7. Venuti, Lawrence (Ed.), 2000 : The Translation Studies Reader, London, Routledge.

8. Windle, Kevin and Pym, Anthony, 2011 : "European Thinking on Secular Translation", The Oxford Handbook of Translation Studies (Ed : Kirsten Malmkjaer and Kevin Windle), New York, Oxford University Press.

**ഡോ. ആഷ പുല്ലാട്ട്**
അസി. പ്രൊഫസർ, മലയാളവിഭാഗം മേധാവി
ടി. എം. ജേക്കബ് മെമ്മോറിയൽ ഗവ. കോളേജ്, മണിമലക്കുന്ന്
കൂത്താട്ടുകുളം

**JOURNAL OF dbct**
VOLUME 10(2)
SEPTEMBER 2023
ISSN: 2348 – 7984

# നവചരിത്രവായനയിലൂടെ ചന്ത്രക്കാരൻ



**സംഗ്രഹം**

'മാർത്താണ്ഡവർമ്മ', 'ധർമ്മരാജാ', 'രാമരാജബഹദൂർ' എന്നീ സി. വി. രാമൻപിള്ള യുടെ മൂന്ന് ചരിത്രാഖ്യായികകളിലും പ്രത്യക്ഷപ്പെടുന്ന അതിപ്രധാന കഥാപാത്ര മാണ് ചന്ത്രക്കാരൻ. ചരിത്രപുരുഷനായ രാമനാമഠത്തിൽപ്പിള്ളയുടെ മകനായാണ് ചന്ത്രക്കാരനെ നോവലിൽ അവതരിപ്പിക്കുന്നത്. എന്നാൽ മകനായ ചന്ത്രക്കാരനെ ക്കുറിച്ച് ചരിത്രത്തിൽ പരാമർശമൊന്നുമില്ല. പറയപ്പെടാതെപോകുന്ന അനേകം സംഭവങ്ങളുടെ വ്യാഖ്യാനത്തിലൂടെയാണ് ചരിത്രത്തിന് നിരവധി പാഠങ്ങൾ ഉണ്ടാ കുന്നത്. സത്യത്തെക്കാളേറെ സത്യാത്മകതകളിൽനിന്ന് ഊർജ്ജം സ്വീകരിക്കുന്ന സി. വി. ചന്ത്രക്കാരനെ ചരിത്രത്തോട് ചേർത്തുനിർത്തുന്നു. ചരിത്രസത്യത്തെക്കാൾ ചരിത്രാത്മകതകളിൽനിന്ന് ഉയിരെടുത്ത കഥാപാത്രമായ ചന്ത്രക്കാരനെ നവചരിത്ര ദർശനത്തിൽ നോക്കിക്കാണുകയാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ**

നവചരിത്രവാദം, സത്യാത്മകത, ചരിത്രാത്മകത, പാഠനിർമ്മിതികൾ, ഹിസ്റ്റോറി യോഗ്രാഫിക് മെറ്റാഫിക്ഷൻ.

**ആമുഖം**

ഭൂതകാലത്തിലും മഹാരാജാക്കന്മാരിലും അഭിരമിച്ച് ചരിത്രാഖ്യായികൾക്ക് വിശി ഷ്ടത്വം നൽകിയ സി. വി. രാമൻപിള്ള 'മാർത്താണ്ഡവർമ്മ'യുടെ തുടർച്ച എന്ന മട്ടി

ലെഴുതിയ കൃതിയാണ് ധർമ്മരാജാ. മാർത്താണ്ഡവർമ്മയുടെ കാലശേഷം തിരുവിതാംകൂർ വിസ്തൃതമാക്കിയ ധർമ്മരാജാ എന്ന പ്രഖ്യാതനായ കാർത്തികതിരുന്നാൾ രാമവർമ്മ മഹാരാജാവ് രാജ്യഭാരമേറ്റു. പിൽക്കാലത്ത് വലിയദിവാൻജി എന്നറിയപ്പെട്ട രാജാകേശവദാസിന്റെ സേവനങ്ങളുടെ പ്രഥമഘട്ടമാണ് 'ധർമ്മരാജ'യുടെ ഉള്ളടക്കം. ധർമ്മരാജാവിന്റെ മരണത്തിനുശേഷം രാജ്യത്തുണ്ടായ സംഭവവികാസങ്ങളാണ് രാമരാജബഹദൂറിന്റെ ചരിത്രപശ്ചാത്തലം. ഈ മൂന്ന് ചരിത്രാഖ്യായികളിലും പ്രത്യക്ഷപ്പെടുന്ന അതിപ്രധാന കഥാപാത്രമാണ് ചന്ത്രക്കാരൻ.

**ചന്ത്രക്കാരനും ചരിത്രവും**

കഴക്കൂട്ടത്തു കുടുംബത്തിന്റെ അധിവാസദേശത്ത് ചിലമ്പിനഴിയത്ത് എന്നൊരു കുടുംബമുണ്ടായിരുന്നു. ഒരു ശാഖ കൊട്ടാരക്കരയ്ക്ക് തിരിഞ്ഞു. മൂലകുടുംബത്തിൽ, കഴക്കൂട്ടത്തുവളർന്ന ഒരു ബാലൻ മാത്രം അവശേഷിച്ചു. രാമനാമഠത്തിൽപ്പിള്ളയുടെ മകനായ ഈ ബാലനാണ് ചന്ത്രക്കാരൻ. ഈ ബാലൻ കഴക്കൂട്ടത്തു ചിലമ്പിനഴിയത്തെ ഏക അവകാശിയായി. കഴക്കൂട്ടത്തുപിള്ളമാരുടെ കുടുംബം രാജശിക്ഷയ്ക്കു പാത്രമായശേഷം ഈ ബാലൻ വളർന്ന്, അവരുടെ വക ചാമുണ്ഡിക്കാവും സ്വത്തുക്കളും അപഹരിച്ച് ചന്ത്രക്കാരനെന്ന ബിരുദവും കാളിയുടയാൻ എന്ന പേരും വഹിച്ച് നവലങ്കേശനായി.

ചരിത്രപുരുഷനായ രാമനാമഠത്തിൽപ്പിള്ളയുടെ സ്വഭാവഗുണങ്ങൾക്ക് വലിയ മാറ്റം വരുത്താതെ തന്നെയാണ് സി. വി. അയാളെ നോവലുകളിൽ അവതരിപ്പിച്ചിരിക്കുന്നത്. പക്ഷെ, മകനായ ചന്ത്രക്കാരനെക്കുറിച്ച് ചരിത്രത്തിൽ പരാമർശങ്ങളൊന്നുമില്ല. രാമനാമഠത്തിന് ഭാര്യയും കുട്ടിയുമുണ്ടായിരുന്നോ? ഉണ്ടായിരുന്നെങ്കിൽ അവരുടെ പേരുകൾ എന്തൊക്കെ? അവരിൽ ആണെത്ര? പെണ്ണെത്ര? തുടങ്ങിയ ചോദ്യങ്ങൾക്ക് ചരിത്രത്തിൽ കൃത്യമായ ഉത്തരമില്ല. മാത്രമല്ല, രാജ്യത്തിനുള്ളിൽ അന്തഃഛിദ്രം വളർത്തുകയും ഉപജാപപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിരുന്ന എട്ടുവീട്ടിൽപ്പിള്ളമാരെയും തമ്പിമാരെയും മാർത്താണ്ഡവർമ്മ മഹാരാജാവ് നിർദ്ദാക്ഷിണ്യം അടിച്ചമർത്തിയിരുന്നു. അവരുടെ ഭാര്യമാരെയും കുട്ടികളെയും നാടുകടത്തുകയോ തുറകയറ്റുകയോ ചെയ്തിരുന്നു. അതിനാൽ പിന്നീട് ആ കുടുംബക്കാരിൽ ആരെങ്കിലും അവശേഷിച്ചിരുന്നോ? അവരിലാരെങ്കിലും തങ്ങളുടെ പൂർവ്വികരുടെ പ്രതികാരനടപടികളെ തുടർന്നുകൊണ്ടുപോയിരുന്നോ? തുടങ്ങിയ ചോദ്യങ്ങൾക്കും ചരിത്രത്തിൽ വ്യക്തമായ ഉത്തരമില്ല. തിരുവിതാംകൂറിന്റെയും എട്ടുവീട്ടിൽപ്പിള്ളമാരുടെയും പരാമർശങ്ങൾ നടത്തുന്ന ചരിത്രഗ്രന്ഥങ്ങളായ തിരുവിതാംകൂർ ചരിത്രം, ദി ട്രാവൻകൂർ സ്റ്റെയ്റ്റ് മാനുവൽ, ലോഗന്റെ മലബാർ മാന്വൽ, നായർ മേധാവിത്വത്തിന്റെ പതനം, ട്രാവൻകൂർ ഇൻസ്ക്രിപ്ഷൻസ്, കൊച്ചിരാജ്യപ്രജാമണ്ഡലം, എ ഹിസ്റ്ററി ഓഫ് ട്രാവൻകൂർ എന്നിവയിൽ രാമനാഠത്തിൽപ്പിള്ളയുടെ മകനോ മകന്റെ പേരോ പരാമർശിക്കപ്പെട്ട് കാണുന്നില്ല.

**ചരിത്രവാദത്തിന്റെ സാധ്യതകൾ ചന്ത്രക്കാരനിൽ**

പറയപ്പെടാതെ പോകുന്ന അനേകം സംഭവങ്ങളുടെ വ്യാഖ്യാനത്തിലൂടെയാണ് ചരിത്രത്തിന് നിരവധി പാഠങ്ങൾ ഉണ്ടാകുന്നത്. യാഥാർത്ഥ്യവും പാഠവും തമ്മിലുള്ള വേർതിരിവ് ഏതൊക്കെ സമൂഹികപ്രയോഗങ്ങളിലൂടെയാണ് സൃഷ്ടിക്കപ്പെടുന്നതെന്ന് നവചരിത്രവാദികൾ അന്വേഷിക്കുന്നു. പാഠങ്ങളുടെ വായന ചരിത്രപരവും തത്ത്വശാസ്ത്രപരവും പ്രത്യയശാസ്ത്രപരവുമായ ചട്ടക്കൂടിനുള്ളിൽ ചില പ്രത്യേക ചരിത്രകാലഘട്ടങ്ങളിലോ ജ്ഞാനരൂപങ്ങളിലോ മാത്രമായി മാറരുതെന്ന് അവർ സിദ്ധാന്തിച്ചു. ചരിത്രമെന്നത് വർഗ്ഗപരവും ആശയപരവുമായ സംഘർഷങ്ങളുള്ള സമൂ

ഹത്തിൽ സ്വന്തം സ്വാതന്ത്ര്യം സൃഷ്ടിക്കാനുള്ള മനുഷ്യരുടെ യത്നങ്ങളാണ്. തിരുവിതാംകൂറിനെ അടിസ്ഥാനമാക്കിയുള്ള നോവൽ രചനയിലൂടെ സി. വി. കാണിച്ചതും ഈ സ്വാതന്ത്ര്യബോധമാണ്. യഥാർത്ഥ ചരിത്രത്തിൽ എഴുതപ്പെടാതെ പോയ പല സത്യങ്ങളും ചന്ത്രക്കാരകഥാപാത്രത്തിന്റെ വിചാരവികാരങ്ങളിലൂടെ സി. വി. പുറത്തുകൊണ്ടുവരുന്നു. ചന്ത്രക്കാരനെന്ന കഥാപാത്രത്തിന് ഐതിഹ്യഛായ നൽകി ചരിത്രത്തിൽ ബന്ധിക്കുകയാണ് സി. വി. വായനക്കാരനെ അവിശ്വസിക്കാതെ ചരിത്രത്തോടും ചരിത്രസംഭവങ്ങളോടുമൊപ്പം ചന്ത്രക്കാരനെ സി. വി. യ്ക്ക് നടത്താനായി.

നവചരിത്രവാദത്തിന്റെ കടന്നുവരവോടെ എഴുതപ്പെടാതെപോയ ചരിത്രത്തെക്കുറിച്ച് കൂടുതൽ ചിന്തിച്ചു. ലിൻസഹച്ചിയൺ ചരിത്രത്തെയും നോവലിനെയും കുറിച്ചുള്ള പുതിയ കാഴ്ചപ്പാടിൽനിന്നും 'ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ' എന്ന സംജ്ഞ രൂപപ്പെടുത്തി. ചരിത്രവും സാഹിത്യവും വസ്തുനിഷ്ഠമായ സത്യത്തേക്കാളധികം (objective truth) സത്യാത്മകത (verisimiltude)കളിൽ നിന്നാണ് ഊർജ്ജം സംഭരിക്കുന്നത്. അവ ഒരേപോലുള്ള ഭാഷാനിർമ്മിതികളാണെന്നും (linguistic constructs) ആഖ്യാനരൂപങ്ങളിൽ വ്യവസ്ഥാപിത സ്വഭാവമുള്ളവയാണെന്നും ഒരേപോലെ പാഠാന്തരതയുള്ളവയാണെന്നും പറയാം. ഇതനുസരിച്ച് സി. വിയുടെ നോവലുകളെ ചരിത്രനോവൽ (ഹിസ്റ്ററിക്കൽ നോവൽ) എന്നതിലുപരി ചരിത്രാധിഷ്ഠിത അതികഥാഖ്യാനം (ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ) എന്ന് വിളിക്കാം. സി. വി. നോവലുകൾ നിരവധി ചരിത്രപാഠങ്ങളെ നിർമ്മിക്കുന്നുണ്ട്. സമകാലികാവസ്ഥയോട് പ്രതികരിക്കാൻ ഭൂതകാലത്തിലേയ്ക്ക് തിരിച്ചുപോയ സി. വി. ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ എന്ന ആഖ്യാനതന്ത്രം സ്വീകരിച്ചത് മനഃപൂർവ്വമാണ്. കാരണം ഇതിൽ കഥയും കാര്യവും (fiction and fact) തമ്മിലുള്ള അതിർവരമ്പ് ഇല്ല.

ചരിത്രപരമായ അറിവുകളെ സി. വി. ചന്ത്രക്കാരനിലൂടെ പ്രശ്നവൽക്കരിക്കുന്നു. ചരിത്രത്തിന്റെ ഇത്തരം പാഠനിർമ്മിതികൾക്കായി ചരിത്രത്തിലുള്ളവരെയും ഇല്ലാത്തവരെയും സി. വി. കൂട്ടുപിടിക്കുന്നു. ഓരോ പാഠവും സത്യത്തെ വഹിക്കുന്നവയും നവീകരിക്കുന്നവയുമാണ്. ചരിത്രം അവഗണിച്ച ഒരു കഥാപാത്രമാണ് ചന്ത്രക്കാരൻ. അങ്ങനെ തിരുവിതാംകൂറിന്റെ ചരിത്രത്തോടൊപ്പം തിരുവിതാംകൂറിന്റെ അധികാരവർഗ്ഗം പുറന്തള്ളിയവരുടെ ചരിത്രംകൂടി സി. വി. വിശദീകരിക്കുന്നു. ചന്ത്രക്കാരസൃഷ്ടിയിലൂടെ പ്രാന്തവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തെ കണ്ടെത്താം. വെള്ളാള സമുദായത്തിന്റെ പ്രതിനിധി എന്ന നിലയിൽ എട്ടുവീട്ടിൽ കുടുംബത്തിൽപ്പെട്ട ചന്ത്രക്കാരന് അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളുടെ ചരിത്രമായി സി. വി. നോവലുകളെ നമുക്ക് വായിക്കാം. തിരുവിതാംകൂറിലെ ബ്രിട്ടീഷ് ആധിപത്യത്തെ എതിർത്ത ഒരു തദ്ദേശീയൻ എന്ന നിലയിലാണ് ചന്ത്രക്കാരന്റെ പ്രസക്തി.

അധീശവർഗ്ഗത്തിന്റെ ആശയങ്ങൾക്കനുസരിച്ചുള്ള സ്തുതിപാടലുകളിലേയ്ക്ക് ചരിത്രങ്ങൾ ഒതുങ്ങുന്നു. പക്ഷെ, അവയ്ക്കെതിരെ നിരവധി പാഠങ്ങൾ ഇന്ന് സൃഷ്ടിക്കപ്പെടുന്നുണ്ട്. മുഖ്യധാരാസമൂഹത്തിൽ നിന്നും ഒഴിവാക്കിനിർത്തിയിരുന്ന, അധികാരത്തിന്റെ നോട്ടപ്പുള്ളിയായി നിറുത്തിയിരുന്ന, ഒരു പരിധിവരെ അസ്വതന്ത്രനായ മനുഷ്യനാണ് ചന്ത്രക്കാരൻ. ചന്ത്രക്കാരസൃഷ്ടിയിലൂടെ സി. വി. സാധിച്ചത് അധികാരത്തിന് കീഴിൽ അമർത്തപ്പെട്ടുപോയ തിരുവിതാംകൂറിന്റെ ജനഹിതത്തെ അവതരിപ്പിക്കലാണ്.

മാർത്താണ്ഡവർമ്മയുടെയും ധർമ്മാരാജാവിന്റെയും കാലത്തെ ഭരണപരമായ നടപടികളെക്കുറിച്ച് ചില വിമർശനങ്ങൾ സി. വി. നടത്തുന്നുണ്ട്. അതിനുള്ള ഉപകരണമായി ചന്ത്രക്കാരൻ പലപ്പോഴും മാറുന്നു. ഓരോ ദേശത്തിനുമെന്നപോലെ ഓരോ സമൂഹത്തിനും വ്യക്തിക്കുപോലും സ്വകാര്യമായ ചരിത്രധാരകളുണ്ട്. ചന്ത്രക്കാരനിലൂടെ കടന്നുപോകുമ്പോൾ ഇത് വ്യക്തമാകും. ചന്ത്രക്കാരന്റെ ബാല്യകാലജീവിത

JOURNAL OF dbct
VOLUME 10(2)
SEPTEMBER 2023
ISSN: 2348 - 7984

ത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ തിരുവിതാംകൂർ ഭരണനേതൃത്വം കൈക്കൊണ്ട ചില ക്രൂരമായ വഴികൾ നാം കാണുന്നു. എന്തുകൊണ്ട് 'ചന്ത്രക്കാരമഹിഷാസുര'നായി അയാൾ മാറി എന്ന് ചിന്തിക്കുമ്പോൾ ചരിത്രത്തിന്റെ എഴുതപ്പെടാതെപോയ ചില സത്യങ്ങളെ നാം കണ്ടെത്തുന്നു. അങ്ങനെ ചന്ത്രക്കാരചരിത്രമെന്നത് വിചാരങ്ങളുടെയും വീണ്ടുവിചാരങ്ങളുടെയും ആഖ്യാനമായി മാറുന്നു.

ചന്ത്രക്കാരസൃഷ്ടിയിലൂടെ സി. വി. കൊളോണിയൽ കാലത്തെ മുഖ്യധാരാചരിത്രകാരന്മാർ കൈവിട്ട തന്റെ നാടിന്റെ വംശീയചരിത്രങ്ങൾ പുനഃസൃഷ്ടിക്കുന്നു. മാർത്താണ്ഡവർമ്മയുടെ ഭരണമേറ്റെടുക്കലിന്റെ പിന്നിലുള്ള കഥകളും അവയ്ക്കുശേഷം നടന്ന ഒരു സമുദായത്തിന്റെ വംശവിഛേദനചരിത്രവും അന്വേഷിക്കപ്പെടേണ്ടതുണ്ട്. പതിനെട്ടാം ശതകാരംഭത്തിൽ തിരുവിതാംകൂർ ഭരിച്ചിരുന്ന രാമവർമ്മ മഹാരാജാവ് (1724–29) വിവാഹം ചെയ്തത് ഒരു വെള്ളാള പ്രഭ്വിയെ ആയിരുന്നു. ഇതനുസരിച്ച് മക്കത്തായ വഴിയിൽ തമ്പിമാർ രാജ്യാവകാശം ഉന്നയിച്ചു. ഇതിനെ മാർത്താണ്ഡവർമ്മയുടെ നേതൃത്വത്തിൽ എതിർത്തപ്പോൾ വെള്ളാളപ്രഭുക്കന്മാരായ എട്ടുവീട്ടിൽപ്പിള്ളമാരും തമ്പിമാരോട് ചേർന്നു. അങ്ങനെ തമിഴ് വംശജരും മക്കത്തായികളുമായ വെള്ളാളന്മാരും മരുമക്കത്തായികളായ നായന്മാരും രണ്ടു ചേരികളായി തിരിഞ്ഞു. ഭരണനേതൃത്വം ഏറ്റെടുത്ത മാർത്താണ്ഡവർമ്മയാകട്ടെ, എട്ടുവീട്ടിൽപ്പിള്ളമാരെ വധിക്കുകയും അവരുടെ സ്ത്രീകളെ തുറകയറ്റുകയും ചെയ്തു. അങ്ങനെയുള്ള പീഡനത്തിന് ഇരയാകേണ്ടിവന്ന ഒരു വംശത്തിന്റെ പ്രതിനിധികൂടിയാണ് ചന്ത്രക്കാരൻ.

സി. വി. നോവലിൽ രാമവർമ്മ മഹാരാജാവ് വെള്ളാളപ്രഭ്വിയെ വിവാഹം ചെയ്ത കാര്യം പരാമർശിക്കുന്നില്ല. എന്നാൽ ഇത് സി. വിയുടെ സ്വാതന്ത്ര്യമാണ്. ചരിത്രവസ്തുതകളെ വളച്ചൊടിക്കുകയും പൊലിപ്പിക്കുകയും ചെയ്യാൻ ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷനിലൂടെ സാധിക്കും. "ഏതെങ്കിലും ഒരു ചരിത്രസന്ദർഭം സൃഷ്ടിക്കുകയല്ല നോവലിൽ ചെയ്യുന്നത്. ചരിത്രംതന്നെ ഒരു അസ്തിത്വസന്ദർഭമായി തിരിച്ചറിയപ്പെടുകയും വിശകലനം ചെയ്യപ്പെടുകയുമാണ്."

**ഉപസംഹാരം**

സത്യത്തെക്കാളേറെ സത്യാത്മകതകളിൽ നിന്നാണ് സി. വി. ഊർജ്ജം സ്വീകരിച്ചത്. കാലം, ദേശം, ഭാഷ, വേഷം, രൂപം, അന്തരീക്ഷം, ചരിത്രകഥാപാത്രങ്ങളുമായുള്ള അടുപ്പം ഇവയെല്ലാം എങ്ങനെയാണ് ചന്ത്രക്കാരൻ എന്ന ചരിത്രപിൻബലമുള്ള കഥാപാത്രത്തെ സൃഷ്ടിക്കാൻ സഹായകമായതെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു.

**ആധാരസൂചി**

ശങ്കുണ്ണിമേനോൻ, പി., തിരുവിതാംകൂർ ചരിത്രം, കരീം ഡി. കെ. (വിവ.), കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1994.

ഷാജി ജേക്കബ്, നോവൽ: ചരിത്രത്തിന്റെ പാഠഭേദം, കറന്റ് ബുക്സ്, തൃശ്ശൂർ, 2003.

വേലായുധൻപിള്ള, പി. വി., ആണുങ്ങളില്ലാത്ത കൊറ വല്യകൊറ, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 2000.

രാമൻപിള്ള, സി. വി., മാർത്താണ്ഡവർമ്മ, സാഹിത്യപ്രവർത്തകസഹകരണസംഘം, എൻ.ബി.എസ്., കോട്ടയം, 1985.

രാമൻപിള്ള, സി. വി., ധർമ്മരാജാ, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2004.

രാമൻപിള്ള, സി. വി., രാമരാജബഹദൂർ, സാഹിത്യപ്രവർത്തകസഹകരണസംഘം, എൻ.ബി.എസ്., കോട്ടയം, 2001.

രാജശേഖരൻ, പി. കെ., അന്ധനായ ദൈവം, മലയാളനോവലിന്റെ നൂറു വർഷങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം, 1999.

JOURNAL OF dbct
VOLUME 10(2)
SEPTEMBER 2023
ISSN: 2348 - 7984

**ഡോ. ജിഷ എസ്.കെ.**
അസിസ്റ്റൻറ് പ്രൊഫസർ,
സ്കോട്ട് ക്രിസ്ത്യൻ കോളേജ് (ആട്ടോണമസ്),
നാഗർകോവിൽ -3

# സാമൂഹിക വീക്ഷണം ഭാരതിയിലും ഭാരതീദാസനിലും



**പ്രബന്ധ സംഗ്രഹം**

വളരെ സങ്കീർണമായ രാഷ്ട്രീയ കാലഘട്ടത്തിൽ എഴുത്തിലൂടെ മുന്നേറിയ രണ്ട് തമിഴ് കവികളാണ് ഭാരതിയും ഭാരതീദാസനും. ജാതീയമായ ഉച്ചനീചത്വങ്ങളോട് എതിർപ്പ് പ്രകടിപ്പിച്ച ഭാരതി, പട്ടിണി കിടന്നുകൊണ്ട് ഫ്യൂഡൽ വ്യവസ്ഥയോട് പ്രതിഷേധം പ്രകടിപ്പിക്കുകയും ദളിതരുടെ ക്ഷേത്രപ്രവേശനത്തിന് മുൻകൈയെടുക്കുകയും ചെയ്തു. ഇത്തരത്തിൽ സാമൂഹിക പരിവർത്തനത്തിന് ആക്കംകൂട്ടിയ ധാരാളം കവിതകൾ എഴുതിയ മറ്റൊരു കവിയാണ് ഭാരതീദാസൻ. ഇദ്ദേഹവും വിപ്ലവ കവി എന്ന പേരിൽ അറിയപ്പെടുന്നു. സാമൂഹിക പരിഷ്കരണത്തിൽ ഒരേ ആശയധാര കണ്ടെത്താൻ കഴിയുന്ന ഈ കവികളുടെ കവിതയിലെ ആന്തരിക ധാരയെക്കുറിച്ച് വിശകലനം ചെയ്യുന്ന പ്രബന്ധമാണ് സാമൂഹിക വീക്ഷണം ഭാരതിയിലും ഭാരതീദാസനിലും എന്നത്. ജാതിചിന്ത, ദാരിദ്ര്യം, സമത്വം എന്നീ തലക്കെട്ടുകളിൽ വേർതിരിച്ച് ഇവരുടെ കവിതകളെ ഈ പ്രബന്ധത്തിൽ വിശകലനം ചെയ്തിരിക്കുന്നു. രാഷ്ട്രീയ ചിന്തയ്ക്ക് അതീതമായി മാനുഷികതയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് മുന്നേറുന്ന എഴുത്തുകാരൻറെ രചനകൾ സമൂഹത്തെ എത്രത്തോളം സ്വാധീനിക്കുന്നു എന്ന അന്വേഷണമാണ് ഈ പഠനം.

**താക്കോൽ വാക്കുകൾ**

ഭാരതി, ഭാരതീദാസൻ, ജാതി ചിന്ത, ദാരിദ്ര്യം, സമത്വം, കമ്മ്യൂണിസ്റ്റ് ആശയങ്ങൾ, മത സംഘട്ടനങ്ങൾ, ജാതിചിന്ത, സ്വാതന്ത്ര്യ സമരം, അന്ധവിശ്വാസം നീക്കൽ, സ്ത്രീ

അവകാശ സ്വാതന്ത്ര്യബോധം, ശൈശവ വിവാഹത്തിന് എതിരെയുള്ള പോരാട്ട ങ്ങൾ, സ്ത്രീപുരുഷസമത്വം

**ആമുഖം**

ജാതിചിന്ത, സ്വാതന്ത്ര്യ സമരം, അന്ധവിശ്വാസം നീക്കൽ, സ്ത്രീ അവകാശ സ്വാതന്ത്ര്യ ബോധം, ശൈശവ വിവാഹത്തിന് എതിരെയുള്ള പോരാട്ടങ്ങൾ, ദേവദാസി സമ്പ്ര ദായത്തോടുള്ള എതിർപ്പ്, നാസ്തിക ആസ്തിക മത സംഘട്ടനങ്ങൾ, റഷ്യൻ ഫ്രഞ്ച് വിപ്ലവങ്ങളുടെ സ്വാധീനം, ദ്രാവിഡ പ്രസ്ഥാനങ്ങളുടെ വളർച്ച തുടങ്ങി സങ്കീർണ്ണ മായ ഒരു കാലഘട്ടത്തിലാണ് ഭാരതിയും ഭാരതീദാസനും എഴുത്തിലൂടെ മുന്നേറിയ ത്. തമിഴ് സാഹിത്യത്തിൽ മരപ് കവിതയിൽ നിന്നും (വൃത്ത ബദ്ധമായ എഴുത്ത് ) പുതു കവിതയിലേക്കുള്ള മാറ്റത്തിന്റെ ഘട്ടവും ഇതാണ്.

**സുബ്രഹ്മണ്യ ഭാരതി**

സാഹിത്യം സമൂഹത്തെ എങ്ങനെ ഉദ്ധരിക്കുന്നുവെന്നും എഴുത്തുകാരന്റെ സാമൂഹിക പ്രതിബദ്ധത എന്തെന്നും വ്യക്തമാക്കിത്തരുന്ന ഒരു കാലഘട്ടമാണ് ഭാരതിയുടെയും ഭാരതീദാസന്റെയും സാഹിത്യത്തെ കുറിച്ചും ജീവിതത്തെ കുറിച്ചും പഠിക്കുമ്പോൾ മനസ്സിലാക്കാനാവുന്നത്. 1882 ഡിസംബർ പതിനൊന്നാം തീയതി തി രുനെൽവേലി ജില്ലയിലെ എട്ടയ പുരത്ത് ജനിച്ച ഭാരതി (1882– 1921) രാജകവി ആയി രുന്നെങ്കിലും രാജാവിനെ പുകഴ്ത്തി പാടാൻ ഇഷ്ടപ്പെട്ടില്ല. ബ്രാഹ്മണനായിരുന്നിട്ടും സ്വജാതിയിലെ അനാചാരങ്ങൾക്കെതിരെ പോരാട്ടം നടത്തി. ജാതീയമായ ഉച്ചനീ ചത്വങ്ങളോട് എതിർപ്പ് പ്രകടിപ്പിച്ചു. അബ്രാഹ്മണർ പാകം ചെയ്ത ആഹാരം കഴിച്ച് അവരോടൊപ്പം താമസിച്ചു ഹിന്ദുത്വത്തിൽ അടിയുറച്ച് നിന്നുകൊണ്ട് അതിലെ അനാചാരങ്ങളെ എതിർത്തു. പട്ടിണി കിടന്നു കൊണ്ട് ഫ്യൂഡൽ വ്യവസ്ഥയോട് പ്ര തിഷേധം പ്രകടിപ്പിച്ചു. കാശിയിൽ നിന്നും കോളേജ് വിദ്യാഭ്യാസം കഴിഞ്ഞുവന്ന ഇദ്ദേഹത്തിന്റെ തലപ്പാവ്, കട്ടിമീശ, വേഷത്തിൽ വന്ന മാറ്റം, നടപ്പിലെ വ്യത്യാസം, ഇതൊന്നും തന്നെ ബ്രാഹ്മണ സമുദായത്തിലുള്ളവർക്ക് അംഗീകരിക്കാൻ കഴിഞ്ഞി ല്ല. എന്നാൽ ഭാരതി മാനവികതയുടെ വിശാല ലോകത്ത് സഞ്ചരിച്ചുകൊണ്ടേയിരു ന്നു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുകയും ദേശസ്നേഹ നിർഭരമായ കവിതകൾ എഴുതുകയും ചെയ്ത ഭാരതി ബ്രിട്ടീഷുകാരുടെ കണ്ണിലെ കരടായി.

കവിത, കഥ, സാംസ്കാരിക പ്രവർത്തനം, രാഷ്ട്രീയം, സ്വാതന്ത്ര്യ സമരം, ജാതീ യതയ്ക്കെതിരെയുള്ള പോരാട്ടങ്ങൾ, സ്ത്രീ സമത്വം എന്നീ വിവിധ മേഖലകളിൽ അദ്ദേഹം ഇടപെട്ടു. അയ്യർ എന്ന ജാതി സംജ്ഞയും പൂണുനൂലും ഉപേക്ഷിച്ചു. ബ്രാഹ്മണ്യത്തെ വെല്ലുവിളിക്കാൻ നിരവധി ദളിതരെ പൂണൂൽ ധരിപ്പിച്ചു. ക്രിസ്ത്യൻ പള്ളികളിലെ പെരുന്നാളുകളിൽ ഭാര്യയോടൊപ്പം പോയി. ബ്രാഹ്മണ സ്ത്രീകളെ പുറത്തിറക്കാതിരുന്ന കാലഘട്ടത്തിൽ ഇങ്ങനെ ചെയ്തത് അദ്ദേഹത്തിന് ധാരാളം ശത്രുക്കളെ ഉണ്ടാക്കിയെങ്കിലും അന്യ മതത്തിലും ജാതിയിലുമുള്ള സമൂഹത്തിന്റെ അംഗീകാരത്തിന് കാരണമായി. മുസ്ലിങ്ങൾ നടത്തുന്ന കടകളിൽനിന്ന് ചായ കുടി ക്കുകയും എടുത്തു കൊടുക്കുകയും ചെയ്തു. ദളിതരുടെ ക്ഷേത്രപ്രവേശനത്തിന് മുൻകൈയെടുത്തു.

കോളേജ് വിദ്യാഭ്യാസത്തിനായി കാശിയിൽ പോയതോടുകൂടിയാണ് സാമൂഹിക പരിഷ്കർത്താവ്, കവി, വിപ്ലവകാരി എന്നീ നിലകളിൽ ഭാരതിയിൽ ധാരാളം മാറ്റം സംഭവിച്ചത്. മുപ്പത്തെട്ടാം വയസിൽ മരിക്കുന്നതുവരെയും വ്യവസ്ഥിതിയോട് കല

ഹിച്ചുകൊണ്ടേയിരുന്നു. അദ്ദേഹം ഹിന്ദുമതവിശ്വാസി ആയിരുന്നുവെങ്കിലും സങ്കുചിത ഹിന്ദുത്വത്തിന് വഴങ്ങുന്ന വ്യക്തി അല്ലായിരുന്നു. വിദേശ ഭാഷകളടക്കം 32 ഭാഷകൾ കൈകാര്യം ചെയ്തിരുന്നു. സ്വദേശമിത്രൻ എന്ന തമിഴ് പത്രത്തിൽ അസിസ്റ്റൻറ് എഡിറ്ററായി പ്രവർത്തിച്ചു. തുടർന്ന് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു. 1905 ഡിസംബറിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ബനാറസ് സെഷനിൽ പങ്കെടുത്ത് മടങ്ങുന്ന വഴിയിൽ ഭഗിനി നിവേദിതയുമായി പരിചയത്തിലായത് ഭാരതിയെ സ്ത്രീവിമോചനം ശാക്തീകരണം എന്നീ മേഖലകളിൽക്കൂടി വ്യാപരിക്കുന്നതിന് നിമിത്തമായി. ഇക്കാര്യത്തിൽ അദ്ദേഹം ഭഗിനി നിവേദിതയെ തന്റെ ഗുരുവായി കരുതി വന്നു. 1906ലെ കൽക്കത്താ സെഷനിൽ പങ്കെടുത്ത ശേഷമാണ് സ്വരാജ്, വിദേശ വസ്തുബഹിഷ്കരണം എന്നിവ അദ്ദേഹം ഏറ്റെടുത്തത്.

**ഭാരതീദാസൻ**

ഇരുപതാം നൂറ്റാണ്ടിലെ തമിഴ് കവികളിൽ സുബ്രഹ്മണ്യഭാരതി കഴിഞ്ഞാൽ ഏറ്റവും പ്രശസ്തൻ പുരട്ചി കവി (വിപ്ലവ കവി) എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഭാരതീദാസൻ ആണ്. ഇദ്ദേഹത്തെ ഇങ്ങനെ നാമകരണം ചെയ്തത് 1946 ൽ അറിഞ്ഞർ അണ്ണാ ആണ്. കനകസുബ്ബുരത്തിനം എന്നായിരുന്നു യഥാർത്ഥ പേര്. 1891 ഏപ്രിൽ 21ന് പോണ്ടിച്ചേരിയിൽ ജനിച്ച ഇദ്ദേഹം (1891– 1964) സുബ്രഹ്മണ്യ ഭാരതിയോടുള്ള ആദരവുകൊണ്ട് തന്റെ പേര് ഭാരതീദാസൻ എന്നുമാറ്റുകയായിരുന്നു. കുയിൽ എന്ന പേരിൽ കവിതാവാരിക നടത്തിയിരുന്നു. വിപ്ലവ കവി എന്ന പേരിനു പുറമേ പാട്ടിന്റെ രാജാവ് (പാവേന്ദർ) എന്ന വിശേഷണവും അദ്ദേഹത്തിനുണ്ടായിരുന്നു. മരണാനന്തരം ഇദ്ദേഹത്തിന്റെ പിശിരാന്തയർ എന്ന നാടകത്തിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (1969) ലഭിക്കുകയുണ്ടായി.

സാമൂഹിക പ്രതിബദ്ധതയോടെ സാഹിത്യത്തെ സമീപിച്ച എഴുത്തുകാരെല്ലാം പ്രപഞ്ചത്തിൽ ജീവജാലങ്ങൾ ഒരുമയോടെ ജീവിക്കണമെന്ന് ചിന്തിച്ചവരാണ്. ഈ സമദർശനം ഭാരതിയുടെയും ഭാരതീ ദാസന്റെയും കാവ്യങ്ങളിൽ നമുക്ക് കണ്ടെത്താനാകും ജാതി, ദാരിദ്ര്യം, തൊഴിലാളികൾ, സ്ത്രീ, സ്ത്രീപുരുഷസമത്വം തുടങ്ങിയ വിഷയങ്ങളെ ഇവർ എങ്ങനെ സമീപിച്ചിരിക്കുന്നു എന്നാണ് ഇവിടെ പരിശോധിക്കുന്നത്.

**1. ജാതിചിന്ത**

തന്റെ മകൾക്ക് ചൊല്ലിക്കൊടുക്കുന്ന രീതിയിൽ ഭാരതി എഴുതിയ പാപ്പാ പാട്ട് (കൊച്ചു കുട്ടികൾക്കുള്ള ഉപദേശം ) എന്ന കവിതയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. നമുക്ക് ഒരു ജാതിയുമില്ല കുഞ്ഞേ. ജാതിയിൽ താഴ്ന്നവൻ എന്നും ഉയർന്നവൻ എന്നും നിവേചിക്കുന്നത് പാപമാണ്. നീതിബോധം, ബുദ്ധി, വിദ്യാഭ്യാസം സ്നേഹം എന്നിവയുള്ളവർ മാത്രമാണ് യഥാർത്ഥത്തിൽ ഉന്നതർ.

ഓടിവിളയാട് പാപ്പാ നീ
ഓയ്ന്തിരിക്കലാകാത് പാപ്പാ
ജാതികൾ ഇല്ലയെടി പാപ്പാ
കുലതാഴ്ത്തി ഉയർച്ചി ചൊല്ലൽ പാപം
നീതി ഉയർന്ത മതി കൽവി അൻപ്
നിറയെ ഉടയവർകൾ മേലോർ

ഇന്ത്യയിൽ എല്ലാവരും ഒരു കുലത്തിലും ഒരു ഇനത്തിലും പെട്ടവരാണ് എന്നാണ്

ഭാരതി പറയുന്നത്. മാത്രമല്ല, എല്ലാവരും ഒരേ തൂക്കവും ഒരേ മൂല്യവും ഉള്ളവരാണ്. എല്ലാവരും ഈ നാട്ടിലെ രാജാക്കന്മാരാണ്.
എല്ലോരും ഓർകുലം
എല്ലോരും ഓരിനം
ഏല്ലോരും ഇന്ത്യ മക്കൾ (ഭാരത സമുദായം)

പെരുമ്പറയോട് ഭാരതി പറയുന്നത് കള്ളത്തരവും ജാതിയും തകർത്തെറിയാൻ വേണ്ടി കൊട്ടൂ എന്നാണ്. മാത്രമല്ല പെരുമ്പറയെ അദ്ദേഹം വിശേഷിപ്പിക്കുന്നത് നികരെൻറ് കൊട്ടുമുരചേ എന്നാണ്. അതായത് പെരുമ്പറ എല്ലാവർക്കും സമാന മായ ശബ്ദമാണ് നൽകുന്നത് എന്ന് അർത്ഥം. പെരുമ്പറ എന്ന അചേതന വസ്തുവി നുള്ളിൽ പോലും നിലനിൽക്കുന്ന ചലനാത്മകമായ നീതിബോധത്തിന്റെ അംശം കവി വ്യക്തമായി ഈ വാക്കിലൂടെ വെളിപ്പെടുത്തുന്നു.

നികരെന്റു കൊട്ടുമുരസേ! ഇന്ത
നീണിലം വാഴ് വവരെല്ലാം
തകരെന്റു കൊട്ടുമുരസേ! പൊയ്മൈ
ചാതി വകുപ്പിനൈയെല്ലാം. (മുരസ് വരി -19)
പോഹിന്റ പാരതം എന്ന കവിതയിൽ നൂറ് ജാതി പറയുന്നവൻ ഇവിടെനിന്നും പോകണം എന്ന് കവി പറയുന്നു.

ജാതി നൂറ് പറയുന്നവൻ പോ പോ പോ (പോഹിന്റ പാരതം വരി– 4)
വിദ്യാഭ്യാസം എന്ന ആയുധം കൊണ്ടേ ജാതിയെ ഇല്ലാതാക്കാൻ പറ്റൂ എന്ന് ഭാരതി അഭിപ്രായപ്പെടുന്നു.

വാഴി കവി സെൽവം എയ്തി
മനം മകിഴ്ന്തു കൂടിയേ
മനിതർയാരും ഒരു നികർ
സമാനമാക വാഴ്വമേ
(തേചിയ പാടുകൾ – വിടുതലൈ –3)

ഉന്നതകുലജാതർ എന്ന് അവകാശപ്പെടുന്നവർ തെറ്റ് ചെയ്താലും അത് ചൂണ്ടിക്കാ ണിക്കാൻ ഭാരതിയാർ മടികാണിച്ചില്ല. ഇപ്പോഴുള്ള ബ്രാഹ്മണർ കാശിനുവേണ്ടി എന്തും ചെയ്യും എന്നു ഭാരതിയാർ പറയുന്നു.

ഇന്നാളിലേ പൊയ്മൈ പാർപ്പാർ – ഇവർ
ഏതു ചെയ്തും കാചുപാപ്പാൻ – നോക്കുന്നവർ പാർപ്പാർ
(മറവൻ പാട്ട് 8 )
ഓരോ ജാതിക്കും വെവ്വേറെ നീതി ചൊല്ലുന്ന വേദശാസ്ത്രത്തെ അത് ശാസ്ത്രമല്ല ചതിയാണ് എന്ന് പറയുന്നു.

ചൂത്തിരനുക്ക് ഒരു നീതി! തണ്ട
ചോറുണ്ണും പാർപ്പുക്കു വേറൊരു നീതി!
ചാത്തിരം ചൊല്ലിടുമായിൻ അത്
ചാത്തിരമൻറ് ചതിയെൻറു–കണ്ടോം
(ഉയിർപെറ്റ തമിഴർ പാട്ട് 13)

ജോലി ചെയ്യാതെ ഭക്ഷണം കഴിക്കുന്നതിനെതിരെയുള്ള വിമർശനവും ഇതിൽ

കാണാം. കവിതയിൽ മാത്രമല്ല തന്റെ ജീവിതത്തിലും ഭാരതിയാർ ഈ ജാതി വിവേചനത്തിനെതിരെ പ്രവർത്തിച്ചു. കനക ലിംഗം എന്ന താഴ്ന്ന ജാതിയിലെ വ്യക്തിയെ ഭാരതീയാർ ഒപ്പം കൂട്ടിയിരുന്നു എന്നത് ഇതിന് തെളിവാണ്.

ജാതിയെപ്പറ്റി പറയുന്നത് ഭാരതത്തിന് അപമാനമാണ് എന്നാണ് ഭാരതിദാസൻ പറഞ്ഞിരിക്കുന്നത്.

പഞ്ചമർ പാർപ്പനർ എൻപദെൽ -
ലാം എന്ന ? തോഴാ ഇവൈ
പാരതനാട്ടു പഴിച്ചിന്നത്തിൻ പെയർ
തോഴാ (സേസു പൊഴിന്ത തെള്ളമൃത് )

അഞ്ചാം വർണ്ണം, ബ്രാഹ്മണർ എന്നൊക്കെ പറയുന്നതെന്താണു തോഴാ? ഇതൊക്കെ ഭാരതത്തിന് അപമാനം വരുത്തുന്ന പേരുകളാണ് തൊഴാ എന്നാണ് ഈ വരികളുടെ അർത്ഥം. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ദർശനത്തിൽ ഊന്നിക്കൊണ്ടുള്ള ഒരു രചനാവിശേഷം ഭാരതിദാസന്റെ രചനകളിൽ ദർശിക്കാൻ സാധിക്കും. നിറം പലതാണെങ്കിലും മനുഷ്യന്റെ ചിന്തയും പ്രവർത്തിയും ഒന്നുതന്നെയാണ് എന്ന് കവി ഓർമ്മപ്പെടുത്തുന്നു.

വണ്ണങ്കൾ വേറ്റുമൈ പട്ടാൽ അതിൻ
മാനുടർ വേറ്റുമൈ ഇല്ലൈ
എണ്ണങ്കൾ സെയ്കൈകൾ എല്ലാം ഇങ്ക്
യാവർക്കും ഒൻന്റെ നൽ കാണീർ (മുരസ് 17)

**ദാരിദ്ര്യം**

ഒരാൾ പട്ടിണി കിടന്നാൽ ഈ ലോകം മുഴുവനും ഇല്ലാതാകണമെന്ന് ഭാരതി അഭിപ്രായപ്പെടുന്നു .

ഇനിയൊരു വിധി സെയ്വോം
അതൈ എന്തനാളും കാപ്പോം
തനി ഒരുവനുക്ക് ഉണവില്ലൈ എനിൽ
ജഗത്തിനെ അളിത്തിടുവോം

കർഷകന്റെ ഗതികെട്ട അവസ്ഥയോർത്ത് കവി നെഞ്ചുപൊട്ടി വിലപിക്കുന്നു. കർഷകൻ അദ്ധ്വാനിക്കുന്നവൻ ആണെങ്കിലും കൂലി ഇല്ലാത്തതിനാൽ എന്നും ദരിദ്രനാണ് എന്നും കഞ്ഞി കുടിക്കാൻ പോലും വഴിയില്ല എന്നും അധ്വാനത്തിനനുസരിച്ച് മുതലാളി കൂലി കൊടുക്കാത്തതാണ് ഇതിന് കാരണമെന്നും ഭാരതി പറയുന്നു. അഞ്ചാം ജാതി എന്നോർത്ത് പരിതപിച്ച് ഉയിർ തുടിച്ച് മരിച്ചുവീഴുന്നു. ഈ കഷ്ടം തീർക്കാൻ ഒരു വഴിയും കവിക്ക് കാണാനാകുന്നില്ല.

നെഞ്ചു പൊറുക്കുതില്ലയേ ഇന്ത
നിലൈകെട്ട മനിതരൈ നിനൈത്തുവിട്ടാൽ
കഞ്ചികുടിപ്പതിർക്കിലാർ - അതൻ
കാരണങ്കൾ ഇവൈയെന്നും അറിവുമിലാർ
പഞ്ചമോപഞ്ചമെൻറേ നിതം
പരിതപിത്തേ ഉയിർതുടിതുടിത്ത്
തുഞ്ചി മടികിൻറാരേ - ഇവർ

തുയർകളൈ തീർക്കവോർ വഴിയിലയേ ( ഭാരതജനങ്കളിൻ തർക്കാലനിലൈ)

**സമത്വം**

സ്ത്രീ പുരുഷ സമൂഹത്തെ കുറിച്ച് അദ്ദേഹം ഇങ്ങനെ എഴുതുന്നു. സമൂഹത്തിൽ ആണിന് ആണ് അടിമയായി ഇരിക്കുന്നതിനേക്കാൾ ഒരു ആണിന് പെണ്ണ് അടിമയായി ഇരിക്കുന്നതാണ് ഏറ്റവും അന്യായം. ബലം കൂടിയ ജീവികൾ ബലം കുറഞ്ഞവരെ അടക്കിവാഴുന്നത് പ്രപഞ്ച രീതിയാണെങ്കിലും മനുഷ്യന് ഈ അവസ്ഥ കൂടുതലാണ്. (ഭാരതിയുടെ ലേഖനങ്ങൾ പുറം 113)

സ്ത്രീകൾ സമത്വത്തിനായി ധർമ്മയുദ്ധം ചെയ്യണമെന്നും അദ്ദേഹം പറയുന്നു (പുറം 258). ആണും പെണ്ണും സമമായി ഇരുന്നാൽ മാത്രമേ ലോകം പുഷ്ടിയോടെ ഇരിക്കുകയുള്ളൂ എന്ന് അദ്ദേഹം പാടി.

ആണും പെണ്ണും നികരന
കൊൾവതാൽ അറിവിൽ
ഓങ്കി വൈയ്യം തഴൈക്കും ( പുതുമൈ പെൺ)

ഈ കവിതയിൽത്തന്നെ അദ്ദേഹം ഇങ്ങനെയും പറയുന്നു. സ്ത്രീകൾ നിവർന്നു നടക്കണം, നേരെ നോക്കണം, ആരെയും ഭയപ്പെടരുത്, നല്ല അറിവ് ഉണ്ടായിരിക്കണം, ഇത് നല്ല സ്ത്രീകൾക്ക് തെറ്റല്ല.

നിമിർന്ത നന്നടൈ നേർക്കൊണ്ട പാർവൈയും
നിലത്തിൽ യാർക്കും അഞ്ചാത നെറികളും
തിമിർന്ത ജ്ഞാന ചെറുക്കും ഇരുപ്പതാൽ
ചെമ്മൈ നാടൻ തിറമ്പുവതു ഇല്ലൈയാം

കഴിഞ്ഞ ഒരു സമൂഹത്തിൽ സ്ത്രീക്ക് എന്തൊക്കെയസ്വാതന്ത്ര്യങ്ങൾ ഉണ്ടായിരുന്നോ അവയെല്ലാം തകിടംമറിക്കുന്ന ഒരു ഭാവിയാണ് പുതുമൈ പെണ്ണ് എന്ന കവിതയിൽ സ്ത്രീക്ക് ഭാരതി നൽകിയിരിക്കുന്നത്. മുഖം മറപ്പിക്കാതെ നിരത്തിലൂടെ തന്റെ ഭാര്യക്കൊപ്പം സഞ്ചരിച്ച ഭാരതി പുരുഷനൊപ്പം സ്ത്രീക്കുള്ള വ്യക്തിത്വ സ്വാതന്ത്ര്യത്തെയും സമത്വത്തെയും ജീവിതത്തിലൂടെ കാട്ടിക്കൊടുത്തു. സ്ത്രീ വിദ്യാസമ്പന്ന ആവേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചും അദ്ദേഹം ബോധവാനായിരുന്നു. സ്ത്രീകളുടെ ചാരിത്ര്യത്തെ സംരക്ഷിക്കുന്നു എന്ന് പറഞ്ഞ് സ്ത്രീകൾക്ക് വിദ്യാഭ്യാസവും സ്വാതന്ത്ര്യവും നിഷേധിച്ച് ആണുങ്ങൾ അവളെ അടിമ പെടുത്തുകയാണ് ചെയ്യുന്നത്. ഇത് സ്ത്രീകൾ ഒട്ടും ഇഷ്ടപ്പെടുന്നില്ല എന്ന് ഭാരതി പാടി ( പുതുമൈപ്പെണ്ണ് 5)

ഒന്നായിരിക്കുമ്പോൾ മാത്രമാണ് എല്ലാവർക്കും ജീവിതമുള്ളതെന്നും ആ ഒരുമ നഷ്ടപ്പെട്ടാൽ എല്ലാവരും താഴ്ചയിലേക്കാണ് പോകുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

ഒൻറുപെട്ടാൽ ഉണ്ടുവാഴ് വ് നമ്മിൽ
ഒറ്റുമൈ നീങ്കിൽ അനൈവർക്കും താഴ് വേ

**ഉപസംഹാരം**

രാഷ്ട്രീയ പശ്ചാത്തലം അറിയാതെ ജാതി, മതം, ഇനം, ഭാഷ, തൊഴിൽ എന്നിവയുടെ അടിസ്ഥാനത്തിൽ ആശയസംഘട്ടനം നടന്നിരുന്ന കാലഘട്ടത്തിൽ കവിത എന്ന ആയുധവുമായി ജനങ്ങളുടെ ഇടയിൽ ഇറങ്ങിത്തിരിച്ച കവികളാണ് ഭാരതിയും

ഭാരതീദാസനും. ഇവർ തമ്മിൽ ഒമ്പത് വയസ്സിന് വ്യത്യാസമേ ഉണ്ടായിരുന്നുള്ളൂ. സ്വാതന്ത്ര്യം, ഭാഷ, സമുദായ മുന്നേറ്റം, അന്ധവിശ്വാസം ഇല്ലാതാക്കൽ, സ്ത്രീ അവകാശങ്ങൾ എന്നീ വിഷയങ്ങൾ ഇവർ കൈകാര്യം ചെയ്തിരുന്നു. ഇത് എടുത്തു പറയേണ്ട സമാനതയാണ്. ഭാരതി ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുൻപേ തന്നെ മരണമടഞ്ഞു. സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷമുള്ള സമുദായനില, ജനജീവിതം എന്നിവയിലെ മാറ്റങ്ങൾ ഒന്നുംതന്നെ ഭാരതിക്ക് കാണാൻ കഴിഞ്ഞില്ല. എന്നാൽ ഭാരതിദാസൻ ഇതെല്ലാം കാണുകയും അതിൽ അധിഷ്ഠിതമായി എഴുതുകയും ചെയ്തു. ഭാരതി നിത്യവൃത്തി പോലും കഴിക്കാൻ വിഷമിച്ച ദരിദ്രനായിരുന്നു. എന്നാൽ ഭാരതീദാസൻ തമിഴ് അധ്യാപകനായി എളിമ ജീവിതം നയിച്ചുവന്നു. ഭാരതിയെ ഒരു രാഷ്ട്രീയകക്ഷിയും പിന്തുണച്ചില്ല. അദ്ദേഹം സ്വന്തം ഇഷ്ടപ്രകാരം കോൺഗ്രസിൽ ഇരുന്നുവെന്നുമാത്രം. എന്നാൽ അറിഞ്ഞർ അണ്ണായുടെ ദ്രാവിഡ മുന്നേറ്റ കഴകം, ഇ. വി. രാമസ്വാമി നായ്ക്കരുടെ നീതി കക്ഷി, ദ്രാവിഡ കഴകം എന്നീ പ്രസ്ഥാനങ്ങൾ ഭാരതീ ദാസന് പിൻബലം നൽകി.

ദൈവം, സ്വാതന്ത്ര്യം, സ്വാതന്ത്ര്യസമര പോരാളികളെ വാഴ്ത്തി പാടുക എന്നീ വിഷയങ്ങളാണ് തുടക്ക കാലഘട്ടത്തിൽ രണ്ടുപേരും കവിതകളിൽ കൈകാര്യം ചെയ്തിരുന്നത്. കാലക്രമത്തിൽ ജാതിയില്ലായ്മ, അന്ധവിശ്വാസം ഇല്ലാതാക്കൽ, സ്ത്രീ അവകാശ സംരക്ഷണം, തൊഴിൽ പ്രശ്നം എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കാണുന്നു. 1917 ലെ റഷ്യൻ വിപ്ലവത്തെ അനുകൂലിച്ച് പാട്ടുകൾ എഴുതിയ ഭാരതീദാസൻ സമത്വത്തിനായി ഇന്ത്യയിലും ഇത്തരം വിപ്ലവങ്ങൾ നടക്കാൻ ആഗ്രഹിച്ചു. ഇന്ത്യ ചൈന യുദ്ധം ഭാരതീ ദാസനെ വല്ലാതെ ഉലച്ചു. ഓരോ വീട്ടിൽനിന്നും ഒരു പോരാളി വീതം പോയി ഇന്ത്യക്കുവേണ്ടി യുദ്ധം ചെയ്യണമെന്ന് ആഹ്വാനം ചെയ്തു.

സാമൂഹിക പരിഷ്കർത്താവ് കൂടിയായിരുന്ന ഭാരതി ഹിന്ദുത്വം ഉപേക്ഷിച്ചിരുന്നില്ല. പക്ഷേ അദ്ദേഹം സമൂഹത്തിലെ ജാതി ചിന്തകൾക്കും ഉച്ചനീചത്വങ്ങൾക്കും അതീതമായി പ്രവർത്തിച്ചു. വേദങ്ങളും പുരാണങ്ങളും ഇതിഹാസങ്ങളും ജാതിമതഭേദമെന്യേ പഠിപ്പിക്കണമെന്ന് അഭിപ്രായപ്പെട്ടു. എന്നാൽ ഈശ്വരനിൽ അധിഷ്ഠിതമായ പ്രവർത്തനരീതി ആയിരുന്നില്ല ഭാരതീദാസന്റേത്. സമത്വസുന്ദരമായ ഒരു ലോകത്തെ വിഭാവനം ചെയ്ത് തികച്ചും ദ്രാവിഡമായ ആശയങ്ങളിൽ ഉറച്ചുനിന്നു. അതുകൊണ്ടാണ് അദ്ദേഹം വിപ്ലവകവി എന്ന് അറിയപ്പെട്ടത്. ഭാരതിയുടെയും ഭാരതീദാസന്റെയും ആശയങ്ങളിലെ ഈ വ്യത്യാസം അവരുടെ കൃതികളിൽ വളരെ വ്യക്തമാണ്. പഴമയോട് പുതുമ കൊണ്ട് ഭാരത സമുദായം വാഴ്കവേ എന്ന് ഭാരതി പാടുന്നതിലും പുതിയതോർ ഉലകു സൈവോം എന്ന് ഭാരതീദാസൻ എഴുതിയതിലും ഇത് വ്യക്തമാണ്. രണ്ട് കവികളുടെയും ജീവിതവീക്ഷണവും കാവ്യ ലക്ഷ്യവും കൃത്യമായി ഈ വരികളിലൂടെ വ്യക്തമാക്കുന്നുണ്ട്. പാരമ്പര്യത്തിൽ ഊന്നിക്കൊണ്ടുള്ള പുരോഗതിയെക്കുറിച്ച് ഭാരതി പറയുമ്പോൾ സമത്വസുന്ദരമായ ജീവിതത്തിലൂടെ ലഭിക്കുന്ന സാമുദായിക മുന്നേറ്റമാണ് ഭാരതീദാസൻ ആഗ്രഹിക്കുന്നത്. മതവും ഭരണവും ഭയപ്പെടുത്തി ഒതുക്കാൻ ശ്രമിച്ച സാമൂഹിക അന്തരീക്ഷത്തിൽ തങ്ങളുടെ മനോധൈര്യം കൊണ്ട് കൂർമബുദ്ധി കൊണ്ട് അക്ഷരങ്ങൾ കൊണ്ട് അവയെ തരണം ചെയ്ത വ്യക്തമായ കാവ്യലക്ഷ്യം ഉള്ളവരായിരുന്നു ഭാരതിയും ഭാരതീദാസനും.

**ആധാരസൂചി**

1. പ്രേമ നന്ദകുമാർ , ഇരുപതാം നൂറ്റാണ്ടിൽ ഭാരതി, അരുൺ പ്രിന്റേഴ്സ് തഞ്ചാവൂർ, മാർച്ച് 2000
2. മെയ്യപ്പൻ, ഭാരതിയാർ കവിതകൾ, മണിവാസകർ പതിപ്പകം, അഞ്ചാം പതിപ്പ് 2006
3. ഷണ്മുഖ സുന്ദരം, ഭാരതീദാസൻ കവിതകൾ, കാവ്യ പതിപ്പകം, ചെന്നൈ 2003.

**ഡോ. വന്ദന ബി**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം,
എൻ.എസ്.എസ് വനിതാ കോളേജ്, നീറമൺകര,
കേരള സർവ്വകലാശാല, തിരുവനന്തപുരം

# ഫെമിനിസ്റ്റ് സൗന്ദര്യ ശാസ്ത്രത്തിന്റെ പാശ്ചാത്യ വഴികൾ



**പ്രബന്ധസംഗ്രഹം**

പുരുഷ കേന്ദ്രീകൃതമായ വ്യവസ്ഥാപിത നിലപാടുകളെ ചോദ്യം ചെയ്തുകൊണ്ടാണ് സ്ത്രീ എഴു ത്തുകാരികളും വായനക്കാരികളും വളർന്നു വന്നത്. സ്ത്രീയെ സംബന്ധിച്ച വ്യവസ്ഥാപിത ധാരണകളുടെ പൊളിച്ചെഴുത്ത് സ്ത്രീവാദത്തിന്റെ അടിത്തറയാണ്. പിതൃകേന്ദ്രീകൃത വ്യവസ്ഥയിൽ സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും അതിരുകളിൽ നിൽക്കാൻ നിർബന്ധിതരായ, വസ്തുവത്കരണത്തിന്റെയും അന്യവത്കരണത്തിന്റെയും (Allenisation) അനുഭവങ്ങൾ ഏറ്റുവാങ്ങിയ സ്ത്രീയുടെ സഹജമായ ഉയിർത്തെഴുന്നേൽപ്പാണ് സ്ത്രീവാദം. സ്ത്രീ അവസ്ഥയുടെ രാഷ്ട്രീയവും ചരിത്രപരവുമായ കാരണങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാനും വിശകലനങ്ങൾ അവതരിപ്പിക്കുവാനും സാധിക്കുന്ന സ്ത്രീപക്ഷരചനകൾ സ്ത്രീവാദത്തെ പോഷിപ്പിക്കുന്നു.

1792-ൽ മേരി വൂൾസ്റ്റൺ ക്രാഫ്റ്റ് രചിച്ച സ്ത്രൈണാവകാശങ്ങൾക്ക് നീതീകരണം (An indication of the rights of women ) എന്ന ഗ്രന്ഥം പാശ്ചാത്യ സമൂഹത്തിൽ വലിയൊരു കോളിളക്കം തന്നെ സൃഷ്ടിച്ചു. സിമോങ്ങ് ദബുവ്വാർന്റെ The second sex എന്ന ഗ്രന്ഥം അസ്തിത്വവാദ ഫെമിനിസത്തിന്റെ പുതുമുഖങ്ങൾ അവതരിപ്പിക്കുന്നു. ഒരുവൾ സ്ത്രീയായി ജനിക്കുകയല്ല, സ്ത്രീയായി തീരുകയാണ് എന്ന ബുവ്വാറിന്റെ പ്രസ്താവന സ്ത്രീ വാദചരിത്രത്തിലെ സുപ്രധാനമായ ഏടാണ്. വെർജീനിയ വൂൾഫിന്റെ സ്വന്തമായൊരു മുറി എന്ന ഗ്രന്ഥം എഴുത്തുകാരികൾ നേരിടുന്ന ഭൗതികമായ അസാഹചര്യങ്ങളെ അനാവരണം ചെയ്യുന്നു. കെയ്റ്റ് മില്ലറ്റിന്റെ ലൈംഗിക രാഷ്ട്രീയം, ഷൂലാമിത് ഫയർസ്റ്റോണിന്റെ ലിംഗഭേദത്തിന്റെ വൈരുധ്യാത്മകത, മേരീദാലിയുടെ ഗൈൻ/ ഇക്കോളജി തുടങ്ങിയ ഗ്രന്ഥങ്ങൾ സ്ത്രീ വാദചരിത്രത്തിൽ പുതിയ

തരംഗങ്ങൾ സൃഷ്ടിച്ച ഗ്രന്ഥങ്ങളാണ്. ഇതിന്റെ പശ്ചാത്തലത്തിൽ ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രത്തിന്റെ പാശ്ചാത്യവഴികളെ വായിക്കാൻ ശ്രമിക്കുന്നു.

**താക്കോൽവാക്കുകൾ**

സ്ത്രീവാദം– ഫെമിനിസ്റ്റ് സൌന്ദര്യശാസ്ത്രം സ്ത്രീപക്ഷരചനകൾ

**വെർജീനിയ വൂൾഫ്**

പാശ്ചാത്യ വിമർശനത്തിലെ സ്ത്രീവാദത്തിന്റെ പ്രസക്തിയെക്കുറിച്ചുള്ള പര്യാലോചനയിൽ ആദ്യം കടന്നു വരുന്ന വിമർശന ഗ്രന്ഥമാണ് സ്വന്തമായൊരു മുറി. സ്ത്രീവാദത്തിലെ ഒന്നാം തരംഗത്തിലെ ശ്രദ്ധേ വിമർശകയാണ് വെർജീനിയ വൂൾഫ്, പുരുഷകേന്ദ്രിത വ്യവസ്ഥയ്ക്കുള്ള പ്രക്ഷോഭമായി സ്ത്രീ വിമർശനത്തെ കാണുകയും നിരവധി സർഗ്ഗാത്മക രചനകളിലൂടെ സ്ത്രീ സാഹിത്യത്തിനൊരു മുന്നോടിയാവുകയും ചെയ്ത വ്യക്തിയാണ് വെർജിനിയ. സ്ത്രീ രചന എന്നതു പോലെ തന്നെ എഴുത്തുകാരിയായ സ്ത്രീ നേരിടുന്ന പ്രതിസന്ധിയും സ്ത്രീ വാദത്തെ സംബന്ധിച്ച് സുപ്രധാനമാണ്. എഴുത്തുകാരിയായ സ്ത്രീയും വായനക്കാരിയായ സ്ത്രീയും നേരിടേണ്ടി വരുന്ന പ്രതിസാഹചര്യങ്ങൾ സ്ത്രീവാദ വിമർശനത്തിൽ ചർച്ചാ വിധേയമായിട്ടുണ്ട്. സാഹിത്യകാരിയുടെ രചനാഭിലാഷങ്ങൾക്ക് കാലാകാലങ്ങളായി നേരിടേണ്ടി വരുന്ന തടസ്സങ്ങളെക്കുറിച്ചുള്ള പര്യാലോചനയിൽ വെർജിനിയ വുൾഫിന്റെ സ്വന്തമായൊരു മുറി (A room of ones own) എന്ന ഗ്രന്ഥം വളരെ പ്രാധാന്യം അർഹിക്കുന്നു.

എഴുത്തുകാരികൾ നേരിടുന്ന ഭൗതികമായ അസാഹചര്യങ്ങളെ സൂക്ഷ്മമായി വിലയിരുത്തുന്ന ഗ്രന്ഥമാണിത്. നിരവധി നോവലുകളുടെ രചയിതാവെന്ന നിലയിൽ സാഹിത്യകാരികളുടെ രചനാഭിലാഷങ്ങളെ സമൂഹം നിഷേധ മനോഭാവത്തോടെയാണ് കാണുന്നതെന്ന് വെർജിനീയ മനസ്സിലാക്കിയിരുന്നു. സാമ്പത്തിക സ്വാതന്ത്ര്യവും ഭൗതിക സൗകര്യവും നേടിയെടുത്താലും പുരുഷാധിപത്യത്തിന്റെ മറ്റു നിരോധനങ്ങളെ അതിജീവിക്കുക എളുപ്പമല്ലെന്ന് വെർജിനിയ വൂൾഫ് വ്യക്തമാക്കുന്നു. സ്വന്തമായൊരു മുറി എന്ന ഗ്രന്ഥത്തിന്റെ ആരംഭത്തിൽ സ്ത്രീയും നോവലും (women and fiction) എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കാൻ ഒരുങ്ങുമ്പോൾ താൻ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് വൂൾഫ് പ്രസ്താവിക്കുന്നു. ജയിൻ ഓസ്റ്റിൻ, ബ്രോണ്ടി സഹോദരിമാർ തുടങ്ങിയ വളരെ കുറച്ചു പേരുകൾ മാത്രമേ നോവലിസ്റ്റുകളുടെ നിരയിൽ സ്ത്രീകളുടെതായി കാണുവാൻ സാധിക്കുകയുള്ളൂ. അതിന്റെ പരിഹാരമായി അവർ കണ്ടെത്തുന്നതാണ് സ്വന്തമായൊരു മുറി എന്ന സങ്കല്പം. നോവലിസ്റ്റുകളുടെ നിരയിലെ സ്ത്രീകളുടെ എണ്ണക്കുറവിനെ മാത്രമല്ല സ്ത്രീകളുടെ തന്നെ പ്രശ്നങ്ങളെ പരിഹരിക്കാൻ ഈ നിർദ്ദേശം സഹായകമാകുമെന്ന് വെർജിനിയ വൂൾഫ് കരുതുന്നു. (1929: 198)1 സാഹിത്യകാരന്മാർക്ക് രചനയ്ക്കാവശ്യമായ ബാഹ്യസാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നത് സ്ത്രീകളാണ്. സാഹിത്യകാരന്റെ രചനക്ക് പ്രേരണയും പ്രചോദവും ആകുന്ന സ്ത്രീ നമ്മുടെ സമൂഹത്തിലെ സ്ഥിരം കാഴ്ചയാണ്. അമ്മയായും ഭാര്യയായും പ്രണയിനിയായും മകളായും കർട്ടനു പിന്നിൽ നിൽക്കുന്ന സ്ത്രീ എഴുത്തുകാരിയാവുമ്പോൾ നേരിടേണ്ടി വരുന്ന നിരവധി പ്രതിസന്ധികളെ സ്വന്തമായൊരു മുറി അനാവരണം ചെയ്യുന്നു. നിലനിൽക്കുന്ന പ്രതികൂലമായ സാഹചര്യങ്ങളെ അതിജീവിച്ച് നിരവധി രചനകളിലൂടെ സ്വന്തമായൊരിടം സാഹിത്യത്തിൽ നേടിയെടുത്ത വെർജിനീയ വൂൾഫിന്റെ ഉൾക്കാഴ്ചകൾക്ക് സ്ത്രീ വാദചരിത്രത്തിൽ സുപ്രധാനമായ സ്ഥാനമാണുള്ളത്.

അമ്മയെന്ന നിലയിൽ സ്ത്രീയിൽ സമൂഹം കേന്ദ്രീകരിച്ചിരിക്കുന്ന ഉത്തരവാദിത്ത ങ്ങളുടെ (പങ്കിടാത്ത) നിരയെ സ്വന്തമായൊരു മുറി എടുത്തുകാട്ടുന്നുണ്ട്. സ്വകാ ര്യതയും ഏകാന്തതയും ആവശ്യപ്പെടുന്ന സാഹിത്യ രചന സ്ത്രീക്കു പലപ്പോഴും അപ്രാപ്യമാകുന്നത് എന്തുകൊണ്ടാണ് എന്ന് വെർജിനിയ വൂൾഫ് വ്യക്തമാക്കു ന്നു. “കുഞ്ഞു ജനിക്കുന്നതിന് മുമ്പ് 9 മാസം, ജനിച്ചതിനുശേഷം മാസങ്ങളോളം മുലയൂട്ടൽ. പിന്നീട് 6 വർഷത്തോളം കുഞ്ഞിനോടൊപ്പം കളി.” ഇങ്ങനെ കുഞ്ഞു ങ്ങളെ പ്രസവിക്കലും വളർത്തലും മാത്രമാകുന്ന അമ്മമാരുടെ ജീവിതത്തിൽ സാ ഹിത്യവും വായനയും അപ്രധാനമാകുന്നത് സ്വാഭാവികം. (1929:198)2 സ്ത്രീപക്ഷ നാ ടകവേദിയെക്കുറിച്ചുള്ള ചിന്തയിലും വെർജിനിയ വുൾഫിന്റെ സ്വന്തമായൊരു മുറി വളരെ പ്രധാന്യമർഹിക്കുന്നു. നാടക വേദിയോടും നാടകരചനയോടും താത്പര്യ മുള്ള സ്ത്രീകൾക്ക് നേരിടേണ്ടി വരുന്ന അവഗണനയെ അവർ ചൂണ്ടിക്കാണിക്കുന്നു. ഷേക്സ്പിയറിന്റെ സഹോദരിയായി ജൂഡിത്തിനെ അവർ വിഭാവനം ചെയ്യുന്നു. ഷേ ക്സ്പിയറോളം പ്രതിഭയുള്ള ജൂഡിത്തിന് നാടക രംഗത്ത് സ്വന്തമായൊരു സ്ഥാനം നേടിയെടുക്കാൻ സാധിച്ചില്ല. സാംസ്കാരിക മേഖലയുടെ സുപ്രധാന ഇടങ്ങളെല്ലാം പുരുഷൻ കൈകാര്യം ചെയ്യുന്നതുകൊണ്ട് സ്ത്രീക്ക് അവിടെ പ്രാതിനിധ്യം ലഭിക്കാതെ പോകുന്നു. സാഹി ത്യരചനയിൽ ഏർപ്പെടുന്നവർക്ക് മാത്രമല്ല സ്ത്രീപ്രേക്ഷകർക്കും ഇതേ അസ്വാതന്ത്ര്യം അനുഭവപ്പെടുന്നു. സാംസ്കാരിക മണ്ഡലത്തിൽ അർഹമായ സ്ഥാനം നേടിയെടുക്കുവാനുള്ള സ്ത്രീയുടെ അഭിവാഞ്ഛയെകുറിച്ചുള്ള വെർജിനിയ യുടെ വെളിപ്പെടുത്തലുകൾ സ്ത്രീവാദ വിമർശനത്തിലെ സുപ്രധാന ഏടാണ്.

**സിമോങ് ദ ബുവ്വാർ**

ലിബറൽ ഫെമിനിസത്തിന്റെ പതിഞ്ഞ ശബ്ദത്തിലുള്ള അവകാശപ്രഖ്യാപനങ്ങൾ ക്കു ശേഷം (ജോൺ സ്റ്റുവർട്ട് മിൽ, മേരി വൂൾസ്റ്റൺ ക്രാഫ്റ്റ്) ഉറച്ച ശബ്ദത്തോടും തനിമയാർന്ന വീക്ഷണത്തോടും കൂടി സ്ത്രീവാദ രംഗത്തേയ്ക്ക് കടന്നു വന്ന ഫെമിനി സ്റ്റാണ് സിമോങ് ദ ബൂവ്വാർ. second sex എന്ന സുപ്രസിദ്ധമായ ഗ്രന്ഥം ഫെമിനിസ്റ്റ് ക്ലാസിക്ക് എന്ന നിലയിലാണ് അറിയപ്പെടുന്നത്. 1949-ൽ പ്രസിദ്ധീകരിച്ച second sex എന്ന ഗ്രന്ഥം നൂറ്റാണ്ടുകളായി നിലനിന്നു പോരുന്ന പെണ്ണത്ത സങ്കല്പങ്ങളെ ചോദ്യം ചെയ്യുന്നതായിരുന്നു. സോഷ്യലിസവുമായി ബന്ധപ്പെട്ട സ്ത്രീവാദ ചിന്തകൾ ക്കാണ് ആദ്യഘട്ടത്തിൽ സിമോങ് ദ ബൂവ്വാർ പ്രാധാന്യം കൊടുക്കുന്നത്. ബൂവ്വാ റിന്റെ ആദ്യകാല ചിന്തകൾ പ്രതിധ്വനിക്കുന്ന second sex-ൽ അവർ അവതരിപ്പി ക്കുന്ന കാഴ്ചപ്പാടും ഇത്തരത്തിലുള്ളതാണ്. പിൽക്കാലത്ത് സ്ത്രീ വിമോചനത്തിൽ പങ്കാളിയാവുകയും ഫെമിനിസത്തെ അതിന്റേതായ അന്തഃസത്ത ഉൾക്കൊണ്ടു കൊണ്ട് വേറിട്ടു കാണിക്കാൻ ശ്രമിക്കുകയും ചെയ്തു. ഒരു ഫെമിനിസ്റ്റെന്ന നിലയിൽ അറിയപ്പെടാൻ താത്പര്യമില്ലെന്ന പക്ഷക്കാരിയായാണ് second sex ൽ ബൂവ്വാർ പ്ര ത്യക്ഷപ്പെടുന്നത്. എന്നാൽ 1977-ൽ ഫ്രാൻസിൽ അലയടിച്ച “രണ്ടാം തരംഗത്തിൽ പ്രേരിതയായ ബുവ്വാർ ഫെമിനിസ്റ്റ് അശയങ്ങൾ ചർച്ച ചെയ്യാൻ question feminist എന്ന ആനുകാലികം പ്രസിദ്ധീകരിക്കുകയുണ്ടായി.

വർഗ്ഗസമരവുമായി ചേർന്നു നിന്നോ വേറിട്ടു നിന്നോ സ്ത്രീകളുടെ അസമത്വ പരിഹര ണത്തിനായി ശ്രമിക്കുന്ന സ്ത്രീകളെയും പുരുഷന്മാരെയും ബുവ്വാർ ഫെമിനിസ്റ്റ് എന്ന വിളിക്കുന്നു. സെക്കന്റ് സെക്സിൽ കടന്നു വരുന്ന സ്ത്രീവാദ ചിന്തകൾ പെണ്ണത്തത്തെ ക്കുറിച്ചുള്ള വ്യവസ്ഥാപിത ധാരണകളെ ചോദ്യം ചെയ്യുന്നതായിരുന്നു. ഒരു സ്ത്രീയാ യി ജനിക്കുകയല്ല, സ്ത്രീയായി തീരുകയാണ് എന്ന ബുവ്വാറിന്റെ പ്രസിദ്ധമായ പ്രസ്താ വന സ്ത്രീയെക്കുറിച്ച് നിലവിലുള്ള പരമ്പരാഗത ധാരണയ്ക്ക് ഒരു മറുപടിയായിരുന്നു.

മനുഷ്യശിശുവിന്റെ ജനന സമയത്ത് ലിംഗവ്യത്യസം മാത്രമാണ് നിർണ്ണയിക്കപ്പെടുന്നത് എന്നും ആണത്തത്തിന്റെയും പെണ്ണത്തത്തിന്റെയും വ്യവസ്ഥാപിത സവിശേഷതകൾ സമൂഹം സൃഷ്ടിച്ചു നൽകുന്നതാണെന്നുമാണ് ബുവ്വാറിന്റെ കാഴ്ചപാട്. മനുഷ്യകുലം തന്നെ ഒരു ആൺസങ്കല്പമാണെന്നതും പുരുഷനുമായി ബന്ധപ്പെടുത്തിയൊരു അസ്തിത്വം മാത്രമാണ് സ്ത്രീയ്ക്ക് സമൂഹം കല്പിച്ചു നൽകിയിട്ടുള്ളതെന്നും സെക്കന്റ് സെക്സ് വ്യക്തമാക്കുന്നു. കേവലമായൊരു അപരത്വത്തെയാണ് സ്ത്രീസത്തയുടെ മുദ്രയായി നാം കണ്ടുപോരുന്നത്. (Beauvoir, Simoned : 1949:50)3 അതുകൊണ്ട് സ്ത്രീയുടെ സ്വതന്ത്രസ്വത്വം പരിഗണിക്കാൻ നാം തയ്യാറാകുന്നില്ല. കറുത്ത വർഗ്ഗക്കാരനും ന്യൂനപക്ഷസമൂഹവും അനുഭവിക്കുന്ന അന്യവത്കരണത്തിൽ നിന്ന് വ്യത്യസ്തമല്ലാത്ത അവസ്ഥയാണ് സ്ത്രീ വർഗ്ഗവും അനുഭവിക്കുന്നത്.

ജീവശാസ്ത്രം, മനോവിജ്ഞാനീയം, ചരിത്രപരമായ ഭൗതികവാദം ഇവിടെയൊക്കെ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് സ്ത്രൈണതയെ പഠിക്കാൻ ബുവ്വാർ തന്റെ ഗ്രന്ഥത്തിലൂടെ ശ്രമിക്കുന്നു. സ്ത്രീയെ സംബന്ധിച്ച് സമൂഹം സൃഷ്ടിച്ച മിത്തുകളെയും സാഹിത്യത്തിലെ സ്ത്രീകഥാപാത്രങ്ങളെയും ബുവ്വാർ പഠന വിധേയമാക്കുന്നു. സെക്കന്റ് സെക്സിന്റെ രണ്ടാം ഭാഗത്ത് 20-ാം നൂറ്റാണ്ടിന്റെ സ്ത്രീകളുടെ അവസ്ഥയും വിമോചനത്തിനായുള്ള പ്രേരണയുമാണ് ബുവ്വാർ വിശദമാക്കുന്നത്. സ്ത്രീയെ ഒരു ഗർഭപാത്രം മാത്രമായി കാണുന്ന കാഴ്ചപ്പാടിനെ ബുവ്വാർ ശക്തമായി വിമർശിക്കുന്നുണ്ട്. ഫ്രോയിഡിയൻ കാഴ്ചപ്പാടുകളെയും ഏംഗൽസിന്റെ സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള നിലപാടുകളും ശക്തമായി എതിർക്കുന്ന സമീപനമാണ് ബുവ്വാർ പുലർത്തുന്നത്. സമൂഹം സ്ത്രീയ്ക്ക് കൽപിച്ചു കൊടുത്ത വിധിയാണ് വിവാഹമെന്ന് അവർ വിലയിരുത്തുന്നു. സ്ത്രീയും പുരുഷനും സ്വതന്ത്രാസ്തിത്വത്തോടെ നിലകൊള്ളുന്ന സമൂഹത്തെ സ്വപ്നം കാണികയും അതിനായി യത്നിക്കുകയും ചെയ്യാൻ ബുവ്വാറിന് സാധിച്ചു. സ്വാതന്ത്ര വ്യക്തിത്വത്തെക്കുറിച്ചുള്ള സങ്കല്പം ജീവിതത്തിൽ പ്രാവർത്തികമാക്കിയ സ്ത്രീ വാദിയാണ് സിമോങ് ദ ബുവ്വാർ.

**കെയ്റ്റ് മില്ലറ്റ്**

റാഡിക്കൽ ഫെമിനിസ്റ്റ് കാഴ്ചപ്പാടുകളെ കുറിച്ചുള്ള പര്യാലോചനയിൽ കെയ്റ്റ് മില്ലറ്റിന്റെ ലൈംഗിക രാഷ്ട്രീയവും ഷുലാമിത് ഫയർസ്റ്റോണിന്റെ ലിംഗഭേദത്തിന്റെ വൈരുദ്ധ്യാത്മകതയും സുപ്രധാന സ്ഥാനം വഹിക്കുന്നു. അമേരിക്കൻ ഫെമിനിസ്റ്റ് ചിന്തകളിൽ അദ്വിതീയസ്ഥാനമാണ് ഈ ഗ്രന്ഥങ്ങൾക്കുള്ളത്. പുരുഷ കേന്ദ്രീകൃത വ്യവസ്ഥായെക്കുറിച്ചുള്ള സമഗ്രമായ പഠനം ലൈംഗികവിപ്ലവത്തിൽ കടന്നു വന്നിട്ടുണ്ട്. പുരുഷമേൽക്കോയ്മയെ നിലനിർത്തുകയും ശക്തീകരിക്കുകയും ചെയ്യുന്ന നിരവധി ഘടകങ്ങളെ കെയ്റ്റ് മില്ലറ്റ് തന്റെ ഗ്രന്ഥത്തിൽ ഇഴവിടർത്തി നിരത്തുന്നുണ്ട്. ആശയവാദം, ജീവശാസ്ത്രം, സാമൂഹികം, വർഗ്ഗം, സാമ്പത്തികം, വിദ്യാഭ്യാസം, ഊർജ്ജം, മനശ്ശാസ്ത്രം, നരവംശശാസ്ത്രം തുടങ്ങിയ നിരവധി മേഖലകളിലൂടെ ആൺകോയ്മ പ്രത്യായശാസ്ത്രം ചിരസമ്മതവും സാർവ്വത്രികവുമായ അവസ്ഥയിൽ നിലകൊള്ളുന്നതായി മില്ലറ്റ് ചൂണ്ടികാണിക്കുന്നു. ചരിത്രത്തിന്റെ ഏടുകളിൽ കടന്നുവരുന്ന എല്ലാവിധ സമൂഹങ്ങളിലും നിൽക്കുന്ന ആൺകോയ്മാ വ്യവസ്ഥയെ മില്ലറ്റ് ചൂണ്ടിക്കാണിക്കുന്നുണ്ട്.

മിത്തുകളുടെ സവിശേഷ പഠനവും മില്ലറ്റ് സാധ്യമാക്കുന്നുണ്ട്. പ്രാചീന മിത്തുകളിലെ സ്ത്രീ വിരുദ്ധനിലപാടിനെ അവർശക്തമായി വിമർശിക്കുന്നു. വിലക്കപ്പെട്ട കനി തിന്നാൻ ആദാമിനെ പ്രേരിപ്പിച്ച ഹവ്വായും എപ്പിമന്യൂസിനെ പെട്ടി തുറന്നു കാണി

ക്കാൻ ഉത്സാഹിച്ച പാണ്ഡോറയും സ്ത്രീയുടെ ശരിയായ ജിജ്ഞാസയെയും അവിശുദ്ധിയെയും ഉത്ഘോഷിക്കുന്ന മിത്തുകളാണ്. നൂറ്റാണ്ടുകളായി നിലകൊള്ളുന്ന ആൺകോയ്മയുടെ സാമൂഹികമായ തലത്തിലെ പ്രവർത്തനത്തെക്കുറിച്ചുള്ള മില്ലറ്റിന്റെ വിലയിരുത്തൽ കുടുംബഘടനയുടെ അപരണിതാവസ്ഥയെ ചോദ്യം ചെയ്യുന്നതാണ്. സ്ത്രീക്ക് സ്വന്തം ശരീരത്തിൽ പരിപൂർണ്ണ സ്വാതന്ത്ര്യം ഇല്ലാത്ത അവസ്ഥയെയും മില്ലറ്റ് ചോദ്യം ചെയ്യുന്നു. സ്ത്രീ വിശുദ്ധിയെക്കുറിച്ച് നിലകൊള്ളുന്ന അനാവശ്യകാംക്ഷകൾ സ്ത്രീയുടെ അസ്വാതന്ത്ര്യത്തെയാണ് പോഷിപ്പിക്കുന്നത്.

സ്ത്രീ അബലയാണെന്ന മുൻകൂർ ധാരണ അവളുടെ വ്യക്തിത്വത്തെ ഹനിക്കുകയും അവളുടെ പ്രവർത്തനങ്ങളുടെ ഗുണനിലവാരത്തെ ഇകഴ്ത്തികാണിക്കാൻ കാരണമാവുകയും ചെയ്യുന്നു. ഫിലിപ്പ് ഗോർഡ് ബെർഗ്ഗിന്റെ കൗതുകകരമായ പഠനത്തെ ഇതിനുദാഹരണമായി ലൈംഗിക വിപ്ലവത്തിൽ ഉദ്ധരിക്കുന്നുണ്ട്. ലൈംഗിക രാഷ്ട്രീയം എന്ന ഗ്രന്ഥം ആരംഭിക്കുന്നത് ഹെന്റ് മില്ലറുടെ സെക്സ് എന്ന നോവലിലെ ഒരു പ്രണയരംഗം ഉദ്ധരിച്ചുകൊണ്ടാണ്. അതി കാല്പനികതയും കാവ്യലൈംഗികതയും കൊണ്ട് കൊഴുപ്പു കൂട്ടിയ ആ പ്രണയാവതരണത്തെ മില്ലറ്റ് നിഷേധിക്കുന്നു. ഇക്കിളികളെ ഉത്പാദിപ്പിക്കുക മാത്രം ചെയ്യുന്ന ഇത്തരം പ്രണയാവതരണത്തിന് സ്ത്രീ ജീവിതത്തോട് സത്യസന്ധത പുലർത്താൻ സാധിക്കുന്നില്ല. പുരുഷന്റെ സുഖത്തിന് ചാരുതയാർന്ന ഉപകരണമാണ് സ്ത്രീയെന്ന മൂഢസങ്കല്പത്തെ പരിപോഷിപ്പിക്കുക മാത്രമാണ് ഇത്തരം അവതരണങ്ങൾ ചെയ്യുന്നത്. സെക്ഷ്വൽ പൊളിറ്റിക്സിന്റെ സിംഹഭാഗവും സാഹിത്യവിമർശത്തിനായാണ് ഉപയോഗിച്ചിരിക്കുന്നത്. ഡി.എച്ച്. ലോറൻസ്, ഹെന്റി മില്ലർ, നോർമൻ മെയ്ലർ, ഷെനെ എന്നീ ഇംഗ്ലീഷ്, ഫ്രഞ്ച് എഴുത്തുകാരുടെ രചനകളിൽ പ്രകടമാകുന്ന ലൈംഗികതയെ മില്ലറ്റ് സസൂക്ഷമം നിരീക്ഷിക്കുന്നു. ഫ്രോയി ഡിയൻ ചിന്തകൾ പാശ്ചാത്യ ലോകത്തെ ചില അന്ധവിശ്വാസങ്ങളെ അകറ്റാൻ പര്യാപ്തമായെന്ന് മില്ലറ്റ് അംഗീകരിക്കുന്നു. സ്ത്രീയുടെ ശാരീരികമായ സ്വയം നിർണ്ണയ അധികാരത്തെക്കുറിച്ചും ലൈംഗികതയെക്കുറിച്ച് സ്ത്രീ വീക്ഷണകോണിൽ നിന്നുകൊണ്ടും ചിന്തിക്കാനുള്ള വിശാല സാധ്യതയ്ക്ക് വഴിയൊരുക്കിക്കൊടുത്ത സ്ത്രീവാദിയാണ് കെയ്റ്റ് മില്ലറ്റ്.

### സ്ത്രീ സ്വവർഗ്ഗ സൗന്ദര്യ ശാസ്ത്രം

പ്രേമം, വിവാഹം, കുടുംബം തുടങ്ങിയ സ്ഥാപനങ്ങളുടെ സ്ത്രീ വിരുദ്ധ നിലപാടുകൾ സ്ത്രീ സ്വാതന്ത്ര്യത്തെ കുറിച്ചുള്ള ചർച്ചകളിൽ പ്രധാമാണ്. ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സ്ത്രൈണലൈംഗികതാ സങ്കല്പങ്ങളിലെ അർത്ഥശൂന്യത, സ്ത്രീവാദ ചിന്തകളിൽ ശക്തമായി നിലനിൽക്കുന്നു. റാഡിക്കൽ ഫെമിനിസവുമായി ബന്ധപ്പെട്ടാണ് ലെസ്ബിയൻ എന്ന പദത്തിന് പ്രചാരം ലഭിച്ചത്. എന്നാൽ വിവാഹ ജീവിതത്തെ നിരാകരിക്കുകയും വ്യവസ്ഥാപിതമായ ലൈംഗികതാ സങ്കല്പനത്തെ ചോദ്യം ചെയ്യുകയും ചെയ്യാനുള്ള പ്രവണത നൂറ്റാണ്ടുകൾക്കു മുൻപുതന്നെ നിലനിന്നിരുന്നതായി കരുതുന്നു.

ഡെൽമിൽട്ടണും ഫില്ലിസ് ലേയോണും ചേർന്നെഴുതിയ ലെസ്ബിയൻ/വുമൺ എന്ന ഗ്രന്ഥവും (1972) സിസ്റ്റി അബോടും ബാരബറാലൗവും ചേർന്നെഴുതിയ സാഫോവാസ് എറൈറ്റ് ഓൺ വുമൺ : എ ലിബറേറ്റഡ് വ്യൂ ഓഫ് ലെസ്ബിയനിസം (1972) ജിൽ ജോൺസന്റെ ലെസ്ബിയൻ നേഷൻ തുടങ്ങിയ ഗ്രന്ഥങ്ങൾ സ്ത്രീ സ്വവർഗ്ഗ സൗന്ദര്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകൃതമായ ഗ്രന്ഥങ്ങളാണ്. 1788-ൽ മേരിവൂൾസ്റ്റൺ ക്രാഫ്റ്റ് പ്രസിദ്ധീകരിച്ച 'മേരി എ ഫിക്ഷൻ' റാഡ് ക്ലിഫ്

ഹാൾസിന്റെ 3 വെൽ ഓഫ് ലോൺലി നസ് (1921) ക്ലെയർ മോർഗൺന്റെ ദ പ്രിൻസ് ഓഫ് സോൾട്ട് (1969) റീതാ മെയ് ബ്രൗണിന്റെ റൂബി ഫ്രൂട്ട് ജംഗിൾ (1973) തുടങ്ങിയവ ലെസ്ബിയൻ കാഴ്ചപാടിനെ പ്രതിനിധാനം ചെയ്യുന്ന നോവലുകളാണ്. സാഹിത്യത്തിന്റെ നിരവധി മേഖലകളിൽ സ്ത്രീ സ്വവർഗ്ഗ സ്നേഹത്തിന്റെ ആവിഷ്ക്കാരങ്ങൾ ഉണ്ടായിട്ടുണ്ട്. പുരുഷനെ ആശ്രയിക്കാത്ത സ്ത്രീക്ക് ലൈംഗിക ജീവിതം സാധ്യമല്ലെന്ന സ്ഥിരധാരണയോട് നിഷേധം പുലർത്തുന്ന സ്ത്രീ സ്വവർഗ്ഗ സൗന്ദര്യ ശാസ്ത്രം ഫെമിനിസ്റ്റ് മുന്നേറ്റങ്ങളുടെ ചരിത്രത്തിലെ സുപ്രധാന മായ ഒരു ഏടാണ്.

**എലൈൻ ഷോവാൾട്ടർ**

സ്ത്രീവാദ വിമർശനത്തിലെ ശ്രദ്ധേയമായ ചിന്തകൾ അവതരിപ്പിച്ച വിമർശകയാണ് എലൈൻ ഷോവാൾട്ടർ, സ്ത്രീയെഴുത്തിനെ സ്ത്രീ ശരീരവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ചിന്തകളാണ് ഷോവാൾട്ടർ അവതരിപ്പിക്കുന്നത്. സ്ത്രീയെ പുരുഷനിൽ നിന്നും വേർതിരിക്കുന്ന സുപ്രധാന സംഗതി ശരീരവുമായി ബന്ധപ്പെട്ടതാണ്. സ്ത്രീയുടെ ശക്തിയും ഊർജ്ജവും കേന്ദ്രീകരിച്ചിരിക്കുന്നത് ശരീരത്തിലാണ്. രചനയെക്കുറിച്ചുള്ള പര്യാലോചനയിൽ പേനയും പുരുഷനും തമ്മിലുള്ള ബന്ധം കാലാകാലങ്ങളായി അംഗീകരിക്കപ്പെട്ടതാണ്. എന്നാൽ സ്ത്രീ എഴുത്തും ഗർഭപാത്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പ്രസ്താവിച്ചത് എലൈൻ ഷോവാൾട്ടർ ആണ്. ശരീരത്തിൽ നിന്നെഴുതുക എന്ന ഫ്രഞ്ച് ഫെമിനിസ്റ്റുകളുടെ കണ്ടെത്തൽ ഷോവാൾട്ടറുടെ ചിന്തകളുടെ തുടർച്ചയായി കണക്കാക്കാം.

സാഹിത്യത്തിന്റെ സ്വീകരണത്തിനോ നിരാകരണത്തിനോ വേണ്ടി പരമ്പരാഗത സിദ്ധാന്തങ്ങളെ കടമെടുക്കേണ്ട ആവശ്യമില്ലെന്ന് ഷോവാൾട്ടർ വ്യക്തമാക്കുന്നു. സ്ത്രീ സാഹിത്യത്തിന്റെ അവലോകനത്തിൽ സ്ത്രീയുടെതായ ചട്ടക്കൂട്ടിനകത്ത് രൂപപ്പെടുത്തിയ കാഴ്ചപാടിന്റെ ആവശ്യം മാത്രമേയുള്ളൂ. അതിനെ ഷോവാൾട്ടർ ഗൈനോക്രിട്ടിസിസം എന്നാണ് വിളിക്കുന്നത്. സാഹിത്യ മേഖലയിലെ പുരുഷാധികാരത്തെ അതിജീവിക്കാനുള്ള തന്ത്രങ്ങളുടെ കണ്ടെത്തൽ ഗൈനോക്രിട്ടിസിസത്തിന്റെ ധർമ്മത്തിൽ സുപ്രധാനമാണ്. പെണ്ണെഴുത്തിന്റെ ചരിത്രം, ശൈലി, പ്രമേയം തുടങ്ങിയവ ഗൈനോക്രിട്ടിസിസം സവിശേഷ പ്രധാന്യത്തോടെ പഠിക്കുന്നു. സ്ത്രീ പ്രതിഭയുടെ ശക്തിവിശേഷവും സ്ത്രീ ജീവിതത്തിന്റെ സൗഭാഗ്യവും സ്ത്രീ സാഹിത്യ ത്തെക്കുറിച്ചുള്ള വ്യവസ്ഥാപിത സങ്കല്പങ്ങളുടെ പരിണാമവും ഗൈനോക്രിട്ടിസിസത്തിൽ പെടുന്നു. പാർട്രിയാർക്കൽ വ്യവസ്ഥയുടെ നിരോധനങ്ങളെ അതിജീവിക്കേണ്ട സാഹിത്യകാരിയുടെയും വിമർശകരുടെയും ആകാംക്ഷനിറഞ്ഞ മാനസികാവസ്ഥ സ്ത്രീയുടെ ഇടം തേടലിൽ സുപ്രധാനമാണ്. സ്ത്രീവാദനിരുപണത്തിന് രണ്ടു മുഖങ്ങൾ ഉള്ളതായി ഷോവാൾട്ടർ വ്യക്തമാക്കുന്നു. വായനക്കാരി എന്ന നിലയിലും എഴുത്തുകാരി എന്ന നിലയിലും ഉള്ള സ്ത്രീയുടെ വിഭിന്ന പ്രതീകരണമാണ് ഈ രണ്ടു മുഖങ്ങൾ.

1977-ൽ എലൈൻ ഷോവാൾട്ടർ പ്രസിദ്ധീകരിച്ച അവരുടെ സ്വന്തം സാഹിത്യം ( A literature of their own) എന്ന ഗ്രന്ഥം സ്ത്രീ എഴുത്തിന്റെ ചരിത്രത്തെ ഘട്ടങ്ങളായി വിഭജിക്കുന്നുണ്ട്. 19-ാം നൂറ്റാണ്ടിന്റെ മധ്യഘട്ടം മുതൽ 20-ാം നൂറ്റാണ്ട് വരെയുള്ളത് സാഹിത്യത്തെ മൂന്നു ഘട്ടങ്ങളായി ഷോവാൾട്ടർ വിലയിരുത്തുന്നു. feminine feminist, female എന്നിങ്ങനെ മൂന്നു ഘട്ടങ്ങളെ ഷോവാൾട്ടർ പേരിട്ട് വിളിക്കുന്നു. പുരുഷരചനകളിലെ ലാവണ്യാത്മക സങ്കല്പങ്ങളെയും സ്ത്രീ കഥാപാത്രങ്ങളെയും അനുകരിക്കാനുള്ള ശ്രമമാണ് ഒന്നാം ഘട്ടത്തിലെ രചനകളിൽ കാണുന്നത്. 1840-

1880 വരെയുള്ള സ്ത്രീ രചനകളാണ് അനുകരണമെന്ന ഒന്നാം വിഭാഗത്തിൽപ്പെടുന്നത്. ഗാർഹികവും സാമൂഹികവുമായ വലയത്തിനകത്തു നിൽക്കുന്ന വിഷയങ്ങളാണ് ഈ രചനകളിൽ പ്രധാനമായി കടന്നു വരുന്നത്. എലിസബത്ത് ഗാഡ്കിൽ, ജോർജ്ജ് എലിയറ്റ് തുടങ്ങയവർ ഇക്കാലത്ത് രചന നിർവ്വഹിച്ചവരാണ്. 1880–1920 വരെയുള്ള ഫെമിനിസ്റ്റ് (പ്രതിഷേധഘട്ടം) കാലഘട്ടം നിലനിൽക്കുന്ന മൂല്ല്യ വ്യവസ്ഥയെയും അധികാരവ്യവസ്ഥയെയും ചോദ്യം ചെയ്യുന്നു. പുരുഷചിന്തകളോടും സങ്കല്പനങ്ങളോടും നിഷേധ മനോഭാവത്തോടെ ഏറ്റുമുട്ടുന്ന സ്ത്രീപക്ഷരചനകൾ ഈ കാലഘട്ടത്തെ സമ്പന്നമാക്കി. എലിസബത്ത് റോബിൻസ്, ഒലീവ് സീനർ ( Olive Schreiner) തുടങ്ങയവർ ഈ ഘട്ടത്തിലെ എഴുത്തുകാരാണ്. റാഡിക്കൽ ഫെമിനിസത്തിന്റെ തീവ്രത പ്രകടമാക്കുന്ന രചനകൾ ഈ ഘട്ടത്തിന്റെ സവിശേഷതയായിരുന്നു.

1920–മുതൽ വർത്തമാനഘട്ടം (1977) വരെയുള്ള സ്ത്രീ രചനകളാണ് female കാലഘട്ടത്തിൽ (സ്വത്വപ്രകാശനഘട്ടം) ഉൾപ്പെടുന്നത്. സ്വത്വാന്വോഷണത്തിന് പ്രധാന്യം കൊടുക്കുന്ന ഈ മൂന്നാം ഘട്ടം സ്ത്രീ പുരുഷബന്ധങ്ങളെയും

**ലൂസി ഇറിഗാറെ**

സ്ത്രീഭാഷയെക്കുറിച്ചുള്ള അന്വേഷണങ്ങളാണ് ഫ്രഞ്ച് ഫെമിനിസ്റ്റുകൾ പ്രധാനമായി നിർവ്വഹിക്കുന്നത്. പുരുഷമേധാവിത്വത്തിന്റെ ആവിഷ്കാരമാണ് ഭാഷയിലൂടെ നിർവ്വഹിക്കപ്പെടുന്നതെന്ന തിരിച്ചറിവ് ഇവരുടെ രചനകളുടെ കേന്ദ്രബിന്ദുവാണ്. speculam of the other (1974) The powers of discourse and the subordinatorn of the feminine എന്ന കൃതിയിലെ The sex which is not one രചനകളിലൂടെ ലൂസി ഇറിഗാറെ ശ്രദ്ധേയമായ സ്ത്രീ വാദ ചിന്തകൾ ആവിഷ്കരിച്ചു.

പ്ലേറ്റോ, ഫ്രോയിഡ്, ഹെഗൽ തുടങ്ങിയ പ്രസിദ്ധരുടെ ചിന്തകളെ വിമർശനാത്മകമായി ഈ ഗ്രന്ഥങ്ങളിൽ വിശകലനം ചെയ്യുന്നു. ഇവരുടെയെല്ലാം ചിന്താപദ്ധതി സ്ത്രീ /പുരുഷൻ എന്നീ ദ്വന്ദ്വവൈരുദ്ധ്യവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. ഈ ദ്വന്ദ്വങ്ങളിൽ ഒന്ന് (സ്ത്രീ) മറ്റേതിനെ ആശ്രയിച്ച് ബലമില്ലാത്ത അവസ്ഥയിൽ നിലകൊള്ളുന്നു. ഇവിടെ സ്ത്രീക്ക് ചുണ്ടികാണിക്കുന്ന സ്വത്വം മാത്രമേയുള്ളു. ദറിദയുടെ അപനിർമ്മാണ സിദ്ധാന്തമനുസരിച്ച് ഈ ദ്വന്ദ്വവൈരുധ്യത്തെ വിശകലനം ചെയ്യാൻ ഇറിഗാറെ ശ്രമിക്കുന്നു.

സ്ത്രീയുടെ അസ്തിത്വവും ഭാഷയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ആഴമുള്ള ഉൾക്കാഴ്ചകൾ ഇറി ഗാറെ അവതരിപ്പിക്കുന്നു. സ്ത്രീ ഭാഷയിലെ അസ്തിത്വം തന്നെയാണ് സ്ത്രീയുടെ അസ്തിത്വം. പുരുഷ നിർമ്മിത ഭാഷാശാസ്ത്രത്തിന്റെ സഹായത്തോടെ സ്ത്രീയുടെ സ്വത്വം യഥാർത്ഥമായി നിർവ്വചിക്കാൻ സാധിക്കുന്നില്ല. അവൾ സംസാരിക്കുന്നത് ഇടമുറിയുന്നതാണ്, അസത്യമാണ്. (ഭാഷാശാസ്ത്രം അനുസരിച്ച്) അതുകൊണ്ടുതന്നെ വർത്തമാനകാല അവസ്ഥവരെ നമ്മുടെ സമൂഹം പുലർത്തിപ്പോരുന്ന ശരിയും സാഹിത്യ സങ്കല്പനവും മാറ്റി വയ്ക്കാതെ സ്ത്രീ സ്വത്വത്തെ തിരിച്ചറിയാൻ സാധ്യമല്ല. (Irigaray, Luce, 1977:5)4 സ്ത്രീയുടെ വൈവിധ്യവും അനിശ്ചിതത്വവും അവളുടെ സ്വത്വത്തിന്റെ മുഖ്യ സവിശേഷതയായി ഇറിഗാറെ കണ്ടെത്തുന്നു. when our lips speak together എന്ന കാവ്യത്തിൽ ഇറിഗാറെ വൈവിധ്യമാർന്ന വ്യഖ്യാനങ്ങളും അർത്ഥ സാധ്യതകളുമുള്ള സ്ത്രീ എഴുത്തിനെ അവതരിപ്പിക്കുന്നുണ്ട്. സ്ത്രീ രചനയുടെ വൈവിധ്യവും പ്രവാഹ സ്വഭാവും സ്ത്രൈണാസ്തിത്വത്തിന്റെ അന്വേഷണമാണ് നിർവ്വഹിക്കുന്നത്. സ്ത്രീസ്വത്വവും ഭാഷയും വഴിതെളിക്കുന്ന സാധ്യതകളെ കുറിച്ച്

ഇറിഗാറെ വിശദമാക്കുന്നു.

ലൂസി ഇറിഗാറെയുടെ ചിന്തകളിൽ gendered sentense എന്നൊരു കാഴ്ചപ്പാട് കടന്നു വരുന്നുണ്ട്. വാക്യങ്ങൾ സ്ത്രീകളെക്കുറിച്ചുള്ള പരാമർശങ്ങളിലേയ്ക്ക് നീങ്ങുമ്പോൾ പുരുഷ നിർമ്മിതഭാഷയുടെ സാധാരണ രൂപത്തിൽ നിന്ന് വ്യതിചലിക്കുന്നതായി അവർ ചൂണ്ടികാണിക്കുന്നു. പുരുഷ നിർമ്മിതഭാഷയുടെ അപനിർമ്മാണവും സ്ത്രീ ഭാഷയുടെ ആധികാരികതയെക്കുറിച്ചുള്ള അന്വേഷണവും ലൂസി ഇറിഗാറെയുടെ ചിന്തകളെ വ്യത്യസ്തമാക്കുന്നു.

**ജൂലിയ ക്രിസ്റ്റേവ**

നോവൽ കാർണിവൽ തുടങ്ങിയ സങ്കല്പനങ്ങളെ പരിചയപ്പെടുത്തുവാൻ ക്രിസ്റ്റേവയുടെ ഫ്രഞ്ച് പ്രബന്ധങ്ങൾക്ക് സാധിച്ചു. സെമനാലിസിസ് (semanalisis) എന്ന വിശകലന രീതിയാണ് സാഹിത്യപഠനത്തിനായി ക്രിസ്തവ സ്വീകരിച്ചത്. അർത്ഥത്തെയും ആർത്ഥിക ഘടകങ്ങളെയും നിയമങ്ങളെയും കുറിച്ചുള്ള വിമർശനമാണ് സെമനാലിസിസ് എന്ന് ക്രിസ്റ്റേവ തന്നെ വിശദമാക്കുന്നുണ്ട്. ഭാഷയുടെ സ്വനം, താളം, എഴുതൽ തുടങ്ങിയ ഭൗതിക സ്വഭാവത്തിന് പ്രധാന്യം കൊടുക്കുന്ന സമീപനമാണ് ക്രിസ്റ്റേവ സ്വീകരിച്ചത്. ഭാഷയുടെ ആശയവിനിമയപരമായ ധർമ്മത്തിന് രണ്ടാം സ്ഥാനം മാത്രമേ ക്രിസ്റ്റുവ നൽകുന്നുള്ളു. ഭാഷയുടെ ആശയവിനിമയപരമായ ധർമ്മത്തെ പഠിക്കാൻ നിലനിൽക്കുന്ന ഭാഷാപഗ്രഥന രീതികൾ മതിയാവും. എന്നാൽ സാഹിത്യ ഭാഷയുടെ അപഗ്രഥനത്തിന് കുറെകൂടി സൂക്ഷമമായ രീതി ആവശ്യമായി വരുന്നു. സാഹിത്യഭാഷ (കാവ്യഭാഷ) ബഹുസ്വരമുള്ളതാണ്. വൈവിധ്യമാർന്ന അർത്ഥത്തിന്റെ അടരുകൾക്കുള്ള സാധ്യത സാഹിത്യഭാഷയിൽ ഉണ്ട്. അതുകൊണ്ട് സാഹിത്യഭാഷയെ നിശ്ചല രൂപമായി വിശകലനം ചെയ്യുന്ന ചിഹ്ന വിജ്ഞാനികളുടെ കാഴ്ചപ്പാടിനെ അവർ അംഗീകരിക്കുന്നില്ല. ഭാഷയുടെ ബഹു സ്വരവും അബോധപരവുമായ തലങ്ങൾ മനസ്സിലാക്കാൻ പര്യാപ്തമായ ഒരു വിശകലനരീതിയെ ക്രിസ്തുവ അവതരിപ്പിക്കുന്നു.

എല്ലാ ചിഹ്ന പ്രക്രിയകളും രണ്ടുതരം രീതിവ്യവസ്ഥകൾ പാലിക്കുന്നതായി ക്രിസ്തവ വിവരിക്കുന്നുണ്ട്. 1974-ൽ revolution in poetic language എന്ന ഗവേഷണപ്രബന്ധത്തിലാണ് ഈ ചിഹ്ന വിജ്ഞാനീയ സങ്കല്പം ക്രിസ്തവ അവതരിപ്പിക്കുന്നത്. ഒരു കൃതിയിലെ അർത്ഥസൂചന പ്രക്രിയക്ക് രണ്ടു തലങ്ങളുള്ളതായി ക്രിസ്റ്റേവ വിശദമാക്കുന്നു. ഫീനോടെക്സ്റ്റ്, ജീനോടെക്സ്റ്റ്. ആശയവിനിമയത്തിനുള്ള ഭാഷയും ഭാഷാപഗ്രഥനത്തിനുള്ള വിഷയവുമാണ് ഫീനോടെക്സ്റ്റ്. ഭാഷയുടെ അടിസ്ഥാനവും അർത്ഥസൂചന നടക്കുന്ന പ്രക്രിയയുമാണ് ജീനോടെക്സ്റ്റ് ഈ ഘടകങ്ങൾ ഒരുമിച്ചാണ് ഭാഷയിൽ പ്രത്യക്ഷപ്പെടുന്നത്. (ലാംഗ്, പരോൾ എന്നീ സങ്കല്പനങ്ങളുമായുള്ള സാമ്യം ശ്രദ്ധിക്കുക) സ്ത്രീ അവസ്ഥയെക്കുറിച്ച് പര്യാലോചിക്കുവാൻ ചിഹ്ന വിജ്ഞാനീയ സങ്കല്പമാണ് ക്രിസ്തുവയ്ക്ക് സഹായകമാകുന്നത്. ചിഹ്നപരമായ ഘട്ടം സ്ത്രൈണ വ്യവഹാരമായാണ് ക്രിസ്റ്റേവ കാണുന്നത്. അതു മാതൃശരീരത്തിന്റെ ആധിപത്യഘട്ടമാണ്. എന്നാൽ ചിഹ്നപരമായ ഘട്ടത്തിൽ നിന്ന് പ്രതീ കാത്മകഘട്ടത്തിലെത്തുമ്പോൾ പിതൃ നിയമത്തിന്റെ ശക്തമായ സ്വാധീനം ഉണ്ടാകുന്നു.

**ഹെലൻ സിക്സൗണ്**

ഫെമിനിസ്റ്റ് ഭാഷാവിശകലനത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ ഹെലൻ സിക്സൗസിന്റെ ഗ്രന്ഥങ്ങൾ വളരെയധികം പ്രധാന്യമർഹിക്കുന്നു. ഫ്രഞ്ച് ഫെമിനിസ്റ്റായ

ഹെലൻ വാക്യ രചനയിലെ ലിംഗവ്യത്യാസത്തെക്കുറിച്ച് ഗൗരവമേറിയ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ലക്കാന്റെ പഠനങ്ങളിലെ സ്ത്രീ സങ്കല്പത്തെ ചോദ്യം ചെയ്യുന്ന നിലപാടാണ് ഹെലൻ സ്വീകരിച്ചിട്ടുള്ളത്. സംസ്കാരത്തിലുള്ള പുരുഷ മേൽക്കോയ്മയുടെ അനിവാര്യതയെ ചോദ്യം ചെയ്യുന്ന സമീപനമാണ് ഹെലന്റെ രചനക്കുള്ളിൽ കാണുന്നത്. സ്ത്രൈണവ്യത്യാസത്തിന്റെ ഉൾക്കൊള്ളൽ ഹെലനെ സംബന്ധിച്ച് പ്രധാനമാണ്. സ്ത്രൈണവ്യത്യാസം സ്ത്രീ ശരീരത്തിൽ നിന്നും സ്ത്രീ ഗാത്ര സംബന്ധിയായ അനുഭവങ്ങളിൽ നിന്നും ഉണ്ടാകുന്ന ബോധമാണ്. സ്ത്രീ എഴുതുന്നത് ശരീരം കൊണ്ടാണെന്ന ചിന്തയാണ് ഹെലൻ അവതരിപ്പിച്ചത്. നാനാർത്ഥമുള്ള വാക്കുകളുടെ പ്രയോഗം, ആശയാവർത്തനം, വാക്കുകളുടെ ആവർത്തനം, കേന്ദ്രീകൃതമല്ലാത്ത വീക്ഷണ കോണിന്റെ ഉപയോഗം ഇവയിലൂടെയൊക്കെയാണ് ശരീരരചന സാധ്യമാകുന്നത്. സ്ത്രീയുടെ അസ്തിത്വം ശരീരനിഷ്ഠമാണെന്നും സ്ത്രീകൾ മനസിലൂടെയല്ല, ശരീരത്തിലൂടെയാണ് അനുഭവിക്കുന്നതെന്നും അതുകൊണ്ട് അവളുടെ സൃഷ്ടി ശരീരത്തിലൂടെയാണെന്നുമാണ് ഹെലൻ സിക്സാസ് അഭിപ്രയപ്പെടുന്നത്.

ചിരിക്കുന്ന മെഡൂസ (The laugh of Medusa-1976) എന്ന പ്രസിദ്ധമായ വിമർശത്തിൽ സ്ത്രീ സ്വത്വാന്വേഷണത്തിന്റെ പ്രധാന്യത്തെക്കുറിച്ച് സിക്സൗസ് വിശദമാക്കുന്നുണ്ട്. സ്ത്രീകളെ അഭിസംബോധന ചെയ്തുകൊണ്ട് രചിച്ച ഈ കൃതിയെ സ്ത്രീകളുടെ മാനിഫെസ്റ്റോ എന്ന് ഫെമിനിസ്റ്റ് നിരൂപകർ വിളിക്കുന്നു. സ്വന്തം ശരീരത്തിൽ നിന്നും സർഗ്ഗാത്മകതയിൽ നിന്നും ഒഴിവാക്കപ്പെട്ടവരാണ് സ്ത്രീകളെന്ന് സിക്സൗസ് വ്യക്തമാക്കുന്നു. ഈ അവഗണനകളിൽ നിന്ന് മോചനം പ്രാപിച്ച് ശ്രേഷ്ഠ രചനകളിലൂടെ സാഹിത്യ ചരിത്രത്തിൽ സ്ഥാനം പിടിക്കാൻ സിക്സൗസ് സ്ത്രീകളെ പ്രേരിപ്പിക്കുന്നു. സ്ത്രീ അവളുടെ ശരീരത്തെ എഴുത്തിലേയ്ക്ക് പ്രവേശിപ്പിക്കേണ്ടതിന്റെ ആവശ്യകത സിക്സസ് ഈ ലേഖനത്തിൽ ഊന്നി പറയുന്നു. പിതൃ കേന്ദ്രീത ഭാഷയുടെ രൂഢാവസ്ഥയെ മറികടന്ന് ഏക ശിലാ രൂപമല്ലാത്ത സ്ത്രീ സ്വത്വത്തിന്റെ യഥാർത്ഥ ആവിഷ്ക്കരണത്തിന് ശ്രമിച്ച വ്യക്തിയെന്ന നിലയിൽ സിക്സൗസിന് നവ വിമർശനത്തിൽ സുപ്രധാന സ്ഥാനമാണുള്ളത്

വൈവിധ്യമായ കാഴ്ച്ചപ്പാടോടു കൂടി സ്ത്രീ വാദത്തിന്റെ ഭിന്നമായ മുഖങ്ങൾ രൂപംകൊള്ളുന്നു. സ്വന്തം ഭാഗധേയം തിരഞ്ഞെടുക്കുവാനുള്ള അവകാശം സ്ത്രീയ്ക്ക് കരഗതമാവുക വഴി സ്ത്രീ വിമോചനം സാധ്യമാകുമെന്ന് ലിബറൽ ഫെമിനിസം വ്യക്തമാക്കുന്നു. വർഗ്ഗ വിപ്ലവത്തിലൂടെ സ്ത്രീകളെ അധമാവസ്ഥാവ സാനിക്കുമെന്ന കാഴ്ച്ചപ്പാടും സോഷ്യലിസ്റ്റ് ഫെമിനിസം അവതരിപ്പിച്ചു. പെണ്ണായി ജനിച്ചതുകൊണ്ട് മാത്രം ആൺകോയവ്യവസ്ഥയ്ക്കൊത്ത് ചരിക്കേണ്ടി വന്നതിലെ നീതി രാഹിത്യത്തോടും ലൈംഗിക കാഴ്ച്ചപ്പാടിലെ വൈരുധ്യാത്മകതയോടും സ്ഫോടനാത്മകമായി പ്രതികരിക്കാനാണ് റാഡിക്കൽ ഫെമിനിസം ശ്രമിച്ചത്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിലെ ചൂഷണഭാവത്തെ സ്ത്രീ അവസ്ഥകളിൽ ദർശിക്കുവാനും പുതിയ പാരായണ സാധ്യതകൾ അവതരിപ്പിക്കുവാനും ആണ് ഇക്കോഫെമിനിസം ശ്രമിക്കുന്നത്. ഫെമിനിസ്റ്റ് സാഹിത്യവിമർശനം സ്ത്രീ എഴുത്തിന്റെ സവിശേഷതകളെ വിലയിരിത്തുന്നതോടൊപ്പം പുരു ഷ രചനകളിലെ സ്ത്രീ വിരുദ്ധ സമീപനങ്ങളെ ചോദ്യം ചെയ്യാൻ ശ്രമിക്കുന്നു. പുരുഷ വിദ്വേഷത്തിന്റെ

മുഖമുദ്രകുത്തി അകറ്റി നിർത്തുമ്പോഴും മനുഷ്യനന്മയ്ക്കുവേണ്ടി യത്നിക്കുന്ന സ്വതന്ത്രവീക്ഷണമാണ് പരോക്ഷമായി സ്ത്രീ എഴുത്ത് നിർവ്വഹിക്കുന്നത്. സ്ത്രീ സ്വാതന്ത്ര്യം തുറന്നിടുന്ന ആകാശം മനുഷ്യമോചനത്തിന്റെ പുതിയ ഇടമായിരിക്കും.

JOURNAL OF dbct
VOLUME 10(2)
SEPTEMBER 2023
ISSN: 2348 - 7984



## കുറിപ്പുകൾ

1. All I could do was to offer you an option upon one minor point. A women must have money and a room of her own. If she is to write fiction; and that as you will see lives a great problem of the true nature of women and the true nature of fiction unsolved. (Wolf, verginia, 1929:198)
2. First tere are nine months before the baby is born, then there are four months spend in feeding the baby. After the baby is feed there are certain weeks, five years spend in playing with the baby. Mean while his extraordinary gifted sisiter, let us surprised, remain at have, she was an adventorous, an imaginative, to see the world as he was but she was not send to school.(Woolf, Virginia, 1929:198)
3. He is the one she the other. Beavuoir, Simoned, 1949:50)
4. The sex which is not one. (Irrigaray, Luce; 1977 :5)

## ആധാരസൂചി

1. കാരശ്ശേരി, എം.എൻ. 2000 സാഹിത്യസിദ്ധാന്ത ചർച്ച, കാന്റ് ബുക്സ്, കോട്ടയം.
2. മ്യൂസ് മേരി ജോർജ്ജ് (എ.ഡി.) 2003 സ്ത്രീപക്ഷ മാധ്യമ പഠനങ്ങൾ, കറന്റ് ബുക്സ്, കോട്ടയം.
3. രവീന്ദ്രൻ.പി.പി.2006 വീണ്ടെടുപ്പുകൾ സാഹിത്യം സംസ്കാരം ആഗോളത, ഡി.സി. ബുക്സ്, കോട്ടയം.
4. രാജേഷ് ചിറപ്പാട്, രാജേഷ്.കെ. എരുമേലി 2014 സൗന്ദര്യശാസ്ത്രം ചരിത്രവും വികാസവും, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
5. രാധിക.സി.നായർ, ഡോ.2001 സമകാലിക സാഹിത്യ സിദ്ധാന്തം ഒരു പാഠപുസ്തകം കറന്റ് ബുക്സ്, കോട്ടയം,
6. സുകുമാരൻ, വി, പ്രൊ. 2011 സ്ത്രീ എഴുത്തും അബോധസഞ്ചാരങ്ങൾ, ഡി.സി ബുക്സ് കോട്ടയം.
7. സെബാസ്റ്റ്യൻ വട്ടമട്ടം, 2014 ഭാഷയുടെ അബോധസഞ്ചാരങ്ങൾ, ഡി.സി. ബുക്സ് കോട്ടയം.
8. Beavuoir, Simoned 1949 Second Sex, Penguin, books.
9. Irrigaray, Luce, 1977 The sex which is not one, Cornell, University Press.
10. Woolf, Virginia, 1929 A Room of one's own, Hogarth Press, England.

# AUTHOR GUIDELINES

The authors are requested to prepare their manuscripts as per the instructions or specifications given below. It should be noted that the review process is solely depend upon the significance of the work and the care used by authors to represent it, in the form of their manuscripts. Therefore, authors are strongly encouraged to read these instructions carefully before preparing/ submitting their manuscript for publication. The Chief Editor reserves the right to make any necessary changes in the papers, or request the author to do so, or reject the paper submitted.

**Criteria for Manuscript**

Submitted manuscripts must meet the following criteria:

1. The material must be original.
2. The writing must be clear, concise and unambiguous.
3. The data should be valid
4. The discussions and conclusions drawn by the authors must be reasonable and supportable.
5. The information must be relevant and interesting.

**Manuscript Type**

1. Full length Research papers
2. Review articles
3. Short communications and Case reports

**Manuscript Preparation**

Page format: Manuscript should be typewritten in Times Roman, 12 font size, line space:1.5, title should be in a font size 14, bold face capitals, with margins of at least one (1.cm) on all sides (Justified). All figures and tables should be in the body of the text.

Fonts: Times New Roman and font size should be 12.

Tables: Tables should be numbered consecutively using Arabic numerals and should be in the text it self should have an explanatory caption that should be as concise as possible.

And Figures and Images: The figures and images should be clear, easy to read and of good quality. All the figures/images must be in the text and be numbered with Arabic numerals.

**The order of Manuscript**

1. Title page with affiliation and email of corresponding author
2. Abstract
3. Keywords
4. Introduction
5. Materials and Methods
6. Results and Discussion
7. Conclusion
8. Acknowledgements (if any)
9. References

**1.Title page**

Title (Short title) (Font Size: 14)

The title should be relatively short but informative. If a long title is necessary, please prepare an optional short title.

Names (s) of author (s) (Font size:12)

[12/16, 13:32] Good Shepherd Press: A list of all authors of the paper should be prepared. It

should contain full name. Name and address of workplace (s)
Authors affiliations should be indicated in this section. Personal E-mail ID's and mobile number. At least one e-mail address and contact mobile number are needed. It will be used as the correspondine
author's email address in all contacts with the authors.

**2. Abstract**
An abstract must accompany every article. It should be a brief summary of the significant items of the main paper. An abstract should give concise information about the content of the core idea of your paper It should be informative and not only present the general scope of the paper but also indicate the main results and conclusions. An abstract should not normally exceed 250 words.

**3. Keywords**
List of all keywords proposed by the authors, separated by commas. Up to 5 key terms can be selected. It should present the subject of paper clearly, indicate the scope of the subject, and present the goals of

**4.Introduction**
paper, novelty of research work and finally the organization of paper.

**5. Materials and Methods**
Animals, chemicals and permission from animal ethical committee should be in the first paragraphs. Newly introduced techniques should be described in detail to allow easy repetition. Any modification should be mentioned briefly, with proper references. Techniques which have been previously described should be mentioned in brief only, with proper references, unless they were published in sources that are not easily accessible. The experimental part should be written in sufficient detail to enable others to repeat the authors' work. Chemical compounds should be named according to the systematic rules of IUPAC or Chemical Abstracts. Units and dimensions should be expressed according to the metric system and SI units.

**6. Results and Discussion**
It may be combined or kept separate and may be further divided into subsections. It should deal with the major findings and their explanation/interpretations.

**7. Conclusion**
It should represent the summary of the important findings.

**8.Acknowledgements**
Information concerning research grant support and the assistance of colleagues or similar notes of appreciation should appear in Acknowledgements section at the end of the paper.

**9.References**
The references should be cited in the text in large brackets not in superscript or subscript. A complete reference should comprise the following:

**Mode of citation of references**

- An article in a journal

Author's Initials Surname. Journal, year, volume, issue, page no. (without prefixes like Dr./ Prof. eMM Youle; DA Hawkins; P Collins; DC Shanson; R Evans; N Oliver; Lawrence A. Lancer, 1988. 2

- A book

[12/16, 13:32] Good Shepherd Press: Author's Initials Surname. Title, Edition, Publisher, Place of publication, Year of publication; page no.RL Ashley. In Laboratory Diagnosis of Viral Infections, 3rd ed., Marcel Dekker, New York, 1999; pp489-513.

- A thesis

Author's Initials Surname. MSc/PhD/DSc thesis, University (town, country, year of publication).
RJ David. PhD thesis, Edinburgh University (Edinburgh, UK, 1998).
Patents Patents : AB Inventorl, CD Inventor, (Holder), Country Code and patent number (Registration year).

For articles in Malayalam, Sanskrit and Hindi the manuscript to be prepared in Adobe PageMaker at a Font size:12., UNICODE (Please Provide the copy of the fonts used.)
The authors should submit print out of the paper to the Chief Editor and soft copy of their manuscript at: journal.dbct@gmail.com